32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00


# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 28, 2024 | Vol. XXXII No. 26 | Periodicals Postage Paid



A Trusted Compassionate

**Partner in Senior Care Excellence.**

We recognise that senior care is about nurturing a genuine sense of belonging. We are dedicated to providing more than just assistance. We offer a safe haven where the elderly can thrive in a nurturing, loving environment. Here, every resident is cherished, respected, and made to feel truly at home.

**Our Services**
* Dementia Care
* Respite Care
* Stroke Rehabilitation
* Palliative Care

**Why Choose Kancare?**
* Residential Care
* 24×7 Medical Support
* Homely Meals
* Individual Care Plans

Give your loved ones
**The Care They Deserve**

kancare
CONTEMPLATIVE CARE

Call: 0484- 4055022
Mob: +91 9497 380 999 / 9497 380 888
www. kancare.in

IDEAL AVENUE, Vadavucode P.O,
**Kangarappady,** Holy cross Road,
Ernakulam - 682021

24/2181 Rajiv Gandhi Nagar Road,
**Kakkanad,** CSEZ P O,
KOCHI 682037

# റഷ്യയിൽ പള്ളികൾക്കും സിനഗോഗിനും നേരെ വെടിവെപ്പ്; 16 മരണം


മോസ്കോ: റഷ്യയിൽ സിനഗോഗുകൾക്കും പള്ളികൾക്കും പോലീസ് പോസ്റ്റിനും നേർക്ക് അജ്ഞാതരായ ഒരുകൂട്ടം അക്രമികൾ നടത്തിയ വെടിവെപ്പിൽ പുരോഹിതൻ ഉൾപ്പെടെ 16 പേർ മരിച്ചു. ഞായറാഴ്ച റഷ്യയിലെ ഡാഗെസ്റ്റനിലെ നോർത്ത് കോക്കസ് മേഖലയിലാണ് സംഭവമെന്ന് പ്രദേശത്തിന്റെ ഗവർണർ അറിയിച്ചു. ഡാഗെസ്റ്റനിലെ ഏറ്റവും വലിയ നഗരമായ മാഖച്കാലയിലും തീരനഗരമായ ഡെർബെന്റിലും ആക്രമണം ഉണ്ടായി. ഭീകരാക്രമണമെന്നാണ് ഗവർണർ സെർജി മെലികോവ് ഇതിനെ വിശേഷിപ്പിച്ചത്.

ആക്രമണം നടത്തിയവരിൽ നാലു പേരെയും ഡെർബന്റിൽ രണ്ടു പേരെയും പോലീസുകാർ വധിച്ചു. പോലീസുകാരെ കൂടാതെ ഓർത്തഡോക്സ് സഭയുടെ പുരോഹിതനും മറ്റുള്ളവരും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. ആക്രമണത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല.



Visit Our Website: www.keralaexpress.com


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Price $1.00

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com


4 വയനാട്ടിലെ ജനങ്ങൾക്ക് രാഹുലിന്റെ കത്ത്
8 കേരളത്തിൽ ഇനി 'കോളനി' ഇല്ല
9 സാൻ അന്റോണിയോ നഗരം ഒരുങ്ങി
12 മാർത്തോമ്മാ ശ്ലീഹായുടെ തിരുനാൾ
20 കോൺസൽ വിജയകൃഷ്ണന്ന് യാത്രയയപ്പ് നല്കി

### ജൂലൈ നാലു മുതൽ ഏഴ് വരെ

## പെന്തെക്കോസ്ത് മഹാസമ്മേളനത്തിന് ഹൂസ്റ്റൺ പട്ടണം ഒരുങ്ങി

നിബു വെള്ളവന്താനം
(നാഷണൽ പബ്ലിസിറ്റി കോ– ഓർഡിനേറ്റർ)

SPEAKERS PCNAK 2024



Pr. Vlad Suvchuk | Apostle Dr. Julius Subi | Rev. Dr. Tim Hill | Andres Bissonni | Pr. Justin Samuel | Pr. Faith Blesson Pallipad | Dr. Angel Elsa Varghese (UK)

ഹൂസ്റ്റൺ: നോർത്ത് അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യൻ കമ്യൂണിറ്റിയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് മഹാസമ്മേളനത്തിന് ജൂലൈ നാലിന് തിരശ്ശീല ഉയരുകയാണ്. നാലു ദിവസം നീണ്ടുനില്ക്കുന്ന ആയിരങ്ങൾ പങ്കെടുക്കുന്ന സുവിശേഷ മഹാസമ്മേളനത്തിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്. പങ്കെടുക്കുന്ന വിശ്വാസികൾ ആത്മീയ ഉന്നതി പ്രാപിക്കുക, കൂട്ടായ്മകളും സൗഹൃദങ്ങളും ബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടനാ വ്യത്യാസം കൂടാതെ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ ഒന്നാണെന്ന് വിളിച്ചോതുന്ന ആത്മീയ സമ്മേളനത്തിനാണ് ഹൂസ്റ്റൺ പട്ടണം ഒരുങ്ങുന്നത്. 2024 ജൂലൈ നാലു മുതൽ ഏഴു വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവൻഷൻ സെന്ററിൽ വെച്ചാണ് ദേശീയ കോൺഫറൻസ് നടത്തപ്പെടുന്നത്.

മലങ്കരയുടെ മണ്ണിൽനിന്നും അമേരിക്കയിലേക്ക് കുടിയേറി പാർത്ത പിതാക്കന്മാർ, ത്യാഗമനോഭാവത്തോടെ നട്ടുവളർത്തിയ ഈ കൂട്ടായ്മ ഏകദേശം നാല് പതിറ്റാണ്ടിലേക്ക് പ്രവേശിച്ചിരിക്കുന്നു. കലവറയില്ലാതെ ചൊരിയപ്പെടുന്ന ദൈവകൃപയും ദൈവമക്കളുടെ ഐക്യതയും കോൺഫറൻസുകളിൽ എടുത്തുപറയേണ്ട സുപ്രധാന ഘടകങ്ങളാണ്.

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ സമ്മേളനത്തിൽ വ്യത്യസ്തമായ ദൈവികാനുഭവങ്ങളെ അറിയുവാനും (ശേഷം 24-ാം പേജിൽ)

## മാവോയിസ്റ്റ് ആക്രമണം: മലയാളി ഉൾപ്പെടെ രണ്ട് ജവാന്മാർക്ക് വീരമൃത്യു



ആർ. വിഷ്ണു

തിരുവനന്തപുരം: ഛത്തീസ്ഗഡിൽ സുഖ്മ ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ കുഴിബോംബ് സ്ഫോടനത്തിൽ സിആർപിഎഫ് 'കോബ്ര' യൂണിറ്റിലെ മലയാളി ഉൾപ്പെടെ രണ്ട് ജവാന്മാർക്കു വീരമൃത്യു. കോൺസ്റ്റബിൾമാരായ തിരുവനന്തപുരം നന്ദിയോട് പൊട്ടൻചിറ ഫാം ജംക്ഷൻ അനിഴത്തിൽ ആർ. വിഷ്ണു (35), യുപി സ്വദേശി ശൈലേന്ദ്ര (29) എന്നിവരാണു കൊല്ലപ്പെട്ടത്. ഇരുവരും സഞ്ചരിച്ച ട്രക്ക് കുഴിബോംബ് സ്ഫോടനത്തിൽ തകരുകയായിരുന്നു. (ശേഷം 24-ാം പേജിൽ)

## പതിനെട്ടാമത് ലോക്സഭാ സമ്മേളനത്തിന് തുടക്കമായി

ന്യൂഡൽഹി: മൂന്നാം മോദി സർക്കാർ അധികാരമേറ്റ ശേഷമുള്ള ആദ്യ ലോക്സഭാ സമ്മേളനം ജൂൺ 24-ന് തുടങ്ങി. പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ 24-നും 25-നും നടക്കും. 26-നാണു സ്പീക്കർ തെരഞ്ഞെടുപ്പ്. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളെയും 27-ന് അഭിസംബോധന ചെയ്യും. രാജ്യസഭയും അന്നു മുതലാണു സമ്മേളിക്കുക. രാഷ്ട്രപതിയുടെ പ്രസംഗത്തിനു നന്ദി അറിയിച്ചുള്ള പ്രമേയത്തിൻമേലുള്ള ചർച്ച 28-ന് ആരംഭിക്കും. ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജൂലൈ രണ്ടിനോ മൂന്നിനോ മറുപടി പറയും. അന്നു പിരിയുന്ന സമ്മേളനം പിന്നീട് ബജറ്റ് അവതരണത്തിനായി ജൂലൈ മൂന്നാം വാരം ചേരും.

അംഗങ്ങളുടെ സത്യപ്രതിജ്ഞയടക്കമുള്ള നടപടിക്രമങ്ങളാണ് അജൻഡയിലുള്ളതെങ്കിലും പരീക്ഷാ ക്രമക്കേട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിനെതിരെ ഇന്ത്യാസഖ്യം രംഗത്തിറങ്ങും. പാർലമെന്റിൽ ഒറ്റക്കെട്ടായി മൂന്നാം മോദി സർക്കാരിനെ തുടക്കം മുതൽ പ്രതിരോധത്തിലാക്കാനാണു പ്രതിപക്ഷ നീക്കം.

അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്താനുള്ള പ്രോടെം സ്പീക്കറായി സഭയിലെ ഏറ്റവും മുതിർന്ന അംഗമായ കൊടിക്കുന്നിൽ സുരേഷിനെ തഴഞ്ഞ് ബിജെപി എംപി ഭർതൃഹരി മെഹ്താബിനെ നിയമിച്ചതിൽ കോൺഗ്രസ് തർക്കമുന്നയിക്കും.



18-ാം ലോക്സഭയിലെ ആദ്യ പ്രതിപക്ഷ പ്രതിഷേധവും ഈ വിഷയത്തിലായിരിക്കുമെന്നു കോൺഗ്രസ് നേതാക്കൾ പറഞ്ഞു. ഒപ്പം നിൽക്കാൻ ഇന്ത്യാസഖ്യത്തിലെ മറ്റു കക്ഷികളെ കോൺഗ്രസ് ബന്ധപ്പെട്ടിട്ടുണ്ട്.

(ശേഷം 24-ാം പേജിൽ)

## നീറ്റ് പരീക്ഷയിലെ ചോദ്യപേപ്പറിൽ 68 ചോദ്യങ്ങൾ കത്തിക്കരിഞ്ഞ നിലയിൽ

ന്യൂഡൽഹി: ബിഹാറിലെ സാമ്പത്തിക കുറ്റകൃത്യ യൂണിറ്റ് (ഇഒയു) കണ്ടെടുത്ത ചോദ്യപേപ്പർ പകർപ്പിന്റെ കത്തിക്കരിഞ്ഞ അവശിഷ്ടങ്ങളിലുള്ള 68 ചോദ്യങ്ങൾ നീറ്റ യുജി പരീക്ഷയുടെ ചോദ്യപേപ്പറിലേതു തന്നെയെന്ന് കണ്ടെത്തി.

വിദ്യാഭ്യാസ മന്ത്രാലയത്തിനു ലഭിച്ച ഇഒയു റിപ്പോർട്ടിൽ, അറസ്റ്റിലായ ഉദ്യോഗസ്ഥർ താമസിച്ചിരുന്ന വീട്ടിൽ നിന്ന് കണ്ടെടുത്ത കത്തിച്ച ചോദ്യപേപ്പറിന്റെ അവശിഷ്ടങ്ങളിൽ നിന്ന് ഒരു സ്കൂളിന്റെ പരീക്ഷാകേന്ദ്രവും കോഡും കണ്ടെത്തിയിട്ടുണ്ട്.

ഝാർഖണ്ഡിലെ ഹസാരിബാഗിലെ സ്വകാര്യ സ്കൂളായ ഒയാസിസ് സ്കൂളിലേക്കുള്ള ചോദ്യപേപ്പറുകളായിരുന്നു ഇത്. കണ്ടെടുത്ത അവശിഷ്ടങ്ങൾ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കും. ബിഹാർ പോലീസാണ് സിബിഐക്ക് നിർണായക വിവരം കൈമാറിയത്. ഇതിനിടെ നീറ്റ് ക്രമക്കേടിൽ ഇഡി അന്വേഷണം ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. കുറ്റാരോപിതർ കള്ളപ്പണം വെളുപ്പിച്ചിട്ടുണ്ടെന്നാണ് ഹർജിക്കാരുടെ വാദം. ഡൽഹി സിബിഐ യൂണിറ്റിലെ ഉദ്യോഗസ്ഥരെ നാല് സംഘങ്ങളായി തിരിച്ചാണ് അന്വേഷണം പുരോഗമിക്കുന്നത്. എൻടിഎയിലെ ചില ഉദ്യോഗസ്ഥർ അടക്കമുള്ളവർക്ക് സിബിഐ ചോദ്യം ചെയ്യലിന് നോട്ടീസ് നല്കും.


ചോദ്യപേപ്പർ ചോർച്ചയിൽ പങ്കാളിയായ ഒരദ്ധ്യാപകനെ സിബിഐ കസ്റ്റഡിയിലെടുത്തതായും വിവരമുണ്ട്. പരീക്ഷകളുടെ സുതാര്യത ഉറപ്പാക്കാൻ കേന്ദ്രം നിയോഗിച്ച സമിതിയുടെ ആദ്യയോഗം ഡൽഹിയിൽ ചേർന്നു. ഐഎസ്ആർഒ മുൻ ചെയർമാൻ കെ. രാധാകൃഷ്ണനാണ് സമിതി ചെയർമാൻ. സുബോദ് കുമാറിനു പകരം എൻടിഎ ഡെപ്യൂട്ടി ജനറലായി വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥൻ പ്രദീപ് സിങ് കരോൾ ചുമതലയേറ്റു.

നീറ്റ്-യുജി ക്രമക്കേടിൽ ഝാർഖണ്ഡിൽ അറസ്റ്റിലായ പ്രതികളിൽ നിന്നും (ശേഷം 24-ാം പേജിൽ)

# വയനാട്ടിലെ ജനങ്ങൾക്ക് രാഹുലിന്റെ കത്ത്

കല്പറ്റ: പ്രതിസന്ധി ഘട്ടങ്ങളിൽ കരുത്തായി നിന്ന വയനാട് ലോക്സഭാ മണ്ഡലത്തിലെ ജനങ്ങൾക്ക് ഹൃദയനിർഭരമായ കത്തെഴുതി രാഹുൽ ഗാന്ധി. ഏറെ ഹൃദയവേദനയോടെയാണ് മണ്ഡലം ഒഴിയാനുള്ള തീരുമാനം എടുത്തതെന്നും തുടർന്നും കൂടെയുണ്ടാകുമെന്നും രാഹുൽ ഗാന്ധി കത്തിൽ വ്യക്തമാക്കുന്നു. രാജ്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിനു പിന്തുണ അഭ്യർത്ഥിച്ച് അഞ്ചു വർഷം മുമ്പ് നിങ്ങളുടെ മുമ്പിലേക്ക് വരുമ്പോൾ താൻ അപരിചിതനായിരുന്നുവെന്നും എന്നിട്ടും തന്നെ വയനാട്ടിലെ ജനങ്ങൾ ഹൃദയത്തോട് ചേർത്തണച്ചുവെന്നും രാഹുൽ കത്തിൽ പറയുന്നു.

"അവാച്യമായ സ്നേഹത്തോടെയും വാത്സല്യത്തോടെയും നിങ്ങളെന്നെ സ്വീകരിച്ചു. നിങ്ങൾ ഏതു രാഷ്ട്രീയ പ്രസ്ഥാനത്തെ പിന്തുണച്ചുവെന്നതോ, ഏതു സമുദായത്തിൽ നിന്നുള്ളയാളാണെന്നോ ഏതു മതത്തിൽ വിശ്വസിച്ചെന്നോ, ഏതു ഭാഷയാണ് സംസാരിച്ചതെന്നോ പ്രശ്നമായിരുന്നില്ല. രാജ്യത്തോട് സത്യം വിളിച്ചു പറഞ്ഞതിന്റെ പേരിൽ ഓരോ ദിവസവും അധിക്ഷേപിക്കപ്പെട്ടപ്പോഴും വേട്ടയാടപ്പെട്ടപ്പോഴും എന്നെ ചേർത്തുനിർ




ത്തി സംരക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. എന്റെ അഭയവും വീടും കുടുംബവുമായിരുന്നു വയനാട്ടിലെ ജനങ്ങൾ. എന്റെ പോരാട്ടത്തിന്റെ ഊർജപ്രവാഹമായി വയനാട്ടിലെ ജനത നിലകൊണ്ടു:" രാഹുൽ കത്തിൽ എഴുതി.

ഒരു നിമിഷംപോലും തളരാതെ മനുഷ്യരോട് സംവദിക്കാനും ആകുലതകൾ ഏറ്റെടുക്കാനുമുള്ള പ്രചോദനം വയനാട്ടുകാരായിരുന്നുവെന്നും രാഹുൽഗാന്ധി കത്തിൽ പറയുന്നു. കേരളത്തെ വിഴുങ്ങിയ പ്രളയകാലം മനസ്സിൽ വിങ്ങലായി ഇപ്പോഴും അവശേഷിക്കുന്നുവെന്ന് സൂചിപ്പിച്ച അദ്ദേഹം വയനാട്ടിലെ ജനങ്ങൾ നല്കിയ എണ്ണമറ്റ പൂക്കളും ആലിംഗനങ്ങളും നിരുപാധികമായ സ്നേഹവും ഹൃദയതാളമായി എന്നുമുണ്ടാകുമെന്ന് ഓർമ്മിപ്പിക്കുന്നു. പാർലമെന്റിൽ വയനാടിന്റെ ശബ്ദമാകാൻ കഴിഞ്ഞത് ചാരിതാർത്ഥ്യവും അഭിമാനവുമായിരുന്നുവെന്നും യാത്ര പറയുന്നതിൽ അഗാധമായ ഹൃദയവേദനയുണ്ടെന്നും സൂചിപ്പിക്കുന്ന രാഹുൽ ഗാന്ധി ഇനി വയനാടിനെ പ്രതിനിധീകരിക്കാൻ സഹോദരി പ്രിയങ്കയുണ്ടാകുമെന്നും അവർക്ക് എല്ലാവിധ പിന്തുണ നല്കണമെന്നും അഭ്യർത്ഥിക്കുന്നു. രാജ്യത്തുടനീളം പ്രചരിക്കുന്ന വിദ്വേഷത്തെയും അക്രമത്തെയും പരാജയപ്പെടുത്തുക എന്നതാണ് തന്റെ പ്രതിബദ്ധതയെന്നും പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു മാതാവിനെപ്പോലെ ചേർത്തണച്ച വയനാടിനോടൊപ്പം എന്നും താൻ കൂടെയുണ്ടാകുമെന്ന വാക്ക് നല്കുന്നുവെന്നും പറഞ്ഞാണ് രാഹുൽ ഗാന്ധി കത്ത് അവസാനിപ്പിക്കുന്നത്.

# മൂന്നാംതവണ മൂന്നിരട്ടി കൂടുതൽ പ്രവർത്തിക്കും: പ്രധാനമന്ത്രി

ന്യൂഡൽഹി: പാർലമെന്റിൽ പ്രതിപക്ഷം മാന്യത പുലർത്തുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ജൂൺ 25 ജനാധിപത്യത്തിനേറ്റ കളങ്കമാണെന്ന് അടിയന്തരാവസ്ഥയെ ഓർമ്മിപ്പിച്ചുകൊണ്ട് പാർലമെന്റ് സമ്മേളത്തിനു മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ജൂൺ 25-ന് 50 വർഷം തികയുകയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഭരണഘടനപോലും അന്ന് വിസ്മരിക്കപ്പെട്ടു എന്നും മൂന്നാംതവണ പുതിയ ലക്ഷ്യത്തോടെ മൂന്നിരട്ടി കൂടുതൽ പ്രവർത്തിക്കുമെന്നും മൂന്നിരട്ടി കൂടുതൽ നല്കുമെന്നും നരേന്ദ്ര മോദി പറഞ്ഞു. പുതിയ സാമാജികരെ ലോക്സഭയിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നും മോദി വ്യക്തമാക്കി.




പുതിയ ലക്ഷ്യത്തോടെ മുന്നോട്ടു പോകാനാകട്ടെയെന്ന് എല്ലാവരെയും ആശംസിക്കുന്നു. സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ സ്വന്തം പാർലമെന്റ് മന്ദിരത്തിൽ ആദ്യമായാണ് സത്യപ്രതിജ്ഞാ ചടങ്ങ് നടത്തുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രദിനമാണത്. 60 വർഷത്തിനു ശേഷമാണ് തുടർച്ചയായി ഒരു സർക്കാർ മൂന്നാമതും അധികാരത്തിലെത്തുന്നത്. രാജ്യത്തെ നയിക്കാൻ എല്ലാവരുടെയും പിന്തുണ വേണം. എല്ലാവരെയും ഒരുമിച്ചു മുന്നോട്ടു കൊണ്ടുപോകുകയാണ് ലക്ഷ്യം. ഭരണഘടനാ മൂല്യങ്ങൾ പിന്തുടരും. എൻഡിഎ സർക്കാരിന്റെ നയങ്ങളിൽ ജനങ്ങൾ വിശ്വാസം അർപ്പിച്ചുവെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യക്ക് ഉത്തരവാദിത്വബോധമുള്ള പ്രതിപക്ഷത്തെയാണ് വേണ്ടതെന്നും മുദ്രാവാക്യമല്ല പ്രവൃത്തിയാണ് ജനത്തിന് ആവശ്യമെന്നും മോദി പറഞ്ഞു. കലഹങ്ങളല്ല, പാർലമെന്റിൽ ചർച്ചകൾ നടക്കാനാണ് ജനം ആഗ്രഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കെജ്രിവാളിന്റെ ഹർജി ജൂൺ 26–ന് പരിഗണിക്കും

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ജാമ്യം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് വരുന്നതുവരെ ജയിലിൽ തുടരാൻ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനോട് സുപ്രീംകോടതി. കെജ്രിവാളിന്റെ ഹർജി ജൂൺ 26-ന് പരിശോധിക്കാമെന്നും കോടതി അറിയിച്ചു. കേസിൽ വിചാരണക്കോടതി അനുവദിച്ച ജാമ്യം ഹൈക്കോടതി ഇടക്കാലത്തേക്കു സ്റ്റേ ചെയ്തതിനെതിരെയാണ് അരവിന്ദ് കെജ്രിവാൾ സുപ്രീം കോടതിയെ സമീപിച്ചത്. ജാമ്യം അനുവദിക്കാത്തത് നീതിനിഷേധമാണെന്ന് കെജ്രിവാളിന്റെ അഭിഭാഷകൻ കോടതിയെ അറിയിച്ചു.

ജൂൺ 20-ന് വിചാരണക്കോടതി കെജ്രിവാളിന് ജാമ്യം അനുവദിച്ചിരുന്നെങ്കിലും അടുത്ത ദിവസം തന്നെ വിധി റദ്ദ് ചെയ്യാൻ ഇഡി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. കേസിന്റെ മുഴുവൻ രേഖകളും പഠിക്കാനുണ്ടെന്ന് അറിയിച്ച ഹൈക്കോടതി വിധി പറയുന്നത് രണ്ടോ മൂന്നോ ദിവസത്തേക്ക് മാറ്റിയിരുന്നു. അതുവരെയാണ് വിചാരണക്കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്നത്.

# തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യദുരന്തം: മരണം 56 ആയി

ചെന്നൈ: വടക്കൻ തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ ജൂൺ 18-ന് ചൊവ്വാഴ്ച രാത്രിയുണ്ടായ വ്യാജമദ്യദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 56 ആയി. അഞ്ചു സ്ത്രീകൾ ഉൾപ്പെടെ 140-ലേറെ പേർ ചികിത്സയിൽ തുടരുകയാണ്. മദ്യം വാങ്ങി കഴിച്ച ഒരു കൂട്ടം കൂലിപ്പണിക്കാർക്ക് അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നുവെന്ന് ജില്ലാ കളക്ടർ ശ്രാവൺ കുമാർ വ്യക്തമാക്കിയിരുന്നു. ഛർദി, വയറുവേദന, കണ്ണിന് അസ്വസ്ഥത എന്നിവ പ്രകടിപ്പിച്ചതിനെ തുടർന്നാണ് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കള്ളക്കുറിച്ചി സർക്കാർ മെഡിക്കൽ കോളജ് ആശുപത്രി, സേലം, വില്ലുപുരം, പുതുച്ചേരിയിലെ ജിപ്മർ എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികളിലും ചികിത്സയിലാണ്. ഇവരിൽ 25-ലേറെ പേരുടെ ആരോഗ്യനില ഗുരുതരമാണ്.

പ്രധാന പ്രതി മാതേഷ് മദ്യത്തിനു കൂടുതൽ ലഹരി പകരാൻ പ്യൂരിഫൈഡ് ടർപന്റൈൻ ഓയിൽ ഉപയോഗിച്ചിരുന്നതായി കണ്ടെത്തി. ഇതാണ് മരണകാരണം.

സംസ്ഥാനത്തുണ്ടായ ദുരന്തം നിസാരമായി കാണാനാവില്ലെന്നും റിപ്പോർട്ടുകൾ പൂഴ്ത്തിവെച്ചു സർക്കാരിനു രക്ഷപ്പെടാൻ കഴിയില്ലെന്നും മദ്രാസ് ഹൈക്കോടതി രൂക്ഷവിമർശനമുയർത്തിയിരുന്നു. 26-നുള്ളിൽ വിശദമായ സത്യവാങ്മൂലം നൽകാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്.

വ്യാജമദ്യദുരന്തത്തെച്ചൊല്ലി തമിഴ്നാട് നിയമസഭാ സമ്മേളനം പ്രതിപക്ഷ ബഹളത്തിൽ മുങ്ങിയിരുന്നു. കറുത്ത വസ്ത്രമണിഞ്ഞ് പ്ലക്കാർഡുകളുമായി സഭ തുടങ്ങിയപ്പോൾ തന്നെ എത്തിയ അണ്ണാ ഡിഎംകെ എംഎൽഎമാർ നടുത്തളത്തിലിറങ്ങി ബഹളം വെച്ചു. ഇവരെ സ്പീക്കർ പുറത്താക്കി.

ജനാധിപത്യത്തിന്റെ കശാപ്പാണ് തമിഴ്നാട്ടിൽ നടക്കുന്നതെന്നും ഇത് ഹിറ്റ്ലറുടെ ഭരണമാണോ എന്നും എടപ്പാടി പളനി സ്വാമി ചോദിച്ചു. എന്നാൽ ചർച്ചയ്ക്ക് തയാറാണെന്ന് സ്റ്റാലിൻ അറിയിച്ചതോടെ എംഎൽഎമാരെ സ്പീക്കർ തിരിച്ചുവിളിക്കുകയായിരുന്നു.

അതേസമയം, തമിഴകവെട്രി കഴകം അധ്യക്ഷനും സൂപ്പർ താരവുമായ വിജയ് തന്റെ പിറന്നാളാഘോഷങ്ങൾ റദ്ദാക്കി. ആ പണം കള്ളക്കുറിച്ചിയിലെ ഇരകളുടെ കുടുംബങ്ങൾക്കു നൽകണമെന്ന് ആരാധകരോടു വിജയ് അഭ്യർഥിച്ചു.

# പോസ്റ്റ്മോർട്ടം ചെയ്യാതെ സംസ്കരിച്ച മൃതദേഹങ്ങൾ പുറത്തെടുത്തു

ചെന്നൈ: കള്ളക്കുറിച്ചി വ്യാജമദ്യ ദുരന്തത്തിൽ മരിച്ചവരിൽ പോസ്റ്റ്മോർട്ടം ചെയ്യാതെ സംസ്കരിച്ചവരുടെ മൃതദേഹങ്ങൾ പുറത്തെടുത്തു. കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അനധികൃത മദ്യം കഴിച്ചതായി സ്ഥിരീകരിക്കുന്നതിനാണ് മൃതദേഹങ്ങൾ പുറത്തെടുത്തതെന്ന് ജില്ലാ ഭരണകൂടത്തിലെ ഉദ്യോഗസ്ഥർ പറയുന്നു. അതേസമയം, കള്ളക്കുറിച്ചി വിഷമദ്യ ദുരന്തവുമായി ബന്ധപ്പെട്ട് പ്രദേശത്തെ ബേക്കറി ഉടമയെ അറസ്റ്റ് ചെയ്തു. ജ്യോതി ചിപ്സ് എന്ന പേരിൽ ബേക്കറി നടത്തുന്ന ശക്തിവേലാണ് സിബിസിഐഡിയുടെ അറസ്റ്റിലായത്. നേരത്തെ മദ്യം വാറ്റുന്നതിനായി ആന്ധ്രയിൽനിന്നു പഴകിയ മെഥനോൾ അനധികൃതമായി എത്തിച്ചതായി അന്വേഷണ സംഘത്തിന് രഹസ്യ വിവരം ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ബേക്കറി ലൈസൻസിന്റെ മറവിൽ മദ്യത്തിൽ കലർത്താൻ പ്യൂരിഫൈഡ് ടർപന്റൈൻ ഓയിൽ കൂടി എത്തിച്ചതായി അന്വേഷണസംഘം തിരിച്ചറിഞ്ഞത്. ഇതിന്റെ അമിത ഉപയോഗം കിഡ്നിയുടെയും ശ്വാസകോശത്തിന്റെയും പ്രവർത്തനത്തെ ബാധിക്കുകയും മരണത്തിലേക്ക് വരെ നയിക്കുകയും ചെയ്യും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 26
June 28, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

വായിക്കാൻ സമയമില്ലെന്നു പറയുന്നവൻ ബുദ്ധിപരമായി ആത്മഹത്യ ചെയ്യുന്നു.
**തോമസ് ഡ്രയർ**

മാനവരാശിയെ രക്ഷിക്കുന്നതിനുള്ള ഏകമാർഗം സഹകരണം
**ബർട്രാന്റ് റസ്സൽ**

## Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

### Seeking a Senior Pastor

*(Effective Start date: July 01st, 2025)*

**Required qualifications:**

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*

*Biju Cherian: 847-858-1342*

**Email CV/Resume: PPC.Chicago@Yahoo.Com**

## INDIA PENTECOSTAL ASSEMBLY

**544 TIPTON RD**

**IRVING TX 75060**

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ദേശീയനേതാക്കളുടെ പ്രതിമകൾക്ക് പാർലമെന്റ് വളപ്പിൽ ഒരേയിടം

ന്യൂഡൽഹി: പാർലമെന്റ് സമുച്ചയത്തിൽ സ്വാതന്ത്ര്യസമരസേനാനികൾ ഉൾപ്പെടെയുള്ള ദേശീയനേതാക്കളുടെ പ്രതിമകൾ ഇനി 'പ്രേരണാസ്ഥലി'ൽ. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ജൂൺ 16-ന് പ്രേരണാസ്ഥലിന്റെ ഉദ്ഘാടനം നിർവഹിച്ചു.

അതേസമയം, പ്രതിമകളുടെ സ്ഥാനമാറ്റത്തിനെതിരെ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷനിര രംഗത്തെത്തി. ഭരണകക്ഷിയായ ബിജെപിയുടെ ഏകപക്ഷീയ തീരുമാനമാണ് ഇതിനു പിന്നിലെന്നു കോൺഗ്രസ് ആരോപിച്ചു. പുതിയ പാർലമെന്റ് മന്ദിരം പുനഃക്രമീകരിക്കുന്നതിന്റെയും മോടി കൂട്ടുന്നതിന്റെയും ഭാഗമായാണു നടപടിയെന്നു ലോക്സഭാ മുൻസ്പീക്കർ ഓം ബിർള പറഞ്ഞു.

ഒരു പ്രതിമയും ഒഴിവാക്കില്ല. അവ പുനഃക്രമീകരിക്കുക മാത്രമാണു ചെയ്യുന്നത്. അതിൽ രാഷ്ട്രീയം കാണേണ്ടതില്ലെന്നും പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾക്കു മറുപടിയായി ബിർള മാധ്യമങ്ങളോടു പറഞ്ഞു. ദേശീയ നേതാക്കളുടെ പ്രതിമകളെല്ലാം ഒരേ സ്ഥലത്തു സ്ഥാപിക്കുന്നതിലൂടെ അവരുടെ ജീവിതവും നേട്ടങ്ങളും സംബന്ധിച്ച വിവരങ്ങൾ കൂടുതൽ മികവോടെ ആളുകളിലെത്തിക്കാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പുതിയവ പാർലമെന്റ് മന്ദിരനിർമാണത്തിന്റെ ഭാഗമായി ഗാന്ധിജി, മോത്തിലാൽ നെഹ്റു, ചൗധരി ദേവിലാൽ എന്നിവരുടെ പ്രതിമകൾ പാർലമെന്റ് വളപ്പിൽത്തന്നെ മറ്റൊരിടത്തേക്കു മാറ്റിയിരുന്നതായി ബിർള ചൂണ്ടിക്കാട്ടി. ഉത്തരവാദിത്വം ഒരേ കേന്ദ്ര ഏജൻസിക്കു നൽകുന്നതിന്റെ ഭാഗമായാണു പാർലമെന്റിന്റെ സുരക്ഷാച്ചുമതല പൂർണമായും സിഐഎസ്എഫിനെ ഏൽപ്പിക്കുന്നത്. നേരത്തേ പാർലമെന്റ് സെക്യൂരിറ്റി സർവീസിനും ഡൽഹി പോലീസിനും സിആർപിഎഫിനും സംയുക്ത ചുമതലയായിരുന്നു. പാർലമെന്റിന്റെ സുരക്ഷാചുമതല വ്യത്യസ്തമായതിനാൽ സിഐഎസ്എഫിനു പ്രത്യേക പരിശീലനം നൽകുമെന്നും ബിർള വ്യക്തമാക്കി.

പാർലമെന്റ് വളപ്പിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെയും ഭരണഘടനാശില്പി ഡോ. ബി.ആർ. അംബേദ്കറുടെയും പ്രതിമകൾക്കു മുന്നിലാണു സർക്കാരിനെതിരായ പ്രതിപക്ഷപ്രതിഷേധങ്ങൾ പതിവായി നടക്കാറുള്ളത്. ഗാന്ധിജിയുടെയും അംബേദ്കറുടെയും പ്രതിമകൾ പാർലമെന്റ് മന്ദിരത്തിനു മുന്നിൽനിന്നു പ്രതിമകൾക്കായുള്ള പൊതുവിടത്തിലേക്കു മാറ്റുന്നതിനെതിരെ കോൺഗ്രസ് രംഗത്തുവന്നിരുന്നു. പഴയ പാർലമെന്റ് മന്ദിരത്തിനും പാർലമെന്റ് ലൈബ്രറി മന്ദിരത്തിനും ഇടയിലുള്ള പുൽത്തകിടിയിലാണു പ്രതിമകൾ പുനഃസ്ഥാപിക്കുന്ന പ്രേരണാസ്ഥൽ.



പാർലമെന്റ് വളപ്പിൽ പ്രേരണാസ്ഥലിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നിർവഹിക്കുന്നു.

വർഷം മുഴുവൻ ഇവിടേക്കു സന്ദർശകരെ അനുവദിക്കും. നേതാക്കളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്കു പ്രേരണാസ്ഥൽ വേദിയാകും. ക്യു.ആർ. കോഡ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ദേശീയ നേതാക്കളുടെ ജീവിതവും നേട്ടങ്ങളും സന്ദർശകരിലേക്ക് എത്തിക്കും. ഓരോ പ്രതിമയ്ക്കു ചുറ്റും വിശാലമായ പുൽത്തകിടിയുണ്ടാകും.

## നിലയ്ക്കാത്ത ബോംബ് സ്ഫോടനങ്ങൾ


കണ്ണൂരിൽ വീണ്ടും സ്റ്റീൽ ബോംബ് ദുരന്തം. തലശ്ശേരി എരഞ്ഞോളിയിൽ ജൂൺ 18-ന് ഉണ്ടായ ബോംബ് സ്ഫോടനം കേരളക്കരയെ നടുക്കുകയും മനുഷ്യ മനസ്സാക്ഷിയെ മരവിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആളൊഴിഞ്ഞ പറമ്പിൽ നിന്നും കിട്ടിയ സ്റ്റീൽ പാത്രം തുറക്കാൻ ശ്രമിച്ചപ്പോഴാണ് അത് പൊട്ടിത്തെറിച്ചതും കൊടക്കളം ആയനിയാട്ട് മീത്തൽ കെ.കെ. വേലായുധൻ എന്ന എൺപത്തിയഞ്ചുകാരൻ അതിദാരുണമായി കൊല്ലപ്പെട്ടതും.

കണ്ണൂരിലെ അക്രമരാഷ്ട്രീയം ഉപേക്ഷിച്ചു എന്ന് നേതാക്കൾ പറയുമ്പോഴും ബോംബ് നിർമാണം പലയിടത്തും രഹസ്യമായി നടക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളാണ് സമീപകാല സംഭവങ്ങൾ നമ്മോട് പറയുന്നത്. എന്തിനുവേണ്ടിയെന്നോ ആർക്കുവേണ്ടിയെന്നോ ഈ ബോംബ്നിർമ്മാണമെന്ന ചോദ്യത്തിനു ഇനിയും വ്യക്തമായ ഒരു മറുപടിയില്ല. പക്ഷേ ഇതിനിരയാകുന്നത് നിരപരാധികളും കൊച്ചുകുട്ടികളുമൊക്കെയാണ്. മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്ന ഈ ബോംബ് രാഷ്ട്രീയത്തിന് എന്നാണോ ഇനി അറുതിവരുക. സ്ഫോടനം ഉണ്ടാകുമ്പോൾ മാത്രം കാണിക്കുന്ന പോലീസിന്റെ ജാഗ്രതയും അന്വേഷണവുമൊന്നുമല്ല വേണ്ടത്. കുറ്റക്കാരെ കണ്ടെത്തുകയും കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയുമാണ് ആവശ്യം. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കണ്ണൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തത് ഇരുനൂറ്റിയൻപതിലധികം ബോംബുകളാണ്. മൂന്ന് വർഷത്തിനിടെ എട്ടിടത്ത് സ്ഫോടനം. ഈ സ്ഫോടനങ്ങളിൽ നാലുപേര് കൊല്ലപ്പെടുകയും പതിനാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ പന്ത്രണ്ട് വയസ്സിൽ താഴെയുള്ള അഞ്ച് കുട്ടികളുമുണ്ട് എന്നതാണ് ഏറ്റവും വേദനാജനകം. ആറ് മാസത്തിനിടെ പതിനഞ്ചോളം ബോംബുകളാണ് വിവിധ പ്രദേശങ്ങളിൽ നിന്നും കണ്ടെടുക്കുകയുണ്ടായത്. 1998-ന് ശേഷം ബോംബു നിർമ്മാണത്തിനിടെ മരിച്ചവർ പത്ത് പേരാണ്. ഈ കണക്കുകളൊക്കെ സൂചിപ്പിക്കുന്നത് അക്രമരാഷ്ട്രീയം ഇവിടെ അവസാനിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവുകളാണ്.

1998 ഏപ്രിൽ 18-ന് പാനൂർ കൂരാറയിൽ ഉണ്ടായ സ്റ്റീൽബോംബ് സ്ഫോടനമാണ് ഏവരുടേയും ശ്രദ്ധതിരിച്ചത്. ഒൻപത് വയസ്സുള്ള സൂര്യകാന്തി എന്ന നാടോടി പെൺകുട്ടി ആക്രിസാധനങ്ങൾ പെറുക്കുന്നതിനിടയിൽ കിട്ടിയ സ്റ്റീൽ പാത്രം തുറന്നപ്പോഴാണ് അത് പൊട്ടിത്തെറിച്ചത്. ആ പൊട്ടിത്തെറിയിൽ കുട്ടിയുടെ കൈപ്പത്തിയും ഇടത് കണ്ണും നഷ്ടമായി. പിതാവ് ഗോവിന്ദനും പരിക്കേറ്റിരുന്നു. അതേ വർഷം ഒക്ടോബർ 24-ന് ചമ്പാള അരയക്കൂറിൽ സ്റ്റീൽബോംബ് പൊട്ടിത്തെറിച്ചാണ് അന്നും അപകടമുണ്ടായത്. നാല് കുട്ടികൾക്കാണ് അന്ന് പരിക്കേറ്റത്. തുടർന്ന് രണ്ടുദിവസങ്ങൾക്ക് ശേഷം പാനൂരിലും സ്ഫോടനമുണ്ടായി. പിന്നീട് നവംബർ 21-ന് മൺവെട്ടികൊണ്ട് പറമ്പ് കിളക്കുമ്പോൾ സ്റ്റീൽ ബോംബിൽ തട്ടിയുണ്ടായ സ്ഫോടനത്തിൽ സുരേന്ദ്രന്റെ കാഴ്ച നഷ്ടപ്പെട്ടു. പിന്നീട് മെയ് പത്ത് ആറളത്ത് വളിയാഞ്ചാലിൽ കളിക്കുന്നതിനിടയിൽ ഏഴ് വയസ്സുകാരി അഞ്ചുവിനും അഞ്ചുവയസ്സുകാരൻ വിഷ്ണുവിനുമാണ് ബോംബ് സ്ഫോടനത്തിൽ പരിക്കേറ്റത്. 2012 ജൂലൈ 17-ന് തൂവക്കുന്നിൽ അടുത്ത സ്ഫോടനം. 2014 മാർച്ച് 24-ന് പാനൂരിലും സ്ഫോടനം നടന്നു. 2016 സെപ്റ്റംബർ 16-ന് ഏലാംകോടിലും സ്ഫോടനം ഉണ്ടായി. അതിനിരയായതും രണ്ടു കുട്ടികൾ. അത് വഴിയിൽ നിന്നും കിട്ടിയ ഐസ്ക്രീം ബോംബായിരുന്നു വില്ലൻ. 2019-ൽ ഏപ്രിൽ 3-ന് മട്ടന്നൂർ പരിയാരത്ത് നടന്ന സ്ഫോടനത്തിൽ വിദ്യാർത്ഥിയായ വിജിലിന്റെ കണ്ണിന് പരിക്കേറ്റു. അന്ന് ക്രിക്കറ്റ് കളിക്കുന്നതിനിടയിൽ കിട്ടിയ സ്റ്റീൽ പാത്രം തുറന്നപ്പോഴാണ് ഈ സ്ഫോടനം ഉണ്ടായത്. 2020 സെപ്റ്റബറിൽ കതിരൂരിൽ ബോംബ് നിർമ്മിക്കുന്നതിനിടയിൽ സ്ഫോടനം. 2022 ഫെബ്രുവരി 12-ന് തോട്ടടയിൽ ആക്രിസാധനങ്ങൾ സൂക്ഷിച്ച സ്ഥലത്തുണ്ടായ സ്ഫോടനത്തിൽ അസ്സംസ്വദേശികളായ രണ്ടുപേർ മരിച്ചു. 2022 ജൂലൈ ആറിന് മട്ടന്നൂരിൽ ഉണ്ടായ സ്ഫോടനത്തിൽ രണ്ടു പേർക്ക് പരിക്ക്. 2022 മാർച്ച് 10-നാണ് അടുത്ത സ്ഫോടനം. 2023 ഏപ്രിലിൽ തലശ്ശേരിയിൽ ബോംബ് നിർമ്മാണത്തിനിടെയുണ്ടായ സ്ഫോടനത്തിൽ വിഷ്ണുവിന്റെ കൈപ്പത്തിയാണ് അന്ന് തകർന്നുപോയത്. 2023-ൽ തലശ്ശേരി പാട്യത്ത് സ്ഫോടനം. ആക്രിസാധനങ്ങൾക്കിടയിൽ നിന്നാണ് അസം സ്വദേശിക്കും രണ്ടു മക്കൾക്കും അന്ന് പരിക്കേറ്റത്. 2024 ഏപ്രിൽ 5-ന് പാനൂരിൽ ഉണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും നാല് പേർക്ക് പരിക്കേല്ക്കുകയും ചെയ്തു. ഈ പരമ്പരയുടെ അവസാനത്തെ ഇരയാണ് ജൂൺ 18-ന് കൊല്ലപ്പെട്ട വേലായുധൻ. മനസാക്ഷിയെ മരവിപ്പിക്കുന്ന ഈ സ്ഫോടന പരമ്പരകൾക്ക് രാഷ്ട്രീയ നിറം കൊടുക്കാതെ യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തുകയും കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും വേണം. സ്വന്തം ഭൂമിയിൽപോലും വിശ്വസിച്ച് കാലുകുത്താൻ ഭയപ്പെടുന്ന അവസ്ഥ എത്രയോ ഭീകരമാണ്. ഏത് നിമിഷവും എന്തും സംഭവിക്കാമെന്ന ചിന്തയാണ് കണ്ണൂരുകാർക്ക്. കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് പറയുന്നുണ്ടെങ്കിലും നടപടി കടലാസിൽ മാത്രം. എല്ലാ ജീവനും വിലയുള്ളതാണ്. അതിന് പ്രായഭേദമോ വലിപ്പച്ചെറുപ്പമോ ഇല്ല. പൊലീസിന്റെ ശക്തമായ ഇടപെടലും നാട്ടുകാരുടെ ജാഗ്രതയുമുണ്ടെങ്കിൽ കുറ്റക്കാരെ ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കാൻ കഴിയും.

## 200-ാം വയസിലേക്ക് മലയാളത്തിലെ ആദ്യ അച്ചടിഗ്രന്ഥം

കോട്ടയം: മലയാളത്തിൽ ആദ്യമായി അച്ചടിച്ച ഗ്രന്ഥത്തിന് 200 വയസ്. 'ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന ഗ്രന്ഥത്തിനാണ് 200 വയസ് പൂർത്തിയായിരിക്കുന്നത്. ആരാണ് പുസ്തകത്തിലെ കഥകളുടെ രചയിതാക്കളെന്ന് അറിയില്ലെങ്കിലും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ഇംഗ്ലീഷ് പണ്ഡിതനായ ബെഞ്ചമിൻ ബെയ്‌ലിയാണ്. അച്ചടിക്കായി ഇദ്ദേഹം കോട്ടയം ചാലുകുന്നിൽ 1821-ൽ പ്രസ് സ്ഥാപിച്ച ശേഷം 1924-ൽ കോട്ടയം സിഎംഎസ് പ്രസിലാണ് പുസ്തകം അച്ചടിച്ചത്.




ചെന്നൈയിൽ നിന്നാണ് അച്ചടിക്കുള്ള അച്ച് ഇദ്ദേഹം രൂപപ്പെടുത്തിയത്. പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിച്ചിരുന്ന, ബൈബിൾ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള സാരോപദേശകഥകളാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

2014-ൽ സിഎംഎസ് കോളജ് മലയാളവിഭാഗം മുൻ തലവൻ ഡോ. ബാബു ചെറിയാന്റെ നേതൃത്വത്തിലാണ് പുസ്തകം കാലങ്ങൾക്കുശേഷം തേടിപ്പിടിച്ച് അതേരീതിയിൽ പുതിയ അച്ചടിയിൽ പ്രസിദ്ധീകരിക്കുന്നത്. 2002-ൽ ഇതിന്റെ ആദ്യകോപ്പി ഇംഗ്ലണ്ടിലെ സിഎംഎസ് ആർക്കൈവ്സിൽനിന്ന് ശേഖരിച്ചു. ഫോട്ടോസ്റ്റാറ്റ് എടുക്കാൻ കഴിയാത്തതിനാൽ മൈക്രോഫിലിമിലാണു പേജുകൾ ലഭിച്ചത്. നഗ്നനേത്രങ്ങൾകൊണ്ട് വായിക്കാൻ കഴിയാത്തതിനാൽ മൈക്രോഫിലിം റീഡർ ഉപയോഗിച്ച് പുസ്തകം പകർത്തുകയായിരുന്നു. അന്നത്തെ കല്ലച്ചിലെ അക്ഷരങ്ങളുടെ കുറവുമൂലം പല വാക്കുകളും അപൂർണമായിരുന്നു. അതിനാലാണ് തലക്കെട്ടിൽ ചെറുപൈതങ്ങൾക്ക് എന്ന വാക്കിന് ചന്ദ്രക്കലയില്ലാതെ പോയത്. പാട്ട് എന്നതിന് പാട്ടയും കോട്ട എന്നതിന് കൊട്ടയുമായി എട്ട് കഥകളാണു പുസ്തകത്തിലുള്ളത്. 2014-ൽ സ്വകാര്യ പ്രസാദകർ പുറത്തിറക്കിയ പുസ്തകം പിന്നീട് സാഹിത്യപ്രവർത്തക സഹകരണസംഘം ഏറ്റെടുത്തു. അപ്പോഴും പുസ്തകത്തിൽ അച്ചടിപോരായ്മ ഒഴിവായില്ല.

അഞ്ചുവർഷം മുമ്പ് കേരള സാഹിത്യ അക്കാദമി തയാറാക്കിയ പുസ്തകത്തിൽ ആദ്യപുസ്തകത്തിന്റേതായി മൈക്രോഫിലിമിൽ കിട്ടിയ ചില താളുകൾ അതേപോലെ ചേർക്കുകയും ചെയ്തു. മലയാളത്തിലെ ആദ്യത്തെ ബാലസാഹിത്യകൃതിയും ആദ്യ പാഠപുസ്തകവുമാണിത്. ഇതിനുമുൻപേ സംക്ഷേപണ വേദാർഥവും ഹോർത്തൂസ് മലബാറിക്കസുമെല്ലാം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും അവ അച്ചടിച്ചതു വിദേശത്താണ്.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

# കേരളത്തിൽ ഇനി 'കോളനി' ഇല്ല

തിരുവനന്തപുരം: പട്ടിക വിഭാഗക്കാർ താമസിക്കുന്ന മേഖലകൾ കോളനി, സങ്കേതം, ഊര് എന്നിങ്ങനെ അറിയപ്പെടുന്നതു മാറ്റിക്കൊണ്ടുള്ള ചരിത്രപരമായ ഉത്തരവിറക്കി മന്ത്രി കെ. രാധാകൃഷ്ണൻ പടിയിറങ്ങി. പട്ടികവിഭാഗക്കാർ അധികമായി വസിക്കുന്ന സ്ഥലങ്ങളെ ഇനി നഗർ, ഉന്നതി, പ്രകൃതി എന്നീ പേരുകളിൽ വിളിക്കാം.

അതല്ലെങ്കിൽ ഓരോയിടത്തും പ്രാദേശികമായി താൽപര്യമുള്ള കാലാനുസൃതമായ പേരുകൾ തെരഞ്ഞെടുക്കാം. തർക്കങ്ങൾക്കു സാധ്യതയുള്ളതിനാൽ വ്യക്തികളുടെ പേരുകൾ ഒഴിവാക്കണമെന്നും ഉത്തരവിൽ പറയുന്നു. ജൂൺ 18-ന് മന്ത്രിസ്ഥാനം രാജിവെക്കുന്നതിനുമുമ്പ് ഇറക്കിയ അവസാന ഉത്തരവിലാണ് പുനർനാമകരണം. കോളനി, ഊര്, സങ്കേതം തുടങ്ങിയ പേരുകൾ അവമതിപ്പിന് കാരണമാകുന്നുവെന്ന അഭിപ്രായം ഉയർന്നിരുന്നു. ഈ പേരുകൾ കാലാനുസൃതം പരിഷ്കരിക്കണമെന്ന് പട്ടിക വർഗ ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇതൊക്കെ പരിഗണിച്ചാണു പേരുകൾ മാറ്റിയത്.

ഉന്നതി എംപവർമെന്റ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളജ് സിറ്റി പ്രഖ്യാപനവുമായിരുന്നു മന്ത്രി എന്ന നിലയിലെ അദ്ദേഹത്തിന്റെ അവസാന പരിപാടി. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളെ സംരംഭകരാക്കി വളർത്തുക കൂടിയാണ് ഉന്നതി പദ്ധതിയുടെ ലക്ഷ്യമെന്നു മന്ത്രി പറഞ്ഞു. മികച്ച പഠനം നേടിയവർക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷി ഉണ്ടാക്കുകയാണ് ഉന്നതി പദ്ധതിയിലൂടെ ചെയ്യുന്നത്. 691 പട്ടിക ജാതി, പട്ടിക വർഗ വിദ്യാർത്ഥികളെ വിദേശ സർവകലാശാലകളിൽ അയച്ച് പഠിപ്പിക്കാൻ സാധിച്ചു. 255 കുട്ടികൾ ഈ സെപ്റ്റംബറിൽ വിദേശത്തേക്ക് പോകും. 150 ഗോത്രവർഗ കുട്ടികൾ എയർഹോസ്റ്റസുമാരായി ജോലി ചെയ്യുന്നു. ഗോത്രവർഗ യുവാക്കളെ പൈലറ്റുമാരാക്കുന്നതിനുള്ള വിങ്സ് പദ്ധതിയിലൂടെ കൂടുതൽ പൈലറ്റുമാരെ ഇനിയും സൃഷ്ടിക്കും. രാജ്യാന്തര വിമാനം പറത്തുന്നതിനുള്ള പരിശീലനം നേടുന്നതിന് അഞ്ച് കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായവും നൽകി. 1285 കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ എത്തിച്ചു. 17 കേന്ദ്രങ്ങളിൽ കൂടി വൈദ്യുതി എത്തിയാൽ 100 ശതമാനം വൈദ്യുതീകരിക്കപ്പെട്ട ആദ്യ സംസ്ഥാനമായി കേരളം മാറും. അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കണമെന്നു തന്നെയാണ് ആഗ്രഹം. എന്നാൽ സാമ്പത്തിക പ്രതിസന്ധി കുറച്ച് പ്രയാസം ഉണ്ടാക്കുന്നുണ്ട്: മന്ത്രി പറഞ്ഞു.

# വിശദപരിശോധനയ്ക്ക് ശേഷം മാത്രം ആന്റിബയോട്ടിക് ചികിത്സ

ന്യൂഡൽഹി: രോഗിയുടെ കൃത്യവും വിശദവുമായ ലബോറട്ടറി പരിശോധനയ്ക്കു ശേഷമേ ആന്റിബയോട്ടിക് ചികിത്സ നിർദേശിക്കാവൂവെന്ന് ഡോക്ടർമാർക്ക് ദേശീയ മെഡിക്കൽ കമ്മീഷൻ നിർദേശം നൽകി.

രോഗത്തിന്റെ തീവ്രത, കഫം പരിശോധന, കൾചർ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ആന്റിബയോട്ടിക് ചികിത്സ നിശ്ചയിക്കേണ്ടത്. സ്ഥിരീകരിക്കും മുൻപ് രോഗകാരണം അനുമാനിച്ച് ആന്റിബയോട്ടിക് നൽകുന്നത് ഗുരുതര രോഗമുള്ളവരിൽ മാത്രമായിരിക്കണമെന്നും കമ്മീഷൻ വ്യക്തമാക്കി.

ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിത ഉപയോഗം തടയാൻ കമ്മീഷൻ തയാറാക്കിയ കർമ പദ്ധതിയിലാണ് ഇക്കാര്യമുള്ളത്. രോഗലക്ഷണങ്ങളുമായി എത്തുന്നവർക്കെല്ലാം ആന്റിബയോട്ടിക് നൽകുന്നതിനെതിരെയാണ് എൻഎംസിയുടെ ശിപാർശ.

# വീണാ വിജയന്റെ കമ്പനിക്ക് മാസപ്പടി: ആരോപണവുമായി കുഴൽനാടൻ



തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയന് അനാഥാലയങ്ങളിൽനിന്നും മാസപ്പടി ലഭിച്ചെന്ന ആരോപണവുമായി മാത്യു കുഴൽനാടൻ നിയമസഭയിൽ. വ്യവസായ-സാമൂഹികനീതി വകുപ്പുകളുടെ ധനാഭ്യർത്ഥന ചർച്ചയ്ക്കിടെയാണ് കുഴൽനാടൻ ആരോപണം വീണ്ടും ഉന്നയിച്ചത്.

ഭരണകക്ഷി അംഗങ്ങൾ പ്രതിഷേധവുമായി എഴുന്നേറ്റതോടെ ബഹളമായി. വിഷയം പലതവണ ഉന്നയിക്കപ്പെട്ടതാണെന്നും സാമൂഹികമാധ്യമങ്ങൾക്ക് വേണ്ടി ഇവിടെ പ്രസംഗിക്കാൻ അനുവദിക്കില്ലെന്നും സ്പീക്കർ എ.എൻ. ഷംസീർ റൂളിങ് നൽകി. സ്പീക്കറുടെ നിർദേശവും ഭരണകക്ഷി അംഗങ്ങളുടെ പ്രതിഷേധവും വകവെക്കാതെ കുഴൽനാടൻ പ്രസംഗം തുടർന്നു.

മാസപ്പടിയിൽ താൻ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. 'നമ്മളൊക്കെ അനാഥാലയങ്ങൾക്ക് സംഭാവന നൽകുന്നവരാണ്. മുഖ്യമന്ത്രിയുടെ മകൾ എങ്ങനെയാണ് അനാഥാലയങ്ങളിൽനിന്നും മാസപ്പടി വാങ്ങിയത്?

പി.വി. എന്നത് താനല്ല എന്നാണ് പിണറായി വിജയൻ പറയുന്നത്. ഞങ്ങൾ തമ്മിലുള്ള തർക്കവും അതായിരുന്നു. ഹൈക്കോടതി പിണറായി വിജയന് നോട്ടീസ് അയച്ചിട്ടുണ്ട്.

താനല്ല പി.വിയെന്ന് പിണറായി വിജയൻ കോടതിയിൽ പറയട്ടെ. പി.വി. എന്നത് പിണറായി അല്ലെന്ന് തെളിയിച്ചാൽ ഞാൻ എംഎൽഎ സ്ഥാനം രാജിവെക്കാം. ഹൈക്കോടതിയിൽ പി.വി. താനല്ലെന്ന് പറയാനുള്ള ആർജവം പിണറായി കാണിക്കണം'- മാത്യു കുഴൽനാടൻ വെല്ലുവിളിച്ചു.

മാസപ്പടിവിഷയത്തിലേക്ക് മാത്യു കുഴൽനാടൻ നീങ്ങിത്തുടങ്ങിയത് മുതൽ സ്പീക്കർ വിലക്കുന്നുണ്ടായിരുന്നു. പ്രസംഗം തടസ്സപ്പെട്ടതിനാൽ കൂടുതൽ സമയം അനുവദിക്കണമെന്ന കുഴൽനാടന്റെ ആവശ്യം നിരസിച്ച് മൈക്ക് ഓഫ് ചെയ്തു.

# ഒ. ആർ. കേളു മന്ത്രിയായി



തിരുവനന്തപുരം: രണ്ടാം പിണറായി മന്ത്രിസഭയിലെ പുതുമുഖമായി ഒ.ആർ. കേളു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാജ്ഭവനിലെ ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. കെ. രാധാകൃഷ്ണനു പകരം മന്ത്രിയായ കേളുവിന് പട്ടികവർഗ, പട്ടികജാതി ക്ഷേമ വകുപ്പുകളാണു ലഭിച്ചത്. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും ചീഫ് സെക്രട്ടറിയും പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും മന്ത്രിയുടെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിയും ചടങ്ങിനെത്തി. വയനാട്ടുകാരുടെ 'കേളുവേട്ടൻ' മന്ത്രിയാകുന്നതിനു സാക്ഷ്യം വഹിക്കാൻ നാട്ടിൽനിന്ന് 500-ഓളം പേർ രാജ്ഭവനിലെത്തിയിരുന്നു. സെക്രട്ടേറിയറ്റിൽ നോർത്ത് ബ്ലോക്കിലെ ഓഫീസിലെത്തി ജൂൺ 23-ന് മന്ത്രി ചുമതലയേറ്റു. കെ. രാധാകൃഷ്ണൻ ഉപയോഗിച്ചിരുന്ന വസതിയാകും ഒ.ആർ. കേളുവിനു ലഭിക്കുക. പട്ടികവർഗ വിഭാഗത്തിൽനിന്നു പിണറായി മന്ത്രിസഭയിൽ അംഗമാകുന്ന ആദ്യത്തെയാളാണ് ഒ.ആർ. കേളു. വയനാട്ടിൽ നിന്നുള്ള ആദ്യത്തെ സിപിഎം മന്ത്രി എന്ന പ്രത്യേകതയുമുണ്ട്.

# അണ്വായുധശേഖരത്തിൽ ഇന്ത്യ മുന്നിൽ

സ്റ്റോക്ക്ഹോം: അണ്വായുധ ശേഖരത്തിൽ പാക്കിസ്ഥാനെക്കാൾ നേരിയ മേൽക്കൈ ഇന്ത്യയ്ക്കെന്ന് റിപ്പോർട്ട്. ഇരുരാജ്യങ്ങളെയും ബഹുദൂരം പിന്നിലാക്കി മുന്നിൽ ചൈന.

സ്റ്റോക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്ഐപിആർഐ) പുറത്തുവിട്ട റിപ്പോർട്ടിലാണ് ഇതു സംബന്ധിച്ച വിശദാംശങ്ങളുള്ളത്. കഴിഞ്ഞ ജനുവരിയിലെ കണക്കനുസരിച്ച് പാക്കിസ്ഥാന്റെ കൈവശം170 ആണവപോർമുനകളുണ്ട്. ഇതിനേക്കാൾ രണ്ടെണ്ണം കൂടുതൽ ഇന്ത്യയ്ക്കുണ്ട്. അതേസമയം, ഇതേ കാലയളവിൽ ചൈനയുടെ പക്കലുള്ളത് 500 പോർമുനകളാണ്. ഒരു വർഷം മുമ്പത്തെ 410 എണ്ണത്തിൽ നിന്നാണ് ചൈനയുടെ കുതിപ്പെന്നതും ശ്രദ്ധേയം.

ഇന്ത്യയുടെ അണ്വായുധശേഖരത്തിൽ കഴിഞ്ഞ പത്തു വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ നേരിയ വർദ്ധന മാത്രമാണുള്ളത്. എന്നാൽ, പാക്കിസ്ഥാനൊപ്പം ഇന്ത്യയും അണ്വായുധങ്ങൾ വികസിപ്പിക്കുന്നത് കഴിഞ്ഞ വർഷങ്ങളിലും തുടർന്നു.

ഇരുരാഷ്ട്രങ്ങൾക്കും പുറമെ അമേരിക്ക, റഷ്യ, യുകെ, ഫ്രാൻസ്, ചൈന, ഉത്തരകൊറിയ, ഇസ്രയേൽ എന്നീ രാഷ്ട്രങ്ങളും അണ്വായുധങ്ങളുടെ ആധുനീകരണം സാദ്ധ്യമാക്കിയതായി റിപ്പോർട്ടിലുണ്ട്. ആകെയുള്ള അണ്വായുധങ്ങളുടെ 90 ശതമാനവും അമേരിക്ക, റഷ്യ എന്നീ രാഷ്ട്രങ്ങളുടെ പക്കലാണ്. ഒരുവർഷത്തെ ഇടവേളയിൽ 36 പുതിയ ആണവപോർമുനകൾ റഷ്യ വികസിപ്പിച്ചതായും റിപ്പോർട്ടിലുണ്ട്.







## കെ.സി.സി.എൻ.എ നാഷണൽ ഫാമിലി കൺവൻഷന്റെ രജിസ്ട്രേഷൻ പൂർത്തിയായി

# കൺവൻഷനായി സാൻ അന്റോണിയോ നഗരം ഒരുങ്ങി

ഡാളസ്: വടക്കെ അമേരിക്കയിലെ ക്നാനായ സമുദായം വളരെ ആവേശത്തോടെ കാത്തിരിക്കുന്ന ക്നാനായക്കാരുടെ പ്രവാസി മാമാങ്കം. ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെസിസിഎൻഎ)യുടെ 15-ാമത് നാഷണൽ ഫാമിലി കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് ഷാജി എടാട്ടും കൺവൻഷൻ കമ്മിറ്റിക്കു വേണ്ടി കൺവൻഷൻ ചെയർമാൻ ജെറിൻ കുര്യൻ പടപ്പമ്മാക്കിലും അറിയിച്ചു.

- * 1000-നു മുകളിൽ രജിസ്ട്രേഷൻ, 5000-ത്തോളം സമുദായാംഗങ്ങൾ പങ്കെടുക്കും
- * 21 യൂണിറ്റുകളുടെ ആവേശകരമായ തയ്യാറെടുപ്പുകൾ
- * അഭൂതപൂർവ്വമായ യുവജനപങ്കാളിത്തം (1500-ന് മുകളിൽ)
- * ലോകപ്രസിദ്ധരായ കലാകാരന്മാരുടെ അത്യുഗ്രമായ പ്രകടനങ്ങൾ
- * മെഗാ ചെണ്ടമേളം * വർണ്ണശബളമായ ഘോഷയാത്ര
- * യൂണിറ്റ്തല കലാ കായിക മത്സരങ്ങൾ
- * സെമിനാറുകൾ, ഗ്രൂപ്പ് ഡിസ്കഷൻസ് * യൂത്ത് ഒൺലി ഇവന്റ്സ്.



ബൈജു ആലപ്പാട്ട്
KCCNA PRO

അമേരിക്കയിലും കാനഡയിലുമായി നാല്പതിനായിരത്തിലധികം വരുന്ന ക്നാനായക്കാർ അത്യാവേശത്തോടെ ഏറ്റെടുത്ത കൺവൻഷൻ രജിസ്ട്രേഷൻ ജൂൺ 15-ന് അവസാനിച്ചപ്പോൾ സംഘാടകരുടെ പ്രതീക്ഷകൾ തെറ്റിച്ചുകൊണ്ട് വളരെ മികച്ച പിന്തുണയോടെ വിജയകരമായി അവസാനിച്ചു. 1000-നു മുകളിലുള്ള രജിസ്ട്രേഷനിലൂടെ 5000-ത്തോളം സമുദായാംഗങ്ങൾ പങ്കെടുക്കും. കൺവൻഷനിൽ രജിസ്റ്റർ ചെയ്ത എല്ലാ ക്നാനായ മക്കൾക്കും കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മിറ്റി നന്ദി രേഖപ്പെടുത്തി. അതോടൊപ്പം ഇതിനായി സഹകരിച്ച എല്ലാ യൂണിറ്റ് അംഗസംഘടനാ ഭാരവാഹികളെയും കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദിച്ചു.

ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് സാൻ അന്റോണിയോ (കെ.സി.എസ്.എസ്.എ) ആതിഥേയത്വം വഹിക്കുന്ന ഇത്തവണത്തെ കൺവൻഷൻ ജൂലൈ 4, 5, 6, 7 തീയതികളിൽ ലോകപ്രശസ്തമായ സാൻ അന്റോണിയയിലെ റിവർ വാക്കിനോട് ചേർന്നു സ്ഥിതിചെയ്യുന്ന ഹെൻട്രി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് നടത്തപ്പെടുന്നത്. കൺവൻഷൻ സെന്ററിനോടനുബന്ധിച്ചുള്ള ഗ്രാൻഡ് ഹയത്ത്, മാരിയട്ട് റിവർ വാക്, മാരിയട്ട് റിവർ സെന്റർ എന്നീ മൂന്നു ഹോട്ടലുകളിലായാണ് കൺവൻഷനിൽ പങ്കെടുക്കുന്നവർക്കുള്ള താമസസൗകര്യം ഒരുക്കിയിരിക്കുന്നത്.

സ്വന്തം ജനത്തോടുള്ള ആത്മബന്ധത്തിന്റെ അടങ്ങാത്ത കടലിരമ്പങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ ഒരുവട്ടംകൂടി ഒരുമിക്കുന്ന വടക്കെ അമേരിക്കയിലെ ക്നാനായ സ്നേഹസംഗമത്തിന് ഇനി ഏതാനും സൂര്യോദയങ്ങൾ മാത്രം. സിരകളിലൊഴുകുന്ന സമുദായ സ്നേഹവുമായി തിരക്കുകളെല്ലാം മാറ്റിവെച്ച് സംഘടനയ്ക്കുവേണ്ടി, സമുദായത്തിനുവേണ്ടി ദൂരപരിധികൾ വകവെക്കാതെ ഒഴുകിയെത്തുന്ന ഒരു ക്നാനായ സമൂഹം.

ഇത്തവണത്തെ കൺവൻഷന്റെ തീം: 'ഒരുമയിൽ തനിമയിൽ വിശ്വാസനിറവിൽ' എന്നതാണ്. ഈ കാലഘട്ടത്തിൽ വളരെയധികം പ്രതിസന്ധികളിലൂടെയും വെല്ലുവിളികളിലൂടെയും കടന്നുപോകുമ്പോഴും തങ്ങളുടെ പൂർവ്വികർ സംരക്ഷിച്ചു പകർന്നു നല്കിയ ക്നാനായത്വം എന്തുവില കൊടുത്തും സംരക്ഷിക്കുമെന്നും അത് പുതുതലമുറയിലേക്ക് പകർന്നു നല്കുമെന്നും ദൃഢമായി പ്രഖ്യാപിച്ചു കൊണ്ട് പ്രസിഡണ്ട് ഷാജി എടാട്ടിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയോടൊപ്പം വിവിധ മേഖലകളിലായി അമ്പതിൽപ്പരം കൺവൻഷൻ കമ്മിറ്റികളും കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ അംഗങ്ങളും കൺവൻഷന്റെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.




കൺവൻഷനിൽ പങ്കെടുക്കുന്ന എല്ലാ പ്രായത്തിലുള്ളവർക്കുമായി അവരുടെ അഭിരുചിക്കനുസൃതമായ മനോഹരമായ പരിപാടികൾ അവതരിപ്പിക്കും. അഭൂതപൂർവ്വമായ യുവജനപങ്കാളിത്തം കൊണ്ട് ഇത്തവണത്തെ കൺവൻഷൻ ശ്രദ്ധയാകർഷിക്കും. ഇത്തവണ ആയിരത്തഞ്ഞൂറോളം യുവജനങ്ങൾ ഇതുവരെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 33 വയസ് പിന്നിട്ട അവിവാഹിതരായ യുവജനങ്ങൾക്കായി ഇത്തവണ പ്രത്യേകമായ പ്രോഗ്രാമുകൾ അണിയറയിൽ ഒരുങ്ങുന്നു.

പ്രശസ്ത ഗായിക റിമി ടോമിയും സംഘവും അവതരിപ്പിക്കുന്ന റിമി ടോമി ലൈവ് മെഗാഷോ 'മ്യൂസിക്കൽ ആൻഡ് കോമഡി നൈറ്റ്', 300-ൽപ്പരം ചെണ്ടമേളക്കാർ അണിനിരക്കുന്ന മെഗാ ചെണ്ടമേളം, ലോകപ്രശസ്ത സ്റ്റാൻഡ്-അപ് കൊമേഡിയൻ ആകാശ് സിങ് ഷോ, പ്രശസ്ത ഡിജെ ആൻഡ് ഡ്രമ്മർ DJ iLLEST പെർഫോംസ് എന്നിവ ഇത്തവണത്തെ കൺവൻഷന്റെ പ്രധാന ആകർഷണങ്ങളാണ്.

യൂണിറ്റുകൾ തിരിഞ്ഞുള്ള കലാ-കായിക മത്സരങ്ങൾ, വിനോദപരിപാടികൾ, കൺവൻഷൻ റാലി, പ്രബന്ധങ്ങൾ, പ്രമേയങ്ങൾ, സെമിനാറുകൾ, പൂർവ്വികരെ ആദരിക്കൽ, യുവജനങ്ങൾക്കുള്ള പ്രത്യേക എന്റർടൈൻമെന്റ് പ്രോഗ്രാംസ് തുടങ്ങി നിരവധി വർണ്ണാഭങ്ങളായ പരിപാടികളാണ് അണിയറയിൽ ഒരുങ്ങുന്നത്. വിശദമായ പ്രോഗ്രാം ഷെഡ്യൂൾ ഉടനെ പ്രസിദ്ധീകരിക്കും.

കൺവൻഷന്റെ രണ്ടാംദിനം ജൂലൈ 5-ന് രാവിലെ 9 മണിക്ക് 21 യൂണിറ്റുകൾ പങ്കെടുക്കുന്ന വർണ്ണശബളമായ ഘോഷയാത്ര നടക്കും. കെ.സി.സി.എൻ.എ ദേശീയ കൺവൻഷനെ വർണ്ണവിസ്മയംകൊണ്ട് അലങ്കരിക്കുന്ന ഘോഷയാത്രയായിരിക്കും ഇത്തവണ നടത്തുക. ക്നാനായ കൂട്ടായ്മയുടെ പാരമ്പര്യവും പൈതൃകവും ഒപ്പം ജന്മനാടിന്റെ എല്ലാ ആവേശവും നെഞ്ചിലേറ്റിയാകും ഘോഷയാത്ര അണിനിരക്കുകയെന്ന് പ്രൊസഷൻ കമ്മിറ്റി അറിയിച്ചു.

അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ ഇന്ത്യൻ റെസ്റ്റോറന്റുകളാണ് കൺവൻഷനായി ഫുഡ് ഒരുക്കുന്നത്. ഈ മേഖലയിൽ പരിണിതപ്രജ്ഞരായ ഫുഡ് കമ്മിറ്റി കൊതിയൂറുന്ന നാടൻ കേരളീയ വിഭവങ്ങളും നോർത്ത് ഇന്ത്യൻ, ചൈനീസ്, കോണ്ടിനെന്റൽ ഡിഷുകൾ കോർത്തിണക്കിക്കൊണ്ട് വിഭവസമൃദ്ധമായ ഫുഡ് മെനുവാണ് അവതരിപ്പിച്ചിരിക്കുന്നത്.

സാൻ അന്റോണിയോ മേഖലയിലെ പ്രധാന ടൂറിസം ഫുഡ് ഹബ് പോയിന്റുകൾ കോർത്തിണക്കിക്കൊണ്ട് വളരെ വിശദമായ ഒരു ടൂറിസം ഗൈഡാണ് സൈറ്റ് സീങ് ആൻഡ് ഡെസ്റ്റിനേഷൻ എക്സ്പീരിയൻസ് കമ്മിറ്റി പ്രസിദ്ധീകരിച്ചിരിക്കുന്നത്. കൺവൻഷനോടൊപ്പം സാൻ അന്റോണിയോ എക്സ്പീരിയൻസ് ചെയ്യുവാൻ ഇത് ഉപകരിക്കും.

ചിക്കാഗോ, ന്യൂയോർക്ക്, ഹൂസ്റ്റൺ, ഡാളസ്, സാൻ അന്റോണിയോ, ബോസ്റ്റൺ, ഫിലാഡൽഫിയ, വാഷിങ്ടൺ ഡിസി, അറ്റ്ലാന്റ, ടാമ്പ, മയാമി, ലാസ് വേഗസ്, ലോസാഞ്ചലസ്, സാൻഹൊസേ, സാക്രമെന്റോ, ഒഹയോ, ഡിട്രോയിറ്റ്-വിൻഡ്സർ, മിന്നസോട്ട യൂണിറ്റുകളിൽ നിന്നും കാനഡയിലെ കാൻ, കാൽഗറി യൂണിറ്റുകളിൽ നിന്നുമായി അതിരില്ലാത്ത ആവേശത്തോടെ, സഹപാഠികളെയും ബന്ധുക്കളെയും നാട്ടിലെ ഇടവക സഹോദരങ്ങളെയും കാണുവാൻ ക്നാനായ സമൂഹം കൺവൻഷൻ നഗരിയിലേക്ക് പറന്നെത്തുന്നു.

ഇന്ത്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ക്നാനായ സമുദായ നേതാക്കളും ആത്മീയാചാര്യന്മാരും പ്രതിഭകളും ലോകത്തിലെ ഏറ്റവും വലിയ ക്നാനായ സമുദായ കൺവൻഷനിൽ പങ്കെടുക്കുവാൻ എത്തിച്ചേരും.

# നായിഡു വീണ്ടും നിയമസഭയിൽ

അമരാവതി: ശപഥം നിറവേറ്റി തെലുങ്കു ദേശം പാർട്ടി (ടിഡിപി) അധ്യക്ഷൻ ചന്ദ്രബാബു നായിഡു 31 മാസങ്ങൾക്കു ശേഷം വീണ്ടും ആന്ധ്രാപ്രദേശ് നിയമസഭയിൽ.

കുടുംബത്തെ അപമാനിച്ചു എന്നാരോപിച്ച് 2021 നവംബറിൽ നിയമസഭ വിട്ടിറങ്ങിയ നായിഡു, മുഖ്യമന്ത്രിയായ ശേഷമേ ഇനി മടങ്ങിവരൂ എന്നു പ്രഖ്യാപിച്ചിരുന്നു. ആന്ധ്രാപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിൽ ടിഡിപി വൻ വിജയം നേടിയതോടെ നായിഡു വീണ്ടും മുഖ്യമന്ത്രി പദത്തിലെത്തി.

175 അംഗ നിയമസഭയിൽ ടിഡിപി 135 സീറ്റുകൾ നേടിയപ്പോൾ അവരുടെ സഖ്യകക്ഷികളായ ജനസേനയും ബിജെപിയും യഥാക്രമം 21, എട്ട് സീറ്റുകൾ നേടി. മുഖ്യമന്ത്രി നായിഡു ജൂൺ 21-ന് സഭയിലേക്കു കടന്നുവന്നപ്പോൾ സഭ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അദ്ദേഹത്തെ സ്വാഗതംചെയ്തു. ഇതു നാലാം തവണയാണ് നായിഡു സംസ്ഥാന മുഖ്യമന്ത്രിയാകുന്നത്.

2021 നവംബർ 19-നാണ് നായിഡു നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയത്. അന്നു ഭരിച്ചിരുന്ന വൈഎസ്ആർസിപിയുടെ അംഗങ്ങൾ തന്റെ ഭാര്യയെക്കുറിച്ച് നടത്തിയ അധിക്ഷേപകരമായ പരാമർശങ്ങളെത്തുടർന്നായിരുന്നു ഇറങ്ങിപ്പോക്ക്.

സ്ത്രീ ശാക്തീകരണത്തെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ കൈകൂപ്പി, കണ്ണീരോടെയാണു നായിഡു സഭ വിട്ടത്. ഇനി ഞാൻ ഈ നിയമസഭയിൽ പങ്കെടുക്കില്ല. മുഖ്യമന്ത്രിയായതിന് ശേഷം മാത്രമേ ഞാൻ സഭയിലേക്ക് മടങ്ങൂ. നിയമസഭ ഒരു കൗരവ സഭയായി മാറി- നായിഡു അന്നു പറഞ്ഞു.

2019-ലെ സംസ്ഥാന തെരഞ്ഞെടുപ്പിൽ വൈ.എസ്. ജഗൻ മോഹൻ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള വൈഎസ്ആർസിപിയാണ് അധികാരത്തിലെത്തിയത്. ഇക്കുറിയും പരാജയപ്പെട്ടിരുന്നെങ്കിൽ നായിഡുവിന്റെ 50 വർഷത്തെ രാഷ്ട്രീയ ജീവിതത്തിന് തിരശീല വീഴുമായിരുന്നു. എന്നാൽ, നായിഡു ശക്തമായ തിരിച്ചുവരവാണു നടത്തിയത്.



ആന്ധ്രാപ്രദേശ് നിയമസഭയിൽ എംഎൽഎമാരെ വണങ്ങുന്ന മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു.

# സെമഗ്ലൂറ്റൈഡ് മരുന്നിന് വ്യാജൻ; ജാഗ്രതാ നിർദേശം

ന്യൂഡൽഹി: ടൈപ്പ് 2 പ്രമേഹത്തിനും അമിതവണ്ണത്തിനുമെതിരെ നൽകുന്ന സെമഗ്ലൂറ്റൈഡ് മരുന്നുകൾക്കു വ്യാജൻ ഇറങ്ങുന്നതായും ജാഗ്രത പാലിക്കണമെന്നും ലോകാരോഗ്യ സംഘടന മുന്നറിയിപ്പു നൽകി. പ്രമേഹത്തിനാണു സെമഗ്ലൂറ്റൈഡ് വിപണിയിലെത്തിച്ചതെങ്കിലും വണ്ണം കുറയ്ക്കാൻ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഇതോടെ വൻ ഡിമാൻഡായി. ഇതു മുതലെടുത്തു വ്യാജനിറങ്ങാൻ തുടങ്ങി. ബ്രസീൽ, യുകെ, അയർലൻഡ് എന്നീ രാജ്യങ്ങളിൽ കഴിഞ്ഞവർഷം ഈ വ്യാജമരുന്നു കണ്ടെത്തിയിരുന്നു. വ്യാജൻ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നാണു മുന്നറിയിപ്പ്. ടൈപ്പ് 2 പ്രമേഹബാധിതരിൽ രക്തത്തിലെ പഞ്ചസാരയുടെ തോത് കുറയ്ക്കാനാണ് സെമഗ്ലൂറ്റൈഡ് നൽകുന്നത്. ഹൃദ്രോഗസാധ്യതയും കുറയ്ക്കും.

# ജൂലൈ മൂന്നു മുതൽ ഞായറാഴ്ചകളിൽ ഒരു സിനഡ് കുർബാനയെങ്കിലും അർപ്പിക്കണം

കൊച്ചി: ജൂലൈ 3 മുതൽ ഏകീകൃത കുർബാന അർപ്പിക്കാത്ത വൈദികരെ സഭയിൽനിന്നു പുറത്താക്കുമെന്നുള്ള കർശന നിർദേശത്തിൽ സീറോമലബാർ സഭാസിനഡ് അയവ് വരുത്തി. ജൂലൈ 3 മുതൽ പള്ളികളിലും സ്ഥാപനങ്ങളിലും ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും ഒരു കുർബാനയെങ്കിലും സിനഡ് നിർദേശിച്ച ഏകീകൃത രൂപത്തിൽ അർപ്പിക്കണമെന്നാണ് പുതിയ നിർദേശം. ഇത് അനുസരിക്കുന്നവരെ ജൂൺ 9-ന് നല്കിയ സർക്കുലർ പ്രകാരമുള്ള നടപടികളിൽ നിന്ന് ഒഴിവാക്കുമെന്ന് പുതിയ സർക്കുലറിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ എന്നിവർ അറിയിച്ചു.

ഏകീകൃത കുർബാന അർപ്പിക്കാത്തവർ ജൂലൈ 4-നുശേഷം സഭയിൽനിന്നു സ്വയം പുറത്തുപോയതായി കണക്കാക്കുമെന്ന ജൂൺ 9-ലെ സർക്കുലർ സാധുവായി നിലനിൽക്കുമെന്നും പുതിയ സർക്കുലറിൽ വ്യക്തമാക്കുന്നു. ഏകീകൃത കുർബാന പരിചയപ്പെടുത്തുന്നതിനും ബോധവത്കരണത്തിനും സമയം അനുവദിക്കാമെന്നു മാർപാപ്പ അതിരൂപതയ്ക്കു നല്കിയ കത്തിൽ അറിയിച്ചിരുന്നു. ഇതനുസരിച്ചാണ് ഇളവ് നല്കുന്നത്. ഇത് സ്ഥിരമായുള്ള ഇളവല്ലെന്നും ഏകീകൃത കുർബാന മാത്രം അനുവദനീയമാക്കുന്നതിനുള്ള സമയം സിനഡ് പിന്നീട് തീരുമാനിക്കുമെന്നും സർക്കുലറിൽ പറയുന്നു.

ജൂലൈ മൂന്നിനുശേഷം ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃത രീതിയിൽ ചൊല്ലാതിരിക്കുകയോ കുർബാന തടസ്സപ്പെടുത്തുകയോ ചെയ്യുന്ന വൈദികർക്കെതിരെ ജൂൺ 9-ലെ സർക്കുലർ പ്രകാരം നടപടിയുണ്ടാകും. നിലവിൽ ഏകീകൃത കുർബാന അർപ്പിക്കുന്നവർക്കും ജൂലൈ മൂന്നിനു ശേഷം അത് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും തടസ്സങ്ങളുണ്ടാക്കരുത്.

സന്യാസഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും ജൂലൈ 3 മുതൽ ഏകീകൃത കുർബാന അർപ്പിക്കണം. എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനയ്ക്ക് വചനവേദി നിർബന്ധമാണ്. സഭയിലെ മറ്റു രൂപതകളിൽനിന്നുള്ള വൈദികരും മെത്രാന്മാരും അതിരൂപതയിലെ പള്ളികളിൽ വരുമ്പോൾ ഏകീകൃത കുർബാനയ്ക്ക് അവസരം നല്കണം. സഭയുടെ കൂട്ടായ്മ തകർക്കുന്ന പരസ്യപ്രസ്താവനകൾ പാടില്ലെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടിയെടുക്കുമെന്നും സർക്കുലറിൽ ഓർമ്മിപ്പിക്കുന്നു. അനുരഞ്ജനപ്രക്രിയ ത്വരിതപ്പെടുത്താനും സഭയിലെ മുറിവുകൾ ഉണക്കാനും മേജർ ആർച്ച്ബിഷപ്, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, അതിരൂപതയിൽ നിന്നുള്ള ബിഷപ്പുമാർ എന്നിവർ നടപടി സ്വീകരിക്കണമെന്നും സിനഡ് ഓർമ്മിപ്പിച്ചു.

# സൈബർ തട്ടിപ്പ്: ബോധവത്കരണവുമായി കെസിബിസി

കൊച്ചി: 'നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സാമ്പത്തിക തട്ടിപ്പുകൾ' എന്ന വിഷയത്തിൽ കെസിബിസി മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പിഒസിയിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. കെസിബിസി മീഡിയ കമ്മീഷൻ മുതിർന്ന പൗരന്മാർക്കായി ഒരുക്കിയ സൗഹൃദ വേദിയായ 'മധുരം സായന്തന'ത്തിലെ അംഗങ്ങൾക്കായാണ് ക്ലാസ് നടത്തിയത്.

കേരള പോലീസ് സൈബർ ഡോം അസി. കമാൻഡർ അഡ്വ. ജിൻസ് ടി. തോമസ് ക്ലാസെടുത്തു. ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പുകൾ, ഓൺലൈൻ ആപ് വഴിയുള്ള തട്ടിപ്പ്, വീഡിയോകോൾ വഴിയുള്ള ഹണിട്രാപ് തട്ടിപ്പുകൾ, ഓൺലൈൻ ലോട്ടറി തട്ടിപ്പ്, ഡീപ്ഫേക്ക് വീഡിയോ തട്ടിപ്പുകൾ, പ്രീ ഓൺഡ് ഗാഡ്ജറ്റ് തട്ടിപ്പുകൾ, പ്രീ ഓൺഡ് ലക്ഷ്വറി വെഹിക്കിൾ തട്ടിപ്പ്, സീസണൽ ക്രൈംസ്, കള്ളപ്പണം വെളുപ്പിക്കുന്നതിന് ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്ന വഞ്ചനാരീതികൾ തുടങ്ങിയ വിവിധ തട്ടിപ്പ് രീതികളെക്കുറിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

സൈബർ ഓൺലൈൻ രംഗത്തെ ചതിക്കുഴികളിൽ മുതിർന്ന പൗരന്മാർ കൂടുതലായി ഇരകളാക്കപ്പെടുന്ന സാഹചര്യത്തിലാണ് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചതെന്ന് കെസിബിസി മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

# ട്രഷറി അക്കൗണ്ട്: പണമെടുത്താൽ ഫോണിൽ സന്ദേശം

തിരുവനന്തപുരം: ട്രഷറി അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ചാൽ എസ്എംഎസിലൂടെ അക്കൗണ്ട് ഉടമയെ അറിയിക്കുന്ന സംവിധാനം പ്രാബല്യത്തിൽ വന്നു. ജീവനക്കാരുടെയും (ഇടിഎസ്ബി), പെൻഷൻകാരുടെയും (പിടിഎസ്ബി) അക്കൗണ്ടുകളിൽ നിന്നും സേവിങ്സ് അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിച്ചാലാണ് അറിയിപ്പ്. പിൻവലിച്ച തുകയും അക്കൗണ്ടിൽ ബാക്കിയുള്ള തുകയും സന്ദേശത്തിലുണ്ടാകും. മറ്റ് ഇടപാടുകൾക്ക് അറിയിപ്പ് ലഭിക്കില്ല.

അക്കൗണ്ട് ആരംഭിച്ചപ്പോഴോ പിന്നീടോ നല്കിയ കെവൈസിയിൽ രേഖപ്പെടുത്തിയ മൊബൈൽ നമ്പറിലേക്കാണ് എസ്എംഎസ് എത്തുക. നമ്പർ മാറ്റണമെങ്കിൽ ട്രഷറി ശാഖയിലെത്തി അപേക്ഷ നല്കണം.

കാലങ്ങളായി ഇടപാടു നടത്താത്ത അക്കൗണ്ടുകളിൽ നിന്ന് കഴക്കൂട്ടം സബ്ട്രഷറിയിലെ ജീവനക്കാർ ചേർന്നു 18 ലക്ഷം രൂപ തട്ടിയെടുത്തതിനെ തുടർന്നാണ് നേരത്തെ തന്നെ സജ്ജമായിരുന്ന എസ്എംഎസ് അലർട്ട് സംവിധാനം ഇപ്പോൾ നടപ്പാക്കിയത്.



# JOYALUKKAS UNVEILS NEWLY RENOVATED SHOWROOM IN NEW JERSEY WITH EXCITING GOLD RUSH OFFERS!

New Jersey, USA - June, 2024: The world-renowned jeweler, Joyalukkas, has set the benchmark for jewelry shopping globally. Their newly renovated showroom in New Jersey is no different. Known for their bespoke collections and world-class service, the brand inaugurated their New Jersey showroom on Saturday, June 15th 2024. The grand occasion was attended by Mr. Sam Joshi Mayor of Edison, New Jersey in the presence of Mr. Joy Alukkas, Chairman of Joyalukkas Group.




The globally renowned jewelry brand Inaugurated its newly renovated showroom in New Jersey, USA on, June 15th, 2024. The event was graced by esteemed guest, the Mayor of New Jersey Mr. Sam Joshi alongside Mr. Joy Alukkas, Chairman of Joyalukkas Group - marking a significant milestone in the brand's expansion in the USA

Reflecting on the occasion, Mr. Joy Alukkas, Chairman of Joyalukkas Group, stated, “Our expansion journey across the USA has been a tremendously successful one and the reopening of our New Jersey showroom is the latest feather in our cap. Known to be a hub of culture and creativity, New Jersey is an exciting city in ways more than one. We look forward to bringing our customers the very best here – both, in terms of collections, and in terms of exciting offers and promotions.”

To celebrate the grand reopening, Joyalukkas introduced an exclusive promotion at their New Jersey showroom. On purchasing gold jewelry worth USD 1,000, customers will receive a complimentary 0.200 gram gold coin. Customers who spend USD 2,000 or more on diamond, polki, and pearl jewelry will receive a generous 1-gram gold coin. This exclusive and limited time offer is valid only from 15th to 23rd June, 2024.

Visit Joyalukkas New Jersey today to explore their captivating collections and take advantage of these exceptional offers. Don’t miss out on this golden opportunity to experience elegance at its finest.



ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തുന്ന യുഎസ് ജനപ്രതിനിധിസഭാ മുൻ സ്പീക്കർ നാൻസി പെലോസി

# മോദിയെക്കണ്ട് അമേരിക്കൻ സംഘം

ന്യൂഡൽഹി: ചൈനയുടെ എതിർപ്പ് വകവെക്കാതെ ഇന്ത്യയിലെത്തി ടിബറ്റൻ ആത്മീയനേതാവ് ദലൈലാമയുമായി കൂടിക്കാഴ്ച നടത്തിയ അമേരിക്കൻ ജനപ്രതിനിധിസംഘം പ്രധാനമന്ത്രി നരേന്ദ്രമോദിയെയും സന്ദർശിച്ചു.

ജൂൺ 20-ന് ഡൽഹിയിലെത്തിയാണ് മോദിയെ കണ്ടത്. ഇന്ത്യയും അമേരിക്കയും തമ്മിലെ സമഗ്രമായ ആഗോളപങ്കാളിത്തത്തെ മുന്നോട്ടു കൊണ്ടുപോകാനുള്ള ഉഭയകക്ഷി പിന്തുണയെ വിലമതിക്കുന്നുവെന്ന് മോദി പിന്നീട് എക്സിൽ കുറിച്ചു.

ടിബറ്റൻ വിഷയത്തിൽ സമവായമുണ്ടാക്കാൻ ചൈനയോട് ആവശ്യപ്പെടുന്ന ബിൽ യുഎസ് കോൺഗ്രസ് പാസാക്കിയതിനുപിന്നാലെ ഇന്ത്യയിലെത്തിയ അമേരിക്കൻ പ്രതിനിധിസംഘം ദലൈലാമയെ കണ്ടശേഷം ചൈനക്കെതിരെ കടുത്ത പ്രസ്താവനകൾ നടത്തിയിരുന്നു.

ടിബറ്റൻ സംസ്കാരത്തെ ഇല്ലാതാക്കാൻ സമ്മതിക്കില്ലെന്നും ദലൈലാമയുടെ അനന്തരാവകാശിയെ തീരുമാനിക്കുന്നതിൽ ചൈനയുടെ ഇടപെടൽ അനുവദിക്കില്ലെന്നും അമേരിക്കൻ നേതാക്കൾ പറഞ്ഞു. അതിനുശേഷം മോദിയുമായി നടത്തിയ കൂടിക്കാഴ്ചയിലും ടിബറ്റൻ വിഷയം ചർച്ചചെയ്തതായാണ് സൂചന. ടിബറ്റിന്റെ സ്വാതന്ത്ര്യത്തിന് പിന്തുണയറിയിക്കാനാണ് സംഘം ഇന്ത്യയിലെത്തിയതും.

എന്നാൽ, ടിബറ്റ് വിഷയം സൂചിപ്പിക്കാതെയാണ് മോദിയുടെ പോസ്റ്റ്. റിപ്പബ്ലിക്കൻ നേതാവ് മൈക്കിൾ മകോളിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ യുഎസ് മുൻസ്പീക്കർ നാൻസി പെലോസിയുമുണ്ടായിരുന്നു.



# ചിക്കാഗോ സീറോമലബാർ കത്തീഡ്രലിൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാൾ


ചിക്കാഗോ: വിശുദ്ധ തോമ്മാശ്ലീഹായുടെ തിരുന്നാൾ സീറോമലബാർ കത്തീഡ്രലിൽ അത്യാഡംബരപൂർവം കൊണ്ടാടുന്നു. ജൂൺ 30-ന് കൊടിയേറ്റ് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.

ജൂൺ 28 മുതൽ ജൂലൈ 6 വരെ എല്ലാ ദിവസവും തോമ്മാശ്ലീഹായുടെ നൊവേന ഉണ്ടായിരിക്കുന്നതാണ്. ഇടവകയിലെ വനിതകളാണ് ഇത്തവണ തിരുനാളിന് നേതൃത്വം നല്കുന്നത്.


ജൂലൈ 3-ന് ആഘോഷമായ റാസക്കുർബാന ഇംഗ്ലീഷിലും ജൂലൈ നാലിന് മലയാളം റാസക്കുർബാനയും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 5-ന് വൈകുന്നേരം വർണ്ണവൈവിദ്ധ്യമായ കലാപരിപാടികളോടു കൂടി സീറോമലബാർ നൈറ്റ് അരങ്ങേറുന്നു.

ജൂലൈ 6-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് സീറോമലബാർ സഭാദ്ധ്യക്ഷൻ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന് ഇടവകജനം ഒന്നാകെ സ്വീകരണം നല്കുന്നു. സഭാദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തശേഷം ആദ്യമായി അമേരിക്കയിലെ സഭാംഗങ്ങളെ കാണാൻ പിതാവ് എത്തുന്നു എന്നത് ഏറെ സന്തോഷപൂർവം വിശ്വാസികൾ കാണുന്നു.


ജൂലൈ 6-ന് വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്ന പ്രസുദേന്തി നൈറ്റ് പ്രമുഖ സംഗീതസംവിധായകൻ ഔസേപ്പച്ചന്റെ നേതൃത്വത്തിൽ 300-ഓളം ഗായകർ ഉൾക്കൊള്ളുന്ന സംഗീതസന്ധ്യയോടെ ആരംഭിക്കും. വൈവിദ്ധ്യമാർന്ന കലാരൂപങ്ങളും അന്നേദിവസം അരങ്ങേറും.



മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ



ബിഷപ് മാർ ജോയി ആലപ്പാട്ട്




ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്

ജൂലൈ 7-ന് അഭിവന്ദ്യ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ കുർബാന അർപ്പിക്കപ്പെടും. അതേത്തുടർന്ന് ഭക്തിനിർഭരമായ പ്രദക്ഷിണവും കരിമരുന്ന് പ്രകടനവും ഉണ്ടായിരിക്കും.

നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നതായി ഇടവകവികാരി ഫാ. തോമസ് കടുകപ്പിള്ളിലും സഹവികാരി ഫാ. ജോയൽ പയസും അറിയിക്കുന്നു.

## ചാക്കോളമണ്ണിൻ ജേക്കബ് ചെറിയാൻ അന്തരിച്ചു



പാക്കിൽ: സാഹിത്യ പ്രവർത്തക സഹകരണസംഘം റിട്ട. മാനേജർ ചാക്കോളമണ്ണിൻ ജേക്കബ് ചെറിയാൻ (90) അന്തരിച്ചു. സംസ്കാരം ജൂൺ 25-ന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 12-ന് പള്ളം സെ. ജോൺ ദ് ബാപ്റ്റിസ്റ്റ് പള്ളിയിൽ. ഭാര്യ മങ്കൊമ്പ് കുടുംബാംഗമായ ഏലിയാമ്മ നൈനാൻ (റിട്ട. അദ്ധ്യാപിക, സിഎംഎസ് സ്കൂൾ). മക്കൾ: സന്തോഷ് ജോർജ് ജേക്കബ് (കോ-ഓർഡിനേറ്റർ, മനോരമ ഓൺലൈൻ), സനിത സാറാ ജേക്കബ് (അദ്ധ്യാപിക സിഎംഎസ് എച്ച്എസ് പള്ളം). മരുമക്കൾ: ഡോ. ലത മേരി ചെറിയാൻ (എച്ച്ഒഡി ഗവ. ഡന്റൽ കോളജ്, കോട്ടയം), കുര്യൻ കോശി (മാനേജർ, എൽഐസി ചെങ്ങന്നൂർ).

## പരീക്ഷാക്രമക്കേടിന് 10 വർഷം ജയിൽ, ഒരു കോടി രൂപ വരെ പിഴ

ന്യൂഡൽഹി: മത്സരപ്പരീക്ഷകളിൽ ക്രമക്കേടു കാണിക്കുന്നവർക്കു 10 വർഷം വരെ ജയിൽശിക്ഷയും ഒരു കോടി രൂപ വരെ പിഴയും ലഭിക്കുന്ന പൊതുപരീക്ഷാ (അന്യായ രീതികൾ തടയുന്നതിനുള്ള) നിയമം ജൂൺ 21 മുതൽ പ്രാബല്യത്തിൽ. ഫെബ്രുവരിയിൽ ബിൽ പാസായിട്ടും നിയമം പ്രാബല്യത്തിൽ വരാത്തതു നീറ്റ് പരീക്ഷാക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വിമർശിക്കപ്പെട്ടിരുന്നു. ആൾമാറാട്ടം, ഉത്തരക്കടലാസ് തിരിമറി, രേഖകളിലെ തിരിമറി, റാങ്ക് ലിസ്റ്റ് അട്ടിമറി എന്നിവ ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളായിരിക്കും. മത്സരപ്പരീക്ഷകളിലെ സുരക്ഷാചട്ടങ്ങളുടെ ലംഘനം, സീറ്റിങ് അറേഞ്ച്മെന്റിലെ ക്രമക്കേട്, കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ചട്ടങ്ങളുടെ ലംഘനം എന്നിവയും കുറ്റങ്ങളായി നിർവചിക്കുന്നു. പരീക്ഷയിലെ ക്രമക്കേട് സംഘടിത കുറ്റകൃത്യമാണെന്ന് കണ്ടെത്തിയാൽ 5 മുതൽ 10 വർഷം വരെ തടവു ലഭിക്കും. ഒരു കോടി രൂപയിൽ കുറയാത്ത പിഴയുമുണ്ടാകും. ഏതെങ്കിലും സ്ഥാപനമാണു ക്രമക്കേടു നടത്തുന്നതെങ്കിൽ അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടും. വ്യക്തി ഒറ്റയ്ക്കു ചെയ്ത കുറ്റമാണെങ്കിൽ 3 മുതൽ 5 വർഷം വരെയാണു തടവ്. 10 ലക്ഷം രൂപ വരെ പിഴ ലഭിച്ചേക്കാം.

## ജമ്മുകാശ്മീരിന്റെ സംസ്ഥാനപദവി പുനഃസ്ഥാപിക്കും: പ്രധാനമന്ത്രി

ശ്രീനഗർ: ജമ്മുകാശ്മീരിന്റെ സംസ്ഥാനപദവി ഉടൻ പുനഃസ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജമ്മുകാശ്മീരിൽ 1500 കോടിയുടെ വിവിധ വികസനപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മോദി. മൂന്നാമതും പ്രധാനമന്ത്രിയായശേഷം മോദിയുടെ ആദ്യ ജമ്മുകാശ്മീർ സന്ദർശനമാണ്. ജമ്മുകാശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഇപ്പോഴാണ് ഇന്ത്യൻ ഭരണഘടന ഇവിടെ യഥാർത്ഥത്തിൽ നടപ്പായത്. ഈയിടെയുണ്ടായ ഭീകരാക്രമണങ്ങളെല്ലാം കേന്ദ്രം അതിഗൗരവത്തോടെയാണ് കാണുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

#1 SERVICE



BROKER / REALTOR®

# Ann Varkey

#1 RE/MAX ORLANDO FLORIDA

**Certified Luxury Home Specialist**
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM
AnnVarkeyRealtor@gmail.com

REALTOR 35 YEARS

15 PAID WEB DOMAINS to market your home. No transaction fees for Sellers or Buyers

Lifetime Achievement Award - Chairman's Club Award – Hall of Fame – YMCA Leaders Club Honor






CUSTOM DESIGNER POOL & WATERFALL



Lake View & Golf Front Luxury Estate Home
High Level Security and Privacy – Pool / Spa







Pool / Spa 5 BR 3 BA $899,000




Pool / Spa 5 BR 3 BA



Estates at Phillips Landing – New Kitchen Remodel
New A/C, New Pool Pump, New Pool Heater $1,170,000

COMING UP
APPROX. 4 ACRE LAND
IN HIGHLY DESIREABLE AREA
APPROX. $1.9 MILLION


Portions of Commissions go to www.VarkeyCharities.com
Provided 50 Lepers with Prosthetic Legs

***WHEN YOU ARE LOOKING FOR RESULTS, YOU CALL THE BEST. WHEN YOU WANT THE BEST, YOU CALL ANN. 407-489-4225***

www.AnnVarkey.com
See Testimonials on Ann's Website
Ann gives back to the community

Other Listings, Vacant Lands, Rentals also available. See Letters from Washington.

# ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ വി. തോമ്മാശ്ലീഹായുടെ തിരുനാൾ ജൂൺ 28 മുതൽ ജൂലൈ 8 വരെ




**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: ഭാരത അപ്പസ്തോലനും ഇടവക മദ്ധ്യസ്ഥനുമായ വിശുദ്ധ തോമ്മാശ്ലീഹായുടെ ദുക്റാന (ഓർമ്മ) തിരുനാളിന് സെ. തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ ജൂൺ 28–ന് വെള്ളിയാഴ്ച കൊടിയേറ്റത്തോടെ തുടക്കമാകും.

ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, ചിക്കാഗോ സീറോമലബാർ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം എന്നിവർ സംയുക്തമായി വൈകുന്നേരം ആറരയ്ക്ക് തിരുനാൾ കൊടി ഉയർത്തി പതിനൊന്നു ദിവസം നീണ്ടുനിൽക്കുന്ന തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭം കുറിക്കും. 7 മണിക്ക് ദിവ്യബലി, തിരുസ്വരൂപങ്ങളുടെ വെഞ്ചരിപ്പ്, ലദീഞ്ഞ് എന്നിവയും നടക്കും.

പ്രധാന തിരുനാൾ ദിവസങ്ങൾ ജൂലൈ 5, 6, 7 ആയിരിക്കും. 5–ന് വെള്ളിയാഴ്ച വൈകുന്നേരം ഏഴിന് മുൻ വികാരി റവ.ഫാ. കുര്യാക്കോസ് കുമ്പക്കിൽ മുഖ്യകാർമ്മികനായി ദിവ്യബലി, തിരുനാൾ സന്ദേശം, നൊവേന. 6–ന് ശനിയാഴ്ച വൈകുന്നേരം നാലര മുതൽ റവ.ഫാ. ജോബി ജോസഫ് (സെ. മേരീസ് സീറോമലബാർ, ലോങ് ഐലന്റ്) കാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ കുർബാനയും ലദീഞ്ഞും പ്രദക്ഷിണവും.

തുടർന്ന് 7 മണി മുതൽ ഇടവകയിലെ കലാപ്രതിഭകൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കും.

പ്രധാന തിരുനാൾ ദിവസമായ ജൂലൈ 7–ന് ഞായറാഴ്ച രാവിലെ ഒമ്പതര മണിക്ക് റവ.ഫാ. ലിജോ കൊച്ചുപറമ്പിലിന്റെ (ഫിലാഡൽഫിയ സെ. ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷൻ) മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ റാസ കുർബാന. തിരുനാൾ സന്ദേശം നല്കുന്നത് റവ.ഫാ. ജോസഫ് അലക്സ് (കാത്തലിക് യൂണിവേഴ്സിറ്റി, വാഷിങ്ടൺ ഡിസി) നൊവേനയ്ക്കും ലദീഞ്ഞിനും ശേഷം വിശുദ്ധരുടെ സ്വരൂപങ്ങൾ സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, യുവജനങ്ങൾ തയ്യാറാക്കുന്ന കാർണിവൽ, തുടർന്ന് സ്നേഹവിരുന്ന്.

ജൂലൈ 8–ന് തിങ്കളാഴ്ച മരിച്ചവരുടെ ഓർമ്മദിനമായി ആചരിക്കും. വൈകുന്നേരം 7–ന് ദിവ്യബലി, ഒപ്പീസ്. തിരുക്കർമ്മങ്ങൾക്കുശേഷം റവ. ഡോ. ജോർജ് ദാനവേലിൽ കൊടിയിറക്കുന്നതോടെ പതിനൊന്നു ദിവസത്തെ തിരുനാളാഘോഷങ്ങൾക്ക് തിരശ്ശീല വീഴും.

ജൂൺ 28 മുതൽ ജൂലൈ 6 വരെ എല്ലാ ദിവസങ്ങളിലും വൈകുന്നേരം 7 മണിക്ക് ഇടവകയിലെ കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ നൊവേനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടക്കും. തിരുനാൾ ദിവസങ്ങളിൽ (ഞായർ ഒഴികെ) വൈകുന്നേരം 6.30 മുതൽ ഏഴു മണി വരെ കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരിക്കും.

വിൻസന്റ് ഇമ്മാനുവലും കുടുംബവുമാണ് ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. കൈക്കാരന്മാരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ തിരുനാൾ നടത്തിപ്പിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാരായ ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള, പാരിഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, തിരുനാൾ പ്രസുദേന്തി, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ തിരുനാളിന്റെ ക്രമീകരണങ്ങൾ നിർവഹിക്കുന്നു.

# അനിൽ കരുംകുളം എഴുതിയ 'ഇരുമുഖം' നോവൽ പ്രകാശനം ചെയ്തു


**ഋഷിരാജ് സിംഗ്**

ചിക്കാഗോ: പ്രശസ്ത സിനിമാ സംവിധായകനും നടനുമായ രാജസേനൻ ഉദ്ഘാടനം ചെയ്ത ഒരു ചടങ്ങിൽ വെച്ച് അനിൽ കരുംകുളം എഴുതിയ 'ഇരുമുഖം' എന്ന ഡിറ്റക്ടീവ് നോവൽ ഡോ. ഏഴുമറ്റൂർ രാജ രാജ വർമ്മയ്ക്ക് നല്കി മുൻ ഡിജിപി ഋഷിരാജ് സിംഗ് ഐപിഎസ് പ്രകാശനം ചെയ്തു. വളരെ നല്ലൊരു പുസ്തകമെന്നു മാത്രമല്ല, ഞാൻ വായിച്ചപ്പോൾ ആ നോവൽ എന്നെ കുറെയൊക്കെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചെന്നും അദ്ദേഹം പറഞ്ഞു.




ഒരു സ്ത്രീകുറ്റവാളിയുടെ കഥയാണ് നോവലിസ്റ്റ് വളരെ ലളിതമായി അവതരിപ്പിച്ചിരിക്കുന്നത്. ഒരു വീട്ടിൽ വളരെ ചെറിയ പ്രായത്തിൽ വീട്ടുജോലിക്കാരിയായി നിന്നിട്ട് വയസ്സായ ഒരു സ്ത്രീയെയും അവരുടെ ഭർത്താവിനെയും പണത്തിനുവേണ്ടി കൊന്ന് വയനാട്ടിലേക്ക് കടന്നുകളഞ്ഞ ആ സ്ത്രീയെ കേരള പോലീസിന് 32 വർഷമായിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അമേരിക്കയിലായിരുന്ന മകൻ ജോലി മതിയാക്കി നാട്ടിൽ വന്ന് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പുനരന്വേഷണത്തിന് ഉത്തരവ് സമ്പാദിക്കുന്നതിലൂടെ പോലീസ് വീണ്ടും അന്വേഷിച്ച് ആ സ്ത്രീയെ കണ്ടുപിടിക്കുകയും ചെയ്യുന്നു. അപ്പോഴേയ്ക്കും അവർ നാല് കൊലപാതകങ്ങൾ ചെയ്ത് ഒരു കൊടുംകുറ്റവാളി ആയിക്കഴിഞ്ഞിരുന്നു.

ഡിജിറ്റൽ തെളിവുകൾ ശേഖരിക്കാൻ കഴിയാതിരുന്ന ആ കാലഘട്ടത്തിൽ നടന്ന കൊലപാതകങ്ങൾ ഈ കാലഘട്ടത്തിൽ എങ്ങനെ കണ്ടുപിടിച്ചു എന്നതാണ് വെല്ലുവിളിയായി നോവലിസ്റ്റ് ഇതിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. അത് വായിച്ച് അറിയേണ്ടതാണ്. മാത്രമല്ല ഇന്ത്യയിൽ ആദ്യമായി ഒരു സ്ത്രീയെ തൂക്കിലേറ്റുന്നതും ഈ നോവലിന്റെ സവിശേഷതയാണ്.




രസകരമായ ഒരു കാര്യം എന്തെന്നാൽ ഞാൻ ഡിജിപി ആയിരുന്ന പൂജപ്പുര ജയിലിൽ തന്നെയാണ് ഇതെല്ലാം നടന്നിരിക്കുന്നതായി നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല ഒരു വിമുക്തഭടനായ നോവലിസ്റ്റ് എങ്ങനെ ഇത്ര കൃത്യമായി ഓരോ സംഭവങ്ങളും എഴുതിയിരിക്കുന്നു എന്നത് എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. ഞാൻ ഈ പുസ്തകം വായിച്ചു. ഒറ്റ വായനയിൽ വായിച്ചു തീർക്കാനാവും എന്നതാണ് ഈ നോവലിന്റെ പ്രത്യേകത നിങ്ങൾ ഈ പുസ്തകം വായിക്കണം എന്നതാണ് എന്റെ അഭിപ്രായം. നോവലിസ്റ്റ് അനിൽ കരുംകുളത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. നോവൽ ആവശ്യമുള്ളവർ താഴെക്കൊടുത്തിരിക്കുന്ന ഫോണിൽ ബന്ധപ്പെടുക 9048398833, 7907213054. e-mail:anilkarumkulam@gmail.com

# സിനി ജോണിന് സ്ട്രോസ് സർവീസ് എക്സലൻസ് അവാർഡ്

**ലാലി ജോസഫ്**

ഡാളസ്: യു.ടി. സൗത്ത് വെസ്റ്റേൺ ആശുപത്രിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നവരുടെ കഴിവും വൈദഗ്ദ്ധ്യവും കണക്കിലെടുത്ത് സഹപ്രവർത്തകരുടെ നോമിനേഷനിൽ കൂടി എല്ലാ ക്വാർട്ടറിലും ആറു പേരെ വീതം തെരഞ്ഞെടുത്ത് അവർക്ക് കൊടുക്കുന്ന അവാർഡിനെയാണ് സ്ട്രോസ് സർവീസ് എക്സലൻസ് അവാർഡ് എന്ന് വിളിക്കുന്നത്. ഈ ക്വാർട്ടറിൽ യു.ടി. സൗത്ത് വെസ്റ്റേൺ ആശുപത്രിയിൽ വയനാട് സ്വദേശിനിയായ സിനി ജോൺ ഈ അവാർഡിന് അർഹയായി.




മൂന്നു കാര്യങ്ങളാണ് ഈ അവാർഡ് കൊടുന്നതിനായി പരിഗണിക്കുന്നത്. ഒന്നാമത് അവരുടെ ജോലിയിലുള്ള മികവും വൈദഗ്ദ്ധ്യവും. രണ്ടാമത് അടുത്ത തലമുറയ്ക്ക് ഇവർ ഒരു റോൾ മോഡൽ ആയിരിക്കുക, മൂന്നാമത് ഗുണകരമായ രീതിയിലുള്ള സാമൂഹികസേവനം ചെയ്യുക.

അവാർഡിന് അർഹരായവരെ മെയ് 17–ന് നടന്ന ചടങ്ങിൽ ഹെൽത്ത് സിസ്റ്റംസ് എംഡിയും എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടുമായ ജോനാഥൻ എഫ്രോൺ അവാർഡ് നല്കി അനുമോദിച്ചു. സിനി തന്റെ അചഞ്ചലമായ പ്രതിബദ്ധതയിൽ കൂടി പരിചരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. 24 വർഷത്തെ സേവനപരിചയമുള്ള സിനി 2021 മുതൽ യുടി സൗത്ത്‌വെസ്റ്റേൺ ആശുപത്രിയുടെ തീവ്രപരിചരണ വിഭാഗത്തിൽ ജോലി ചെയ്തുവരുന്നു. ചെന്നൈയിലെ ഡോ. എം.ജി.ആർ. യൂണിവേഴ്സിറ്റി (ശ്രീ ബാലാജി കോളജ് ഓഫ് നേഴ്സിങ്) നിന്ന് നേഴ്സിങ്ങിൽ ബിരുദം കരസ്ഥമാക്കി.

അമേരിക്കയിൽ വരുന്നതിനു മുമ്പ് ഇന്ത്യയിലും അബുദാബിയിലും ജോലിചെയ്തു. വുണ്ട് കെയറിലും സ്കിൻ കെയറിലും ഉള്ള സിനിയുടെ വൈദഗ്ദ്ധ്യം എടുത്തു പറയേണ്ടതുതന്നെയാണ്. രോഗികളോടും സഹപ്രവർത്തകരോടുമുള്ള സിനിയുടെ പെരുമാറ്റവും ഈ അവാർഡിന് ഒരു മാനദണ്ഡമായി കരുതാം. അതുപോലെതന്നെ സിനി പഠിച്ച കാര്യങ്ങൾ സഹപ്രവർത്തകരെ പഠിപ്പിക്കാനും പകർന്നുകൊടുക്കുന്നതിനും ഒരു മടിയും കാണിക്കാറില്ല.

സിനിക്ക് നേഴ്സിങ്ങിൽ മാത്രമല്ല ഡ്രോയിംഗിലും പെയിന്റിംഗിലും കുടുംബവുമൊത്തുള്ള ഉല്ലാസയാത്രയിലും അതീവ താല്പര്യമുണ്ട്. ഭർത്താവ് മാത്യുവും മക്കളായ ഡോണ, ഡെയിൻ, ഡെൽനാ എന്നിവരുമൊത്ത് ഇർവിങ്, ടെക്സസിൽ താമസിക്കുന്നു. കൊപ്പേൽ സെ. അൽഫോൻസാ സീറോ മലബാർ കാത്തലിക് ചർച്ച് പള്ളിയിലെ വിമൻസ് ഫോറത്തിലെ സജീവ സാന്നിദ്ധ്യവുമാണ് സിനി ജോൺ.

# St. Thomas SyroMalabar Catholic Forane Church, Philadelphia




## വി.തോമാശ്ലീഹായുടെ ദുക്റാന

## Parish Feast 2024

# തിരുനാൾ

**June 28 to July 8**

പ്രിയപ്പെട്ടവരെ,

നമ്മുടെ ഇടവക മദ്ധ്യസ്ഥനായ വി.തോമാശ്ലീഹായുടെ തിരുന്നാൾ ഭക്തി നിർഭരമായ തിരുകർമ്മങ്ങളോടു കൂടി ആഘാഷിക്കുകയാണ്. തിരുനാളിന് ഒരുക്കമായ നൊവേനയിലും, തിരുകർമ്മങ്ങളിലും, കലാപരിപാടികളിലും സംബന്ധിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

TRUSTEES: Joseph Cheruvelil, Saji Sebastian, Polachan K. Vareed, Jose Thomas, Kuruvilla James

VICAR: Rev. Dr. George Danavelil

Thirunnal Prasudenti: Vincent Emmanuel and Family

**Friday, June 28 - 6:30 PM** — **Kodiyettam**
7:00 PM Holy Qurbana, Novena
Blessing of the Statues
Rev. Fr. John Melepuram, Vicar General

**Novena to St. Thomas - Fri, June 28 to Mon, July 6, 7PM: Holy Qurbana, Novena**

## Main Feast Days - July 5,6 & 7

**Friday, July 5:** 7:00 PM
Holy Qurbana, Novena

**Saturday, July 6:** 4:30 PM
Solemn Holy Qurbana, Novena, Ladeenju, Procession, Dinner
7:00 PM Santhome Feast - Cultural Show

**Sunday, July 7:** 9:30 AM
Solemn Holy Rasa Qurbana, Novena, Ladeenju, Thirunnal Procession, Snehavirunnu

**Monday, July 8:** 6:45 PM Kodiyirakkam, Holy Qurbana

**Saturday, July 6**
Starting at 7 PM
**Santhome Fest**

Kerala THATTUKADA
CATERING & TAKE OUT
Saji Varghese
215-954-4846
215-552-5643
2429 Welsh Rd, Store# 2B
Philadelphia, PA 19114



For News paper advertisements contact - Vincent Immanuel, Philadelphia


STARS IN
AMERICA
2024, SEPTEMBER - OCTOBER
USA & CANADA
AFSAL
SHWETA
SIDDIQUE
AKHILA
SIJU
RENJU
NINCY
LIVE ORCHESTRA
For program details contact :
VISHNU PRATAP +1 (239) 785-8022, ANU SCARIA +1 (267) 496 2423,MATHEW FRANCIS +1 (405) 412-0781
Vincent Emmanuel advt. agency - 215 880 3341

# പുളിമൂട്ടിൽ സിൽക്സ് വസ്ത്രവ്യാപാര രംഗത്ത് 100 വർഷം പൂർത്തിയാക്കുന്നു



മധ്യകേരളത്തിന്റെ പ്രിയപ്പെട്ട ടെക്സ്റ്റൈൽ ബ്രാൻഡായ പുളിമൂട്ടിൽ സിൽക്സ് വസ്ത്രവ്യാപാര രംഗത്ത് 100 വർഷം പൂർത്തിയാക്കുകയാണ്. 1924ൽ എളിയ തുടക്കം കുറിച്ച് വേഗത്തിൽ വളർന്ന ഈ വിപുലമായ വസ്ത്ര സാമ്രാജ്യത്തിന് തൊടുപുഴ, കോട്ടയം, പാല, തിരുവല്ല, കൊല്ലം, തൃശൂർ എന്നിവിടങ്ങളിൽ അത്യാകർഷകമായ ഷോറൂമുകൾ ഉണ്ട്. പരിപൂർണ്ണമായ സംതൃപ്തി നൽകുന്ന ഷോപ്പിങ് അനുഭവവും കസ്റ്റമേഴ്സുമായുള്ള ദൃഢമായ ബന്ധങ്ങളുമാണ് പുളിമൂട്ടിൽ സിൽക്സിനെ ചുരുക്കം ചില ബ്രാൻഡുകൾക്ക് മാത്രം അവകാശപ്പെടാവുന്ന, ടെക്സ്റ്റൈൽ രംഗത്ത് ഒരു നൂറ്റാണ്ട് എന്ന നേട്ടത്തിൽ എത്താൻ പ്രാപ്തരാക്കിയത്. മാറുന്ന ട്രെൻഡുകൾ ഏറ്റവും ആദ്യം ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിലും പുളിമൂട്ടിൽ എന്നും മുന്നിലാണ്.

പുളിമൂട്ടിൽ സിൽക്സിന്റെ യാത്രയുടെ തുടക്കം 1924ലാണ്. ചാക്കോ ഔസേഫ് തൊടുപുഴ മാർക്കറ്റ് റോഡിൽ വസ്ത്രങ്ങളും പലചരക്ക് സാധനങ്ങളും സുഗന്ധവ്യഞ്ജനങ്ങളും കച്ചവടം ചെയ്യുന്ന പുളിമൂട്ടിൽ സ്റ്റോർസ് ആരംഭിച്ചു. പിന്നീട് അത് തുണിത്തരങ്ങൾ വിൽക്കുന്ന പുളിമൂട്ടിൽ സിൽക്ക് ഹൗസ് ആയി വളർന്നു. 1955ൽ ഔസേഫ് ചാക്കോയും ഔസേഫ് ജോൺ (ചാക്കോ ഔസേഫിന്റെ മക്കൾ) തൊടുപുഴയുടെ ഹൃദയഭാഗത്ത് അപ്പാരൽ സിനായി ഒരു എക്സ്ക്ലൂസീവ് ഷോറും സ്ഥാപിച്ചുകൊണ്ട് ഗ്രൂപ്പിനെ ഒരു പടി മുന്നോട്ട് കൊണ്ടുപോയി. നാല് നിലകളുള്ള പുതിയ ഷോറൂം സംസ്ഥാനത്തെ ടെക്സ്റ്റൈൽ റീട്ടെയിൽ വ്യവസായത്തിൽ മുൻനിരയിലേക്ക് വളർന്നു.

പിന്നീടുള്ള വർഷങ്ങളിൽ പുളിമൂട്ടിൽ സിൽക്സ് കോട്ടയം, തൃശൂർ, കൊല്ലം എന്നിവിടങ്ങളിൽ ഷോറൂമുകൾ ആരംഭിച്ച് വ്യാപാരം വിപുലമാക്കി.

2018 ഡിസംബറിൽ മലയാളത്തിന്റെ പ്രിയ നടൻ ഫഹദ് ഫാസിലാണ് തിരുവല്ല ഷോറൂം ഉദ്ഘാടനം ചെയ്തത്. പ്രവാസി മലയാളികളുടെ കേന്ദ്രമായ തിരുവല്ലയിൽ അവർക്കായി ഒരുക്കിയിരിക്കുന്നതാണ് ആറ് നിലകളിലായി ഒരു ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ഷോറും. സമാനതകളില്ലാത്ത ഉപഭോക്തൃ സേവനത്തോടൊപ്പം അവിശ്വസനീയമായ വിലയിൽ വിട്ടുവീഴ്ചയില്ലാത്ത ഗുണനിലവാരവും ഇവിടുത്തെ മുദ്രാവാക്യമാണ്.

ഒരേസമയം ആയിരക്കണക്കിന് ആളുകൾക്ക് ഷോപ്പ് ചെയ്യുന്നതിനുള്ള സൗകര്യമാണ് ഇവിയെയുള്ളത്. രണ്ട് ബേസ്മെന്റുകളിലായി വിശാലമായ കാർപാർക്കിങ് സൗകര്യവുമുണ്ട്. ഫസ്റ്റ് ഫ്ളോർ, ഡിസൈനർ സ്റ്റുഡിയോയ്ക്കും ഡ്രെസ്സ് മെറ്റീരിയലിനുമായാണ് മാറ്റിവച്ചിരിക്കുന്നത്. ഫാഷൻ പ്രേമികളുടെ കണ്ണഞ്ചിപ്പിക്കുന്ന വമ്പിച്ച കളക്ഷനാണ് ഓരോ ഫ്ളോറിലുമുള്ളത്.

ബ്രൈഡൽ കാഞ്ചിപുരം, ബ്രൈഡൽ ലെഹങ്കാസ് കൂടാതെ ഗൗൺ ബൊട്ടിക്കും സിൽവർ ആഭരണ കളക്ഷനും സെക്കന്റ് ഫ്ളോറിനെ ആകർഷകമാക്കുന്നു. പേസ്റ്റൽ ബനാറസ്, മെൻസ് വെയർ, കിഡ്സ് വെയർ, സൽവാറുകൾ, സൽവാർ മെറ്റീരിയലുകൾ ഗ്രൂം സ്റ്റുഡിയോ തുടങ്ങിയവ മൂന്ന് മുതൽ ആറ് വരെ ഫ്ളോറുകളിലായുണ്ട്. മെൻസ് വെഡ്ഡിങ് കളക്ഷനിൽ പ്രമുഖ ബ്രാൻഡുകളുടെ ഏറ്റവും വലിയ ശേഖരവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി കൂടുതൽ സെലക്ഷനും മികച്ച ഗുണനിലവാരവും തിരുവല്ലയ്ക്ക് സമ്മാനിക്കുകയാണ് പുളിമുട്ടിൽ സിൽക്സ്.

പുളിമൂട്ടിൽ സിൽക്സിന്റെ തിരുവല്ലയിലെ ഗ്രാൻഡ് അപ്പാരൽ ഷോറൂമിലെ ഷോപ്പിംഗ് അനുഭവം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസി ഉപഭോക്താക്കളും നിരന്തരം പ്രശംസിക്കുന്നു. വിവിധ പ്രായത്തിലുള്ളവരുടെ ഫാഷൻ സ്വപ്നങ്ങൾ തൃപ്തിപ്പെടുത്തിക്കൊണ്ട് വിവിധ ഇവന്റുകൾക്കുള്ള വസ്ത്രങ്ങൾ നൽകുന്ന ഇഷ്ട കേന്ദ്രമായി ഈ ഷോറൂം മുന്നേറുകയാണ്.

മികച്ച സേവനമാണ് പുളിമുട്ടിൽ സിൽക്സ് ഷോറൂമുകളെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചത്. സ്വന്തം നെയ്ത്തുശാലകളിൽ നെയ്തെടുക്കുന്ന മികച്ച സൃഷ്ടികളും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന കളക്ഷനുകളും പുളിമൂട്ടിൽ സിൽക്സിനെ വേറിട്ടതാക്കുന്നു. മാനേജ്മെന്റ് നേരിട്ട് തുണിത്തരങ്ങൾ പർച്ചേസ് ചെയ്യുന്നതിനാൽ ഉന്നത നിലവാരം നിലനിർത്തുന്നു. ഇന്ന് 100 വിജയകരമായ വർഷങ്ങളുടെ പാരമ്പര്യവുമായി മലയാളികൾ നെഞ്ചിലേറ്റിയ ബ്രാൻഡായി ജൈത്രയാത്ര തുടരുകയാണ് പുളിമൂട്ടിൽ സിൽക്സ്.



Pulimoottil
SILKS

MC ROAD,
THIRUVALLA
0469-2602221
+91-97782 94521

## കേരളത്തിൽ ചെറുപ്പക്കാർ കുറയുകയും വയോധികർ വർധിക്കുകയും ചെയ്യുന്നു

തിരുവനന്തപുരം: കേരളത്തിൽ ചെറുപ്പക്കാർ കുറയുകയും വയോധികർ വർധിക്കുകയും ചെയ്യുന്നതായി കണ്ടെത്തൽ. കേരളത്തിൽ വയോധികരുടെ എണ്ണം ഇരട്ടിയോളം വർധിച്ചു. 2011-ലെ സെൻസസ് പ്രകാരം 11.7 ശതമാനം ആയിരുന്ന 60 വയസ്സു കഴിഞ്ഞവർ 2023-ൽ 21.7 ശതമാനം ആയി. ഇതേസമയം 24 വയസ്സ് മുതൽ 44 വയസ്സു വരെയുള്ളവരുടെ എണ്ണം കേരളത്തിൽ കുറഞ്ഞു. നെഗറ്റീവ് 3.2 ശതമാനം ആണ് ഈ പ്രായത്തിലുള്ളവരുടെ വളർച്ചാ നിരക്ക്. അതായത് ഓരോ വർഷവും 3.2 ശതമാനം ആളുകൾ കുറഞ്ഞുവരുന്നു. നോർക്കയുടെ 2023-ലെ കേരള മൈഗ്രേഷൻ സർവേയിലാണ് കണ്ടെത്തൽ.

നാലുവയസ്സിൽ താഴെയുള്ളവരുടെ എണ്ണത്തിലും വലിയ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 4.2 ശതമാനം കുറവാണ് ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്നത്. 25 മുതൽ 44 വയസ്സ് വരെയുള്ള ആളുകളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് വിദേശ രാജ്യങ്ങളിലേക്കുള്ള ചേക്കേറ്റത്തിന്റെ ഭാഗമായുണ്ടായതാണെന്നും മെച്ചപ്പെട്ട വിദ്യാഭ്യാസ-ജോലി സാധ്യതകൾ തേടിയാണ് ഈ കുടിയേറ്റം സംഭവിക്കുന്നതെന്നും കേരള മൈഗ്രേഷൻ സർവേ പറയുന്നു. എന്നാൽ കേരളത്തിലേക്ക് ജോലി തേടിയെത്തുന്ന അതിഥി തൊഴിലാളികളുടെ എണ്ണം കൂടിയാണ് വളർച്ചാ നിരക്ക് നെഗറ്റീവ് പത്ത് ശതമാനത്തിലേക്കു പോകാതെ താങ്ങി നിർത്തിയത്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വിദേശത്തു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇരട്ടിയിലധികം വർധിച്ചു. 2018-ൽ 1,29,763 വിദ്യാർത്ഥികൾ കേരളം വിട്ടപ്പോൾ 2023-ൽ ഇത് 2,50,000 ആയി ഉയർന്നു. മൊത്തം പ്രവാസികളിൽ 11.3 ശതമാനമാണ് വിദ്യാർത്ഥികൾ. യുകെയിലേക്കാണ് കൂടുതൽപേരും പോയത്. കാനഡയാണു തൊട്ടു പിന്നിൽ. കേരളത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും വിദേശ വിദ്യാഭ്യാസം നേടുന്നവരെ തിരികെ എത്തിക്കാനുള്ള പദ്ധതികൾ വേണമെന്നും റിപ്പോർട്ട് ശിപാർശ ചെയ്യുന്നു.

# ആരോപണങ്ങളുടെ മുന്നിലെ നിശബ്ദത ദൈവപ്രവൃത്തിക്ക് വഴി തുറക്കും

രാജു തരകൻ

വിശ്വാസ ജീവിതത്തിൽ പ്രതിസന്ധികൾ നിരവധി കടന്നുവരാറുണ്ടെങ്കിലും അതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് വിശ്വാസ സമൂഹത്തിന്റെ നിന്ദകളും, പരാതികളും, പരിഭവങ്ങളും, ആരോപണങ്ങളും.

ഇതര ക്രൈസ്തവ സഭാ വിഭാഗങ്ങളിൽ നിന്നുള്ളവർ പെന്തെക്കോസ്ത് ഉപദേശം സ്വീകരിച്ച് പെന്തെക്കോസ്ത് സഭകളിൽ വരുമ്പോൾ വിവിധ പ്രശ്നങ്ങളാൽ പിന്മാറിപോകുന്നവരുണ്ട്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ സഭാ ശുശ്രൂഷകരുടേയും സഹവിശ്വാസികളുടെയും സ്നേഹവും, കരുതലുമാണ് ഇവർക്കാവശ്യം.



ലേഖകൻ

യിസ്രായേൽ ജനത്തെ മിസ്രീമിൽ നിന്ന് വിടുവിക്കുന്നതിനായ് ദൈവം തെരഞ്ഞെടുത്ത മോശ സ്വന്തം ഭവനത്തിലെ സഹോദരന്റെയും, സഹോദരിയുടെയും ആരോപണങ്ങൾക്ക് വിധേയമായിട്ടുണ്ട്. ക്രൂശ സ്ത്രീ നിമിത്തം മോശയ്ക്ക് വിരോധമായ് മിര്യാമും, അഹരോനും സംസാരിക്കുമ്പോഴും മോശയുടെ പ്രതികരണം നിശബ്ദമായിരുന്നു (സംഖ്യാപുസ്തകം 12-ന്റെ 1). എന്നാൽ ദൈവം അവരോട് ചോദിക്കുകയാണ് "നിങ്ങൾ എന്റെ ദാസനായ മോശയ്ക്ക് വിരോധമായി സംസാരിക്കുവാൻ ശങ്കിക്കാത്തത് എന്ത്?" ദൈവത്തിന്റെ ശിക്ഷ ഇവിടെ മിര്യാം ഏറ്റുവാങ്ങി, കുഷ്ഠരോഗിയായ് തീർന്നു. തുടർന്ന് മിര്യാമിനെ ഏഴുദിവസം പാളയത്തിന് പുറത്ത് അടച്ചിട്ടു.

തൽഫലമായ് സഹയാത്രികരുടെയും യാത്ര മുടങ്ങി. നിത്യതയിലേക്കുള്ള യാത്ര വിശ്വാസത്താൽ നാം ഇവിടെ ആരംഭിക്കുമ്പോൾ നമ്മോടൊപ്പം യാത്ര ചെയ്യുന്നവർ ചെയ്യുന്ന തെറ്റുകൾ നമ്മെയും ബാധിക്കും.

വിശ്വാസ ജീവിതത്തിൽ ഒരു കൂട്ടുവിശ്വാസി ചെയ്യുന്ന പാപം തന്റെ കുടുംബത്തേയും, സഭയേയും, സമൂഹത്തെയും ബാധിക്കുന്ന കാരണത്താൽ എല്ലാം വിശ്വാസികളും വളരെ സൂക്ഷ്മതയോടാണ് ജീവിതം നയിക്കേണ്ടത്. ചത്ത ഈച്ച തൈലകാരന്റെ തൈലം നശിപ്പിക്കുമ്പോഴാണ് തൈലത്തിന്റെ സുഗന്ധം ദുർഗന്ധമായ് ഭവിക്കുന്നത്. ഇതുപോലെ നമ്മിലുള്ള ദൈവകൃപ നഷ്ടപ്പെട്ട് പിശാചിന് അടിമപ്പെടുമ്പോഴാണ് സുഗന്ധം ദുർഗന്ധമായ് ഭവിക്കുന്നത്.

ഒരിക്കൽ പ്രസിദ്ധ ഗാനരചയിതാവായ മുട്ടം ഗീവർഗീസ് താൻ രചിച്ച ഗാനങ്ങൾ മറ്റുള്ളവർ എടുത്ത് അവർ എഴുതിയതായ് പ്രചരിപ്പിച്ചപ്പോൾ അവരോട് വാദപ്രതിവാദത്തിന് മുതിരാതെയും പ്രതികാര നടപടി സ്വീകരിക്കുകയും ചെയ്യാതെ ദൈവസന്നിധിയിൽ ഭരമേല്പിക്കുകയാണ് ചെയ്തത്. എത്രയോ ഉദാത്തമായ മാതൃകയാണിത്. മറ്റുള്ളവർ ദുഷ് പ്രചരണങ്ങൾ നടത്തുമ്പോൾ നിശബ്ദരായിരിക്കുക. അവിടെയാണ് ദൈവ പ്രവർത്തി വെളിപ്പെടുന്നത്.

ഭക്തനായ യോസഫിനെ സ്വന്തം സഹോദരന്മാർ പൊട്ടകിണറ്റിൽ ഇട്ടപ്പോഴും പോത്തിഫറിന്റെ ഭാര്യ യോസഫിന് എതിരായ് ആരോപണങ്ങൾ ഉന്നയിച്ചപ്പോഴും യോസഫ് അവരോട് പ്രതികാരം ചെയ്യുവാൻ ആഗ്രഹിക്കാതെ ദൈവകരങ്ങളിൽ സമർപ്പിക്കുകയാണ് ചെയ്തത്.

തന്മൂലം ദൈവം യോസഫിനെ ഉയർത്തി മിസ്രീമിൽ മന്ത്രിപദം നൽകി ആദരിച്ചു. ദൈവം യോസഫിനോട് കൂടെ ഉണ്ടായിരുന്നു. അത് ഒന്നു മാത്രമായിരുന്നു യോസഫിന്റെ ജീവിത വിജയം (ഉല്പത്തി 39-ന്റെ 11 മുതൽ 20 വരെ). ദൈവം നമ്മോടുകൂടെ ഇല്ലാതെ വരുമ്പോഴാണ് അനുദിന ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുന്നത്.

ചെമ്പുപണിക്കാരൻ അലെക്സന്തർ എനിക്ക് വളരെ ദോഷം ചെയ്തു. അവന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം കർത്താവ് അവന് പകരം ചെയ്യും (2 തിമൊഥെയൊസ് 4-ന്റെ 14). പൗലോസിന് ദോഷം ചെയ്ത അലക്സന്തറിനെപ്പോലെയുള്ളവരുടെ പ്രവർത്തനങ്ങളിൽ നിരാശരാകാതെയും പ്രതികാരം ചെയ്യാതെയും ഇരുന്നാൽ വിശ്വാസ ജീവിതത്തിൽ ദൈവത്തിന്റെ അത്ഭുത പ്രവർത്തി വെളിപ്പെട്ട് വരികയും ചെയ്യും. പൗലോസിന്റെ ഇപ്രകാരം ഉള്ള മാതൃക വിശ്വാസികൾക്ക് ഒരു മാതൃകയാണ്.

കർത്താവിന്റെ ക്രൂശികരണം സമയത്ത് തന്നെ ഉപദ്രവിച്ചവരോടുള്ള കർത്താവിന്റെ പ്രതികരണം "ദൈവമേ ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമെ" എന്നതായിരുന്നു. ഞാൻ ദോഷത്തിന് പ്രതികാരം ചെയ്യുകയില്ല എന്നതായിരിക്കട്ടെ നമ്മുടെ ഉറച്ച തീരുമാനം. അത് ഒന്നുമാത്രമാണ് ക്രിസ്തീയ ജീവിത വിജയത്തിന് അഭികാമ്യം.

# സാൻഹൊസെയിൽ പിതൃദിനം ആഘോഷപൂർവമാക്കി

അമോൽ ചെറുകര

കാലിഫോർണിയ: മാതാവിന്റെ നാമധേയത്തിലുള്ള സാൻഹൊസെ സെന്റ് മേരീസ് കാത്തലിക് പള്ളിയിൽ ഫാദേഴ്സ് ഡേ ആഘോഷപൂർവം കൊണ്ടാടി. 11 മണിക്ക് നടന്ന പരിശുദ്ധ കുർബാനയിൽ തക്കല ബിഷപ് മാർ ജോർജ് രാജേന്ദ്രൻ മുഖ്യകാർമ്മികത്വം വഹിച്ചു. ടാൻസാനിയ കെനിയ പ്രൊവിൻസിലെ സലേഷ്യൻ അച്ചൻ സാജൻ മുളയാനിക്കലും സെ. മേരീസ് ക്നാനായ കാത്തലിക് പള്ളി വികാരി ഫാ. ജെമി പുതുശ്ശേരിയും സഹകാർമ്മികരായി ഈ കുർബാനയിൽ പങ്കുചേർന്നു. ഇടവകയിലെ എല്ലാ പിതാക്കന്മാർക്കും മൂവരും ആശംസകൾ നേർന്നു.



പിന്നീട് എല്ലാ ഇടവകജനങ്ങളും പള്ളി ഹാളിൽ ഒത്തുകൂടി പിതൃദിനത്തിന്റെ ഭാഗമായി കേക്ക് മുറിച്ചു. വിമൻസ് ഫോറമാണ് ആഘോഷങ്ങൾക്ക് നേതൃത്വം നല്കിയത്. വിമൻസ് ഫോറം പ്രസിഡണ്ട് നിഷി വെള്ളിയാൻ നല്ലൊരു പിതൃദിനാശംസ നല്കുകയും ഈ ആഘോഷം ഏറ്റവും ഭംഗിയായി നടത്തുവാൻ സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

# റാന്നി സെ. തോമസ് കോളജ് വജ്രജൂബിലി ആഘോഷവും പൂർവവിദ്യാർത്ഥി സമ്മേളനവും

തോമസ് മാത്യു (ജീമോൻ റാന്നി)

ഹൂസ്റ്റൺ: റാന്നി സെ. തോമസ് കോളജ് വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പൂർവവിദ്യാർത്ഥി സമ്മേളനം വൈവിദ്ധ്യമാർന്ന പരിപാടികളോടെ 2024 ജൂലൈ 13-ന് ശനിയാഴ്ച കോളജിൽ വെച്ച് നടക്കും.

വിദേശരാജ്യങ്ങളിലുള്ള പൂർവ്വവിദ്യാർത്ഥികൾ അടക്കം രണ്ടായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ നിന്നുള്ള പ്രമുഖർ അതിഥികളായി എത്തും. ജൂൺ 11-ന് ചേർന്ന അലുമ്നി എക്സിക്യൂട്ടീവ് കമ്മിറ്റി സമ്മേളനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.




കോളജ് മാനേജർ പ്രഫ. സന്തോഷ് കെ. തോമസ് അദ്ധ്യക്ഷത വഹിച്ചു. അലുമ്നി പ്രസിഡണ്ട് രാജു ഏബ്രഹാം മുൻഎംഎൽഎ ആമുഖപ്രഭാഷണം നടത്തി. സെക്രട്ടറി ഡോ. എം.കെ. സുരേഷ്, പ്രഫ. പ്രസാദ് ജോസഫ് കെ. അഡ്വ. ഏബ്രഹാം മാത്യു പനച്ചമൂട്ടിൽ, അഡ്വ. ശശി ഫിലിപ്പ്, പ്രഫ. ജിക്കു ജെയിംസ്, റോഷൻ റോയി മാത്യു, പ്രഫ. എം.ജെ. കുര്യൻ, പി.ആർ. പ്രസാദ്, സാബു കെ. ഏബ്രഹാം, അഡ്വ. ഷൈൻ ജി. കുറുപ്പ്, ഡോ. റോണി ജെയ്ൻ രാജു എന്നിവർ സംസാരിച്ചു. ഗുരുവന്ദനം, കലാപരിപാടികൾ, ആദരിക്കൽ എന്നിവ സമ്മേളനത്തിന്റെ ഭാഗമായി നടക്കും. പബ്ലിസിറ്റി ചെയർമാനായി കെ.ടി. സതീഷിനെയും ജനറൽ കൺവീനറായി റ്റിജു ഏബ്രഹാമിനെയും തെരഞ്ഞെടുത്തു.

അമേരിക്ക, കാനഡ, യൂറോപ്പ്, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ തുടങ്ങി വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിനു വെളിയിൽനിന്നും നൂറുകണക്കിന് പൂർവവിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും കുറഞ്ഞത് 2000 പൂർവവിദ്യാർത്ഥികളെ പ്രതീക്ഷിക്കുന്നുവെന്നും അലുമ്നി പ്രസിഡണ്ടും മുൻ എംഎൽഎയുമായ രാജു ഏബ്രഹാം, കോളജ് മാനേജർ പ്രഫ. സന്തോഷ് കെ. തോമസ് എന്നിവർ പൂർവവിദ്യാർത്ഥി കൂടിയായ ഈ ലേഖകനോട് പറഞ്ഞു. 2014-ൽ നടത്തിയ സുവർണ്ണ ജൂബിലി പൂർവവിദ്യാർത്ഥി സമ്മേളനം വൻ വിജയമായിരുന്നു. പൂർവവിദ്യാർത്ഥികൾക്ക് അവരവർ പഠിച്ച ക്ലാസ് റൂമുകളിൽ പോയിരുന്ന് പഴയകാല സ്മരണകൾ പങ്കിടുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ടെന്ന് സംഘാടകർ പറഞ്ഞു.

റാന്നിയുടെ അഭിമാനമായി മാറിയ സെ. തോമസ് കോളജിൽ ഒരുക്കുന്ന ഈ വജ്രജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് പഴയ ഓർമ്മച്ചെപ്പുകൾ തുറക്കുവാൻ അമേരിക്കയിൽ നിന്നും നിരവധി പൂർവവിദ്യാർത്ഥികളോടൊപ്പം ലേഖകനും ഒരുക്കങ്ങൾ ആരംഭിച്ചു.

# ഓട്ടിസം മേഖലയിലെ പുതിയ സാദ്ധ്യതകളെപ്പറ്റി പഠിക്കാൻ എംഎൽഎ മോൻസ് ജോസഫ് അമേരിക്കയിലേക്ക്

കോട്ടയം: കുട്ടികളിലുണ്ടാകുന്ന ഓട്ടിസം മുതലായ ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി കൂടുതൽ പഠിക്കാനും ആരോഗ്യമേഖലയിലെ പുതിയ സാദ്ധ്യതകളെപ്പറ്റി മനസ്സിലാക്കുവാനും കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ് അമേരിക്കയിലേക്ക്. തൃശൂർ ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റായ ഡോ. ജോസഫ് സണ്ണിയോടൊപ്പം ഓഗസ്റ്റിൽ യൂണിവേഴ്സിറ്റി ഓഫ് സൗത്തേൺ കാലിഫോർണിയായിൽ എത്തുന്ന എംഎൽഎ ഗവേഷകരെയും ആരോഗ്യ രംഗത്തെ പ്രഗത്ഭരെയും കണ്ട് ഓട്ടിസം ചികിത്സാ രംഗത്തെ മാറ്റങ്ങളെപ്പറ്റിയും ആരോഗ്യമേഖലയിലെ നൂതന സാങ്കേതിക വിദ്യകളെപ്പറ്റിയും ചർച്ച ചെയ്യും. ഒക്യുപ്പേഷണൽ തെറാപ്പി വിസിറ്റിംഗ് ഫാക്കൽറ്റിയായി യൂണിവേഴ്സിറ്റിയുടെ ക്ഷണം സ്വീകരിച്ചാണ് ഡോ. ജോസഫ് സണ്ണി അമേരിക്ക സന്ദർശിക്കുന്നത്.



അഡ്വ. മോൻസ് ജോസഫ് എംഎൽഎ



ഡോ. ജോസഫ് സണ്ണി


ട്രൈസ്റ്റേറ്റ് കേരളാ ഫോറം
TRISTATE KERALA FORUM ONAM '24
ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട്
ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഒരുക്കുന്ന വമ്പിച്ച ഓണാഘോഷം
ഫിലഡൽഫിയയിൽ
TRISTATE KERALA FORUM · PHILADELPHIA
Powered by
KVK TECH
Syro Malabar Church Auditorium, 608 Welsh Rd,
Philadelphia, P A - 19115
ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 12:00 മണി മുതൽ
Saturday, August 31st, 2024 - 12:00 PM
Navaneeth Unnikrishnan
Chief Guest & Onam Message
FLOWERS
Asianet
pravasi
KAIRALI
Abhilash john Chairman
Binu Mathew General Secretary
Philipose Cherian Treasurer
John Panicker Joint Secretary
Rajan Samuel Joint Treasurer
Joby George Onam Chairman
Vincent Emmanual Program Coordiantor
George Nadavayal Kerala Day Chairman
Suresh Nair
Sajan Varghese
Alex Thomas
George Olikkal
Sudha Kartha
Executive Vice Chair Persons
Sumodh Nellillala PRO
Rony Varghese Award
Georgekutty Lukose Karshaka Rathna
Geemon George Procession Coordinator
Sosamma Cherian
Bridget Vincent
Celine Oalickal
Best couple/ Best Men /Best Women Coordinators:
Arun Kovattu Program Producer
Alex Babu Social Media Coordinator
Asha Augustine Thiruvathira Coordinator
Sara Ipe Reception Cordinator
Sadasivankunji Kerala Coordinator
Chair Persons : Participating Associations : Fr. Modayil Philips (PAMPA) , Sunny Kizhakemuriyil (Kottayam Association), Philipose Cherian (Friends of Thiruvalla), Reji Cherukathara (Friends of Ranni), Suda Kartha (NSS, PA), P K Somarajan (SNDP), Abraham V Joseph (MELA), Sara Ipe (PIANO), Prof. Koshy Thalakal (Philadelphia Malayala Sahithya Vedhi), Chacko Abraham (CIMIO), Lawrance Thomas (PHILMA), Sreejithi Komath (MAP), Shyla Rajan (ORMA), IPCO
Coordinators: Benny Kottaram, Dileep George, Dennis Jacob, John P Varkey, Joseph P Mani, George Joseph, George Mathew, Sunil Lamannil, James Chacko, Mathew George, Jayan Pillai, Thomas Joy, Jomal Thomas, Mody Jacob, K O Varghese, Biju Abraham, Tinu Johnson, Kurian Polachirackal, Jaison Varghese, Aby Mathew, Jaison Thomas, Dominic P Jacob, Jayasree Nair, Jaya Sumodh, Deepa James, Lekha Jayakumar, Kurian Rajan, Thomas Behanan, Thomas Paul
"Serving Community for more than 25 Years"
INJURED in an ACCIDENT?
ATTORNEYS AVAILABLE 24/7
NO RECOVERY - NO FEE
EXPERIENCED CRIMINAL DEFENSE ATTORNEY IN OUR TEAM
LAW OFFICES OF KUNNEL, ORTIZ & THIRUSELVAM
KOTLaw
THE KEY TO YOUR DREAM HOME
LIJO GEORGE
REALTOR
EMMANUEL REALTY
MAYURA
INDIAN RESTAURANT
9321-23, krewstown Rd
Philadelphia, PA 19115
2673773250
Best Compliments from...
Chaman Popli
Popli Group LLC
Riya
the travel expert!
24X7 1 877 669 7492
WWW.RIYA.TRAVEL
INCREDIBLE DEALS AND PACKAGES ON CHRISTIAN PILGRIMAGE TOURS
HealthcareSTAT
Home Care (HHC)
Compassionate Care For Your Loved Ones
JCAHO, Medicare & Medicaid certified
NURSING SERVICES
HOME HEALTH AIDE SERVICES
THERAPY SERVICES
Angel Star
ADULT DAY CARE
Meals & Free Transportation Provided

# കോൺസൽ വിജയകൃഷ്ണന് കേരള സെന്ററിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നല്കി



ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റിൽ നിന്ന് വിരമിക്കുന്ന കോൺസൽ (കമ്യൂണിറ്റി അഫയേഴ്സ്) എ.കെ. വിജയകൃഷ്ണന് ന്യൂയോർക്കിലെ കേരള സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് കേരള സെന്ററിന്റെ നേതൃത്വത്തിൽ വിവിധ മലയാളി സംഘടനകൾ യാത്രയയപ്പ് നല്കി.

ഗോപിയോ, കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക്, പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സ്, കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ഫൊക്കാന ന്യൂയോർക്ക് റീജിയൻ, ഫോമാ ന്യൂയോർക്ക് റീജിയൻ, ലിംകാ, വേൾഡ് മലയാളി, മിലൻ കൾച്ചറൽ ഓർഗനൈസേഷൻ, ഇമാലി എന്നീ സംഘടനകൾ യാത്രയയപ്പിന് നേതൃത്വം നല്കി.





ഇന്ത്യൻ എംബസിയുമായി വർഷങ്ങളായി ബന്ധപ്പെടുന്ന ഗോപിയോ നേതാവ് ഡോ. തോമസ് ഏബ്രഹാം തന്റെ അനുഭവത്തിൽ എംബസി ഉദ്യോഗസ്ഥരിൽ സെൽ നമ്പർ പൊതു സമൂഹത്തിനു ഷെയർ ചെയ്തു കഴിയുന്നത്ര സമയം ഇന്ത്യക്കാരെ സഹായിക്കുന്ന വിജയകൃഷ്ണനെപ്പോലെ മറ്റൊരു ഉദ്യോഗസ്ഥനും ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നും അദ്ദേഹത്തിന്റെ സേവനം വിലമതിക്കാനാകാത്തതാണെന്നും പറയുകയുണ്ടായി.

തുടർന്ന് കൈരളി ടിവി ഡയറക്ടർ ജോസ് കാടാപുറം, ബീനാ കോത്താരി (ഗോപിയോ), ഫോമാ നേതാവ് തോമസ് ടി. ഉമ്മൻ, ജോണി സക്കറിയ (പ്രസിഡണ്ട് പയനിയർ ക്ലബ്), മനോഹർ തോമസ് (സർഗവേദി), സിബി ഡേവിഡ്, ബിജു ചാക്കോ (വേൾഡ് മലയാളി), കളത്തിൽ വർഗീസ്, കോശി തോമസ്, മേരി ഫിലിപ്പ്, മാത്യുകുട്ടി ഈശോ എന്നിവർ യാത്രയയപ്പ് സമ്മേളനത്തിൽ കോൺസൽ വിജയകൃഷ്ണൻ എംബസിയിലെ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹത്തിനു ചെയ്ത സഹായപ്രവർത്തനങ്ങൾ ഓർമ്മിപ്പിച്ചു.

വിജയകൃഷ്ണൻ തന്റെ മറുപടി പ്രസംഗത്തിൽ കോൺസുലേറ്റിലെ ഉദ്യോഗസ്ഥർ എപ്പോഴും എംബസിയിൽ എത്തുന്നവരെ പരമാവധി സഹായിക്കാൻ ശ്രമിക്കാറുണ്ട്. താൻ വ്യക്തിപരമായി വളരെ പൊളൈറ്റായി സ്നേഹത്തോടെ പെരുമാറിയിട്ടുണ്ട്. ഏതു രാത്രിയിൽ ഫോൺ വിളിച്ചാലും സഹായിക്കാൻ ശ്രമിക്കാറുണ്ട്. ഗാന്ധിജിയെ പിന്തുടരുന്ന ഒരു വ്യക്തിയായതുകൊണ്ട് ക്ഷമയും സ്നേഹവും കൈവിടാതെ സൂക്ഷിക്കാനും വയലൻസ് എന്റെ മാർഗ്ഗമല്ലായെന്നും താൻ കരുതുന്നതായി വിജയകൃഷ്ണൻ പറയുകയുണ്ടായി.

പ്രധാന ആഘോഷങ്ങൾ വരുമ്പോൾ ഇന്ത്യൻ സമൂഹം അങ്ങോട്ടും ഇങ്ങോട്ടും സ്റ്റേറ്റ് വ്യത്യാസമില്ലാതെ പങ്കെടുക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. എല്ലാ സഹകരണത്തിനും ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹത്തോട് കോൺസൽ വിജയകൃഷ്ണൻ നന്ദി പറഞ്ഞു. കേരള സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. ഡിന്നറോടെ പരിപാടികൾ സമാപിച്ചു.

# ഇരട്ടപൗരത്വത്തിനുള്ള തോമസ് ടി. ഉമ്മന്റെ ആഹ്വാനത്തിന് പ്രവാസി സംഘടനകളുടെ പിന്തുണ


**ആർ. ജയചന്ദ്രൻ**

ന്യൂയോർക്ക്: ഇന്ത്യയുടെ അയൽ രാജ്യമായ പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും പൗരന്മാർക്ക് ചുരുക്കം നിയന്ത്രണങ്ങൾക്കു വിധേയമായി അമേരിക്കയിൽ ഇരട്ടപൗരത്വമുണ്ട്. എന്നാൽ, ഇന്ത്യക്കാർക്കു മാത്രം ഇതില്ല. ഈ സാഹചര്യത്തിലാണ് പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ടപൗരത്വം ലഭിക്കണമെന്ന ആവശ്യവുമായി തോമസ് ടി. ഉമ്മൻ രംഗത്തുവരുന്നത്. ഇതിനായി അദ്ദേഹം കേന്ദ്രസർക്കാരിന് പലവട്ടം നിവേദനങ്ങൾ നല്കി. ഇപ്പോൾ മറ്റ് പ്രവാസി സംഘടനകളും ഈ ആവശ്യത്തെ പിന്തുണയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഫോമാ നേതാവും സാമൂഹിക പ്രവർത്തകനുമായ തോമസ് ടി. ഉമ്മൻ അറിയിച്ചു.

കേന്ദ്രസർക്കാർ പ്രവാസികൾക്ക് ഇരട്ടപൗരത്വം നല്കുന്നതിനെപ്പറ്റി പഠനങ്ങൾ തുടങ്ങിയിട്ട് കാലങ്ങളായി. ഈയടുത്തകാലത്തായി ഇന്ത്യൻ വിദേശകാര്യമന്ത്രി ജയശങ്കർ ഈ വിഷയത്തോട് അനുഭാവപൂർണ്ണമായ നയമാണ് സ്വീകരിക്കുന്നത്. ഇത് എല്ലാ പ്രവാസികൾക്കും ആശയ്ക്ക് വകനല്കുന്നു.

ഭരണഘടനാ ഭേദഗതി ആവശ്യമുള്ള കാര്യമാണ് ഇതെങ്കിലും ഇതിനു അംഗീകാരം ലഭിക്കുക പ്രയാസമാവില്ല. രാജ്യസുരക്ഷയെ മുൻനിർത്തിയാണ് ഈ ആവശ്യത്തിന് പലപ്പോഴും ഗവൺമെന്റ് എതിരുനിന്നത്. എന്നാൽ, കേന്ദ്രമന്ത്രിയുടെ അടുത്തകാലത്തെ പ്രസ്താവന എല്ലാ പ്രവാസി സംഘടനകൾക്കും പ്രതീക്ഷ നല്കുന്നുവെന്ന് തോമസ് ടി. ഉമ്മൻ അറിയിച്ചു.

കഴിഞ്ഞ നാല്പതിലേറെ വർഷമായി അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിനും വിശിഷ്യ കേരളസമൂഹത്തിനും വേണ്ടി സേവനമനുഷ്ഠിക്കുന്ന തോമസ് ടി. ഉമ്മൻ ദീർഘകാലമായി ഉന്നയിക്കുന്ന ഒരു വിഷയമാണ് ഇരട്ട പൗരത്വം. അഞ്ചുവർഷം ഒസിഐ കാർഡ് ഉള്ളവർക്ക് ഇരട്ടപൗരത്വം നല്കുന്ന നടപടി ഉടൻ കേന്ദ്രസർക്കാർ തുടങ്ങണമെന്ന ആവശ്യം കഴിഞ്ഞയാഴ്ച ഒരു ഹിന്ദി ചാനലിനു നല്കിയ അഭിമുഖത്തിലും ആവർത്തിച്ചു. ഈ ആവശ്യത്തെ നിരവധി ഇന്ത്യൻ സംഘടനകൾ താല്പര്യപൂർവം പിന്തുണച്ചതോടെ ഈയാവശ്യം ശക്തിപ്പെടുകയാണ്.



തോമസ് ടി. ഉമ്മൻ

അമേരിക്കയിൽ കുടിയേറിയവർ തങ്ങളുടെ നിലനില്പിനു വേണ്ടി അമേരിക്കൻ പൗരത്വം സ്വീകരിക്കുക സ്വാഭാവികമാണ്. കുടുംബമായി അമേരിക്കയിൽ തുടരുന്ന പലർക്കും ജന്മനാട്ടിലേക്ക് പോകാൻ വിസ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായി. ഇതു സംബന്ധിച്ച ചർച്ചകൾ വർഷങ്ങൾക്കു മുമ്പേ തുടങ്ങിവെച്ച വ്യക്തിയാണ് തോമസ് ടി. ഉമ്മൻ. വിദേശകാര്യ വകുപ്പുമായി ബന്ധപ്പെട്ടു നല്കിയ പല നിവേദനങ്ങളും കാര്യമായ ഫലം കാണുന്നവയായിരുന്നില്ല. എങ്കിലും പിഐഒ കാർഡും പിന്നീട് ഒസിഐ കാർഡും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി.

ഇപ്പോൾ ഇരട്ടപൗരത്വം പൊതുചർച്ചയ്ക്കു വന്നതും അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്കു ശേഷമാണ്. അഞ്ചുവർഷമായി ഒസിഐ കാർഡുള്ളവർക്ക് ഇരട്ടപൗരത്വം നല്കാമെന്ന പ്രായോഗികമായ ഒരു നിർദേശമാണ് അദ്ദേഹം ഇപ്പോൾ മുന്നോട്ടുവെക്കുന്നത്.

അമേരിക്കൻ മലയാളികളുടെ നിരവധി പ്രശ്നങ്ങളിൽ ഒരു സുഹൃത്തിനെപ്പോലെ ഒപ്പം നിന്ന് പ്രവർത്തിക്കുന്ന തോമസ് ടി. ഉമ്മൻ നയിക്കുന്ന ടീം ഫോമാ 2024-2026 കാലയളവിൽ നിരവധി പദ്ധതികളാണ് മുന്നോട്ട് വെക്കുന്നത്. ഇതിനായി ഫോമാ പ്രവർത്തകരും അമേരിക്കൻ മലയാളികളും പിന്തുണയ്ക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.


ഇരട്ടപൗരത്വം എന്ന അമേരിക്കൻ മലയാളികളുടെ ദീർഘകാല ആവശ്യത്തിന്, അത് നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ എപ്പോഴും സമ്മർദ്ദം ചെലുത്താൻ ഒരേ മനസ്സോടെ അമേരിക്കൻ മലയാളികൾ പ്രവർത്തിക്കണമെന്ന് തോമസ് ടി. ഉമ്മനൊപ്പം മത്സരിക്കുന്ന സാമുവൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), സണ്ണി കല്ലൂപ്പാറ (വൈസ് പ്രസിഡണ്ട്), ഡോ. പ്രിൻസ് നെച്ചിക്കാട് (ജോ. സെക്രട്ടറി), അമ്പിളി സജിമോൻ (ജോ. ട്രഷറർ) തുടങ്ങിയവരും മറ്റ് സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവരും അഭ്യർത്ഥിച്ചു.

# സതീശൻ നായർ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പ്രസിഡണ്ട്

**സജി കരിമ്പന്നൂർ**

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ കേരള ഘടകം പ്രസിഡണ്ടായി സതീശൻ നായരെ തെരഞ്ഞെടുത്തു. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലമായി ഐഒസിയിൽ സജീവ സാന്നിദ്ധ്യമാണ് സതീശൻ നായർ.

ഐഒസിയുടെ ചിക്കാഗോ ചാപ്റ്ററിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായും പ്രസിഡണ്ടായും പ്രവർത്തിച്ചിരുന്നു. ഐഒസിയുടെ പ്രവർത്തനങ്ങൾ അമേരിക്കയിൽ ഏകോപിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി അദ്ദേഹം പ്രവർത്തിച്ചുവരുന്നു. സ്കൂൾ, കോളജ് കാലഘട്ടങ്ങളിൽ കെ.എസ്.യുവിലും യൂത്ത് കോൺഗ്രസിലും സജീവ സാന്നിദ്ധ്യമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ആത്മാർത്ഥതയോടെ തനതായ ശൈലിയിൽ എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.




എൻ.എഫ്.ഐ.എ, കെ.എച്ച്.എൻ.എ, ഫൊക്കാന തുടങ്ങിയ ദേശീയ സംഘടനകളിലും എഫ്.ഐ.എ, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ, നായർ അസോസിയേഷൻ, ഓംകാരം, കരുണ ഫൗണ്ടേഷൻ തുടങ്ങിയ പ്രാദേശിക സംഘടനകളിലും പ്രവർത്തിച്ചുവരുന്നു.


ഐഒസി കേരളാ ഘടകത്തിന്റെ പ്രവർത്തനങ്ങൾ ഏകീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും കൂടാതെ ഇപ്പോഴുള്ള പന്ത്രണ്ട് ചാപ്റ്ററുകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമെന്നും കൂടുതൽ ചാപ്റ്ററുകൾ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു. സതീശൻ നായരുടെ പ്രവർത്തനങ്ങൾ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തട്ടെയെന്നും കൂടാതെ അദ്ദേഹത്തിന്റെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാം പിട്രോഡ, എ.കെ. ആന്റണി, രമേശ് ചെന്നിത്തല, ജോർജ് ഏബ്രഹാം, മോഹിന്ദർ സിംഗ്, ഹർബജൻ സിംഗ്, തോമസ് മാത്യു, ലീലാ മാരേട്ട്, സന്തോഷ് നായർ തുടങ്ങിയവർ ആശംസകൾ നല്കി.


# ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിൽ പ്രശസ്ത പ്രഭാഷകർ അണിനിരക്കുന്നു

**ഉമ്മൻ കാപ്പിൽ**

പെൻസിൽവേനിയ: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഈ വർഷത്തെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പ്രമുഖരുടെ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമാകും. അഭിവന്ദ്യ സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിനും ആത്മീയ നേതൃത്വത്തിനും പുറമെ ഫാ. ഡോ. വർഗീസ് വർഗീസ് മീനടം, ഫാ. സെറാഫിം മജ് മുദാർ, ഫാ. ജോയൽ മാത്യു എന്നിവർ കോൺഫറൻസിൽ പ്രഭാഷകരായിരിക്കും.


സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്ത


റവ. ഫാ. ഡോ. വർഗീസ് വർഗീസ്


റവ. ഫാ. സെറാഫിം മജ്മുദാർ


റവ. ഫാ. ജോയൽ മാത്യു

കോട്ടയം ഭദ്രാസനത്തിലെ മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ് ഫാ. ഡോ. വർഗീസ് വർഗീസ്. 1992-ൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ബിരുദം നേടി. ഇംഗ്ലീഷിലും സുറിയാനിയിലും ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ഡോക്ടറൽ പഠനത്തിനിടയിലെ അദ്ദേഹത്തിന്റെ വൈജ്ഞാനിക ഗവേഷണം വെസ്റ്റേൺ സുറിയാനി പാരമ്പര്യത്തിലെ എപ്പിഫനി പെരുന്നാളിനെ കേന്ദ്രീകരിച്ചായിരുന്നു. നിലവിൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയും മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിങ് കമ്മിറ്റി അംഗമായും ഓർത്തഡോക്സ് സൺഡേസ്കൂൾ അസോസിയേഷന്റെ ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു. മലങ്കര സഭയിലെ സുവിശേഷപ്രസംഗകരുടെ ശ്രേണിയിൽ പ്രശസ്തമായ മുഖമാണ് ഫാ. ഡോ. വർഗീസ് വർഗീസ്.

അമേരിക്കയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ സാൻ ഫ്രാൻസിസ്കോ മെട്രോപോളിസിൽ നിന്നുള്ള ഒരു പുരോഹിതനാണ് സെറാഫിം മജ്മുദാർ. അദ്ദേഹം 2008-ൽ സെന്റ് ടിഖോൺസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദിവ്യത്വത്തിൽ ബിരുദം നേടി. ഗുജറാത്ത് കുടിയേറ്റ മാതാപിതാക്കളുടെ മകനായ അദ്ദേഹം ഹിന്ദുമതത്തിലാണ് വളർന്നത്. സാധാരണ ജനങ്ങൾ അവരുടെ ജീവിതത്തിൽ അനുഭവിക്കുന്ന വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കിയ അദ്ദേഹത്തിന്റെ ഇന്ത്യയിലെ യാത്രകൾ ജീവിതം മാറ്റിമറിച്ച അനുഭവമായിരുന്നു. അദ്ദേഹം ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവന്റെ അസ്തിത്വത്തിന്റെ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കുകയും ചെയ്തു. ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്ത അദ്ദേഹം ഒടുവിൽ ഒരു പുരോഹിതനായി നിയമിക്കപ്പെട്ടു. ഇപ്പോൾ കാലിഫോർണിയയിലെ സെന്റ് ലോറൻസ് ഓർത്തഡോക്സ് പള്ളിയിലെ വൈദികനായി ഫാ. സെറാഫിം സേവനമനുഷ്ഠിക്കുന്നു.

അമേരിക്കയിലെ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിലെ ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ അംഗമാണ് ഫാ. ജോയൽ മാത്യു. 2011-ൽ സെന്റ് ടിഖോൺസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദിവ്യത്വത്തിൽ ബിരുദം നേടി. നിലവിൽ ടെക്സസിലെ ഡാളസ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു. യുവാക്കൾക്കിടയിൽ നടത്തുന്ന വിശിഷ്ട സേവനംമൂലം ശ്രദ്ധേയനായ വ്യക്തിത്വമാണ് ഫാ. ജോയൽ മാത്യു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് കോൺഫറൻസ് നടക്കുന്നത്. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.


കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷന്റെ ഗോൾഫ് ടൂർണമെന്റ് ജൂലൈ 13-ന്

ചിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനിയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിൻ (എഎഇഐഒ)യുടെ ഈ വർഷത്തെ ചാരിറ്റി ഗോൾഫ് ടൂർണമെന്റ് നേപ്പർ വില്ലയിലുള്ള സ്പ്രിങ്ബ്രൂക് ഗോൾഫ് ക്ലബിൽ വെച്ച് നടത്തപ്പെടുമെന്ന് എഎഇഐഒ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് അറിയിച്ചു. ഈ ടൂർണമെന്റിൽ വിജയിക്കുന്നവർക്ക് വിവിധ സമ്മാനങ്ങൾ ലഭിക്കുന്നതാണെന്ന് എഎഇഐഒ ചാരിറ്റിയുടെ ഗോൾഫ് ടൂർണമെന്റിന്റെ ചെയർമാനും പാൻ ഓഷ്യാനിക് കോർപറേഷൻ സിഇഒയുമായ ഗുൽസാർ സിംഗ് അറിയിച്ചു. ഗോൾഫ് ടൂർണമെന്റ് ടീ-ഓഫ് ചെയ്യുന്നത് ഉച്ചയ്ക്ക് 12.30-നാണ്. അതിനുശേഷം ഡിന്നറും ബിസിനസ് നെറ്റ് വർക്കിംഗ്, അവാർഡ് സെറിമണി, എന്റർടൈൻമെന്റ് എന്നിവ വൈകുന്നേരം 6.30-നും തുടങ്ങുമെന്ന് എഎഇഐഒ സെക്രട്ടറി നാഗ് ജയ്സ്വാൾ അറിയിച്ചു. ഈ ടൂർണമെന്റിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും സംഘടനയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന് എഎഇഐഒ ബോർഡ് മെംബറും പ്രോബിസ് കോർപറേഷൻ പ്രസിഡണ്ടുമായ ഡോ. പ്രമോദ് വോറ അറിയിച്ചു.


സോമനാഥ് ഘോഷ്


ഗുൽസാർ സിംഗ്


ഡോ. പ്രമോദ് വോറ


ഗ്ലാഡ്സൺ വർഗീസ്


നാഗ് ജയ്സ്വാൾ

ഗോൾഫ് ടൂർണമെന്റ് ഇന്ത്യൻ കോൺസൽ ജനറൽ സോമനാഥ് ഘോഷ് ഉദ്ഘാടനം ചെയ്യും. മറ്റു പ്രമുഖവ്യക്തികളും ഇതിൽ പങ്കെടുക്കുന്നതാണ്. ഇതിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ എഎഇഐഒ ട്രഷറർ രാജീന്ദർ സിംഗ് മാഗോയെ RBSMAGO@GMAIL.Com-ൽ ബന്ധപ്പെടാവുന്നതാണ്.ഡിന്നറും എന്റർടൈൻമെന്റും നേപ്പർവില്ലായിലുള്ള ഗോൽഗണ്ട ബാങ്കറ്റ് ഹാളിൽ വെച്ചായിരിക്കും നടക്കുക. ഏവരേയും ഈ ചാരിറ്റി ഇവന്റിലേക്ക് സ്വാഗതം ചെയ്യുന്നു.

# ആർട്ടിക് തുരന്നുതുടങ്ങി; സംഘത്തിൽ കാസർകോട്ടുകാരനും

കാസർകോട്: ആർട്ടിക്കിലെ (ഉത്തരധ്രുവം) മഞ്ഞുപാളികളെപ്പറ്റി ഇനിയും അറിയേണ്ട കാര്യങ്ങൾ കണ്ടെത്താനുള്ള പഠനത്തിലാണ് ഒരുപറ്റം ഭൗമശാസ്ത്രജ്ഞർ. അതിനായി ആർട്ടിക് സമുദ്രത്തിന്റെ അടിത്തട്ടിലെ മണ്ണും പാറക്കല്ലുകളും ഖനനം ചെയ്തു തുടങ്ങി. ആ അന്തർദേശീയ സമുദ്രപര്യവേക്ഷണ (ഐഒഡിപി) സംഘത്തിൽ മലയാളക്കരയുടെ അഭിമാനമായി ഒരു കാസർകോട്ടുകാരനുമുണ്ട്. പെരിയ കേരള കേന്ദ്ര സർവകലാശാലയിലെ ജിയോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ കാറഡുക്ക സ്വദേശി ഡോ. എ.വി. സിജിൻ കുമാർ. ഏക ഇന്ത്യൻ പ്രതിനിധി.


ജോയ്ഡസ് റസല്യൂഷൻ പര്യവേക്ഷണകപ്പലിലെ ലാബിൽ ഡോ. എ.വി. സിജിൻകുമാർ

അമേരിക്ക, ബ്രിട്ടൻ, ജർമനി, ജപ്പാൻ, ചൈന തുടങ്ങിയ 17 രാജ്യങ്ങളിലെ ശാസ്ത്രജ്ഞരാണ് അമേരിക്കയിലെ നാഷണൽ സയൻസ് ഫൗണ്ടേഷന്റെ സഹായത്തോടെ പദ്ധതിയുടെ ഭാഗമായി ഉത്തരധ്രുവത്തിലെത്തിയത്. ശേഖരിക്കുന്ന സാമ്പിളുകളിൽനിന്ന് പാറയുടെ ഘടന വിലയിരുത്തുകയും ഫോസിലുകളുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യും. ഏഴ് ദശലക്ഷം വർഷങ്ങൾക്കു മുൻപ് ആർട്ടിക്കിലെ കാലാവസ്ഥ എങ്ങനെയായിരുന്നുവെന്നും കാലക്രമേണ സംഭവിച്ച മാറ്റങ്ങളെന്താണെന്നും വിലയിരുത്തും. ഉത്തര അറ്റ്ലാന്റിക് സമുദ്രത്തിൽനിന്നുള്ള ഉഷ്ണജലപ്രവാഹത്തിന്റെ ശക്തിയും ദൗർബല്യവും പഠിക്കാനും പദ്ധതിയുണ്ട്. പര്യവേക്ഷണം പൂർത്തിയാക്കി ഓഗസ്റ്റ് അഞ്ചിന് ആംസ്റ്റർഡാമിൽ തിരിച്ചെത്തും. ആറുമാസത്തിനുശേഷം ജർമനിയിലെ ബ്രെമനിലെ കോർ ലാബിൽനിന്ന് ഖനനസാമ്പിളുകൾ കേരള കേന്ദ്ര സർവകലാശാലയിലെ ജിയോളജി വകുപ്പിന്റെ കീഴിലുള്ള പാലിയോ-മൂന്ന് ഗവേഷണശാലയിലെത്തിച്ച് പഠനം നടത്തും.

# ഇന്ത്യയിലെ ആദ്യത്തെ യുനെസ്കോ സാഹിത്യനഗര പദവി കോഴിക്കോടിന്

കോഴിക്കോട്: ഇന്ത്യയിലെ ആദ്യത്തെ യുനെസ്കോ സാഹിത്യനഗരമെന്ന പദവി കോഴിക്കോടിന്. സാഹിത്യ-സാംസ്കാരിക ലോകത്തെ പ്രതിനിധികളെ സാക്ഷിയാക്കി മന്ത്രി എം.ബി. രാജേഷ് സാഹിത്യനഗര പ്രഖ്യാപനം ജൂൺ 23-ന് നടത്തി. സാഹിത്യനഗരം അവസരങ്ങളുടെ അനന്തസാധ്യതകളാണ് തുറക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ നഗരത്തിന്റെ നൂറ്റാണ്ടുകളായുള്ള ചരിത്രത്തിനുകൂടി അവകാശപ്പെട്ടതാണ് ഈ നേട്ടം. അത് കാത്തുസൂക്ഷിക്കാൻ പറ്റണം. പദവിയെ ക്രിയാത്മകമായി, സാമ്പത്തികവികസനത്തിനും ടൂറിസം സാധ്യതകൾക്കുമായി ഉപയോഗിക്കാൻ കഴിയണം - മന്ത്രി പറഞ്ഞു. കോർപ്പറേഷന്റെ വജ്രജൂബിലി പുരസ്കാരം എം.ടി. വാസുദേവൻ നായരുടെ വീട്ടിലെത്തി മന്ത്രിയും മേയർ ഡോ. ബീനാ ഫിലിപ്പും ചേർന്ന് സമ്മാനിച്ചു.



ലോഗോ പ്രകാശനവും വെബ്സൈറ്റ് പുറത്തിറക്കലും മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. ആനക്കുളം സാംസ്കാരികനിലയത്തെ സാഹിത്യനഗരകേന്ദ്രമായി കൈതപ്രം ദാമോദരൻ നമ്പൂതിരി പ്രഖ്യാപിച്ചു.

എല്ലാ വർഷവും ജൂൺ 23-ന് സാഹിത്യനഗരദിനമായി ആഘോഷിക്കാനും ആറ് വിഭാഗങ്ങളിലായി സാഹിത്യനഗര പുരസ്കാരം നൽകാനും തീരുമാനിച്ചതായും മേയർ ബീനാ ഫിലിപ്പ് പറഞ്ഞു.

# വീണ്ടും ചില കൃഷിവിശേഷങ്ങൾ

രാജു മൈലപ്ര

മറ്റു പല കാര്യങ്ങളിലുമെന്നപോലെ കാർഷിക മേഖലയിലും ഞാനൊരു സമ്പൂർണ്ണ പരാജയമാണെന്ന് പലതവണ തെളിയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ എനിക്കുള്ള അഭിപ്രായം തന്നെയാണ് എന്റെ ഭാര്യയ്ക്കും.

അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡായിലേക്ക് കഴിഞ്ഞവർഷം കിടക്കയുമെടുത്ത് നടന്നപ്പോൾ, വാടിത്തുടങ്ങിയ എന്റെ കാർഷിക മോഹങ്ങൾ വീണ്ടും പൂവണിഞ്ഞു.

പോയവർഷത്തെ കൃഷി, എന്റെ ആഗ്രഹത്തോളം വളർന്നില്ലെങ്കിലും അത് കാലം തെറ്റിയ കന്നിസംരംഭമായതു കൊണ്ട് എനിക്കു വലിയ നിരാശ തോന്നിയില്ല. ശുഭപ്രതീക്ഷയോടെ വിത്തും കൈക്കോട്ടും ഞാൻ വീണ്ടും കൈയിലെടുത്തു.

ജനുവരി മാസത്തിൽ തന്നെ ഞാൻ നിലമൊരുക്കി. വിദഗ്ദ്ധരായ മലയാളി കർഷകരിൽ നിന്നും ആവശ്യത്തിനുള്ള വിത്തുകളും ആവശ്യത്തിലേറെ ഉപദേശങ്ങളും കിട്ടി. ഒരു ചാൻസ് എടുക്കണ്ട എന്നു കരുതി 'പ്ലാൻ ബി' പ്രകാരം ന്യൂയോർക്കിലും ഹൂസ്റ്റണിലുമുള്ള എന്റെ സുഹൃത്തുക്കളുടെ ഔദാര്യത്തിൽ പാവയ്ക്കാ, പടവലങ്ങ, വെണ്ടയ്ക്കാ തുടങ്ങിയവയുടെ നാടൻ വിത്തുകളും തപാൽമാർഗ്ഗം വരുത്തി.

'നമ്മളു കൊയ്യും വയലെല്ലാം
നമ്മുടേതാകും പൈങ്കിളിയേ'

എന്ന പാട്ടും മൂളിക്കൊണ്ട് വിത്തു വിതറി. ഒരു ബലത്തിന് വേണ്ടി അയലത്തെ സായിപ്പ് കാണാതെ ഒരു ചെങ്കൊടിയും നാട്ടി.

എല്ലുപൊടി, മിറക്കിൾ ഗ്രോ തുടങ്ങിയ വളങ്ങളും സംഭരിച്ചു. എന്നാൽ, ഇതിനേക്കാളെല്ലാം മെച്ചം ചാണകപ്പൊടിയാണെന്ന് കാർഷികരംഗത്ത് മികവ് തെളിയിച്ചിട്ടുള്ള എന്റെ യുവസുഹൃത്ത് സജി കരിമ്പന്നൂരിന്റെ ഉപദേശം സ്വീകരിച്ച് ഞാൻ ചാണകം അന്വേഷിച്ചിറങ്ങി.



ലേഖകൻ

ഞാൻ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള വയലുകളിൽ വലിയ യമണ്ടൻ പശുക്കൾ മേഞ്ഞു നടക്കുന്നതു കണ്ടിട്ടുണ്ട്. എല്ലാത്തിനേയും കയറൂരി വിട്ടിരിക്കയാണ്. അവറ്റകളുടെ പിന്നാലെ ഒരു ബക്കറ്റുമായി നടന്ന് ചാണകം ശേഖരിക്കാമെന്ന് വെച്ചാൽ തൊഴി ഉറപ്പ്. ഇനി അഥവാ തൊഴി കിട്ടിയില്ലെങ്കിൽത്തന്നെയും 'ഗൺകൺട്രോൾ' കാര്യമായി നടപ്പിലാക്കാത്ത ഫ്ളോറിഡയിലെ പശു ഉടമയുടെ വെടി ഉറപ്പ്.

അങ്ങനെയിരുന്നപ്പോഴാണ് ഇവിടെ വന്നു പരിചയപ്പെട്ട സുഹൃത്ത് സുനിൽ വല്ലാത്തറ, സാധനം 'ഹോം ഡിപ്പോ'യിൽ അവയിലബിളാണെന്നുള്ള കാര്യം പറഞ്ഞത്.

ഒട്ടും സമയം കളയാതെ ഹോം ഡിപ്പോയിലേക്കു വെച്ചുപിടിച്ചു. അവിടെ ചെന്നപ്പോഴാണ് 'ചാണകം' എന്നതിന്റെ ഇംഗ്ലീഷ് വാക്ക് എനിക്കറിയില്ല എന്ന ബോധം ഉണ്ടായത്.

Cow fertilizer, cow compost തുടങ്ങിയ വാക്കുകളൊക്കെ പരീക്ഷിച്ചെങ്കിലും വിജയം കണ്ടില്ല. പശുവിന്റെ വിസർജ്ജനത്തിനാണല്ലോ ചാണകം എന്നു പറയുന്നത്. ആ വഴിയിലൊന്നു പരീക്ഷിച്ചാലോ എന്നു തോന്നി.

തേടിയ വള്ളി കാലിൽ ചുറ്റിയെന്നു പറഞ്ഞപോലെ, കാണാനഴകുള്ള ഒരു കറമ്പി സെയിൽസ് ഗേൾ അതു വഴി വന്നു.

May I help you? എന്തൊരു വിനയം! ഞാനൊന്നു പരുങ്ങി. അപ്പോഴാണ് അവരുടെ പിൻഭാഗം എന്റെ ശ്രദ്ധയിൽപ്പെട്ടത്. പത്ത് 'ഹണിറോസുമാർ' ഒരുമിച്ചു നിന്നാൽ പോലും അവളുടെ ഏഴയലത്ത് വരില്ല.

കേരളത്തിലായിരുന്നെങ്കിൽ സ്വർണ്ണക്കടയുടെയും തുണിക്കടകളുടെയും ഉദ്ഘാടനത്തിനു പോയി ഇവൾക്ക് കോടികൾ സമ്പാദിക്കാമായിരുന്നല്ലോ എന്നു മനസ്സിൽ പറഞ്ഞു.

"I need cow..."?

"What?" അവളുടെ പിൻഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് "I need cow shit."

അതിനു കിട്ടിയ മറുപടി കേട്ട്, മരിച്ചുപോയ എന്റെ മാതാപിതാക്കളുടെ ആത്മാക്കൾ പോലും എന്നെ ശപിച്ചു കാണും.

അതിനിടയിൽ എന്റെ കൃഷിമോഹം അറിഞ്ഞ ഒരു സുഹൃത്ത് ഒരു കപ്പത്തണ്ടും വാഴവിത്തും സമ്മാനിച്ചു.

"നല്ല ഒന്നാന്തരം കപ്പയാ. പുഴുങ്ങിത്തിന്നാൽ നല്ല ഏത്തയ്ക്കായുടെ രുചിയാ." തന്റെ കപ്പയുടെ മാഹാത്മ്യത്തെ അയാൾ വർണ്ണിച്ചു.

"എന്നാൽപ്പിന്നെ ഇത്ര കഷ്ടപ്പെടാതെ, ഏത്തയ്ക്കാ വാങ്ങി കഴിച്ചാൽ പോരേ?" എന്ന് ഞാൻ ചോദിച്ചത് അയാക്കത്ര പിടിച്ചില്ല.

പാവലും പടവലവും മുളയ്ക്കുന്നതിനു മുമ്പുതന്നെ അവർക്ക് പടർന്നു പന്തലിക്കുവാൻ വേണ്ടി എന്റെ ആരോഗ്യപരിമിതിയിൽ നിന്നുകൊണ്ട് ഞാനൊരു 'സോമാലിയൻ' പന്തലൊരുക്കി.

ഞാൻ കൃഷിയിറക്കിയ മാർച്ച് മുതൽ ഇതുവരെ ഈ പ്രദേശത്ത് ഒരു തുള്ളി മഴ പെയ്തിട്ടില്ല.

ഏതായാലും നനഞ്ഞിറങ്ങി. രാവിലെയും വൈകിട്ടും ചിലപ്പോൾ നട്ടുച്ചയ്ക്കും ചെടിക്കു വെള്ളമൊഴിച്ചു.

"ഉച്ചസമയത്ത് ചെടിക്ക് വെള്ളമൊഴിക്കരുത്" ഭാര്യയുടെ ഉപദേശം.

"അതെന്താ?"

"സൂര്യപ്രകാശത്തിലല്ലേ ചെടികൾ ഭക്ഷണം പാകം ചെയ്യുന്നത്. ആ സമയത്ത് വെള്ളം ഒഴിച്ചാൽ ചെടികൾ വാടിപ്പോകും."

"പിന്നെ. ഉച്ചസമയത്ത് ചെടികൾ പൊറോട്ടയടിക്കുകയല്ലേ? ഒന്നു കേറിപ്പോടി." ഭാര്യയുടെ ഉപദേശം ഞാൻ ചവറ്റുകുട്ടയിലെറിഞ്ഞു.

ഒരുദിവസം രാവിലെ സുഹൃത്ത് സണ്ണി കോന്നിയൂർ ന്യൂയോർക്കിൽ നിന്നും വിളിച്ചു.

"രാവിലെ എന്താ പരിപാടി?" പതിവ് കുശലാന്വേഷണം.

"വെള്ളമടിക്കുകയാ.."

"എന്റെ പൊന്നളിയാ അതിരാവിലെ തുടങ്ങിയോ? കൂമ്പു വാടിപ്പോകും."

ചെടിക്കു വെള്ളമടിച്ചുകൊണ്ടിരുന്ന എന്റെ മറുപടി ദുർവ്യാഖ്യാനിക്കപ്പെട്ടു.

ഇതിനിടയിൽ ഒന്നുരണ്ടു ഉണക്കവെണ്ടയ്ക്കായുടെയും രണ്ട്മൂന്ന് മുന്തിരിങ്ങാ വലിപ്പത്തിലുള്ള തക്കാളിയുടെയും ഒരു ഫോട്ടോ എടുത്ത് 'എന്റെ ഭർത്താവിന്റെ കൃഷി' എന്ന ക്യാപ്ഷനോടു കൂടി ഫേസ്ബുക്കിൽ, ഞാനറിയാതെ ഭാര്യ പോസ്റ്റ് ചെയ്തു.

അതിനടിയിൽ ചില സാമൂഹികവിരുദ്ധർ അശ്ലീല കമന്റുകൾ ഇട്ടു.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.53 |
| യൂറോ | 89.34 |
| സ്റ്റെർലിംഗ്പൗണ്ട് | 105.63 |
| സ്വിസ് ഫ്രാങ്ക് | 93.49 |
| സിംഗപ്പൂർ ഡോളർ | 61.66 |
| കനേഡിയൻ ഡോളർ | 61.01 |
| ഒമാൻ റിയാൽ | 216.96 |
| ബഹ്റൈൻ ദിനാർ | 221.63 |
| സൗദി റിയാൽ | 22.28 |
| യു.എ.ഇ. ദിർഹം | 22.74 |
| കുവൈത്ത് ദിനാർ | 272.32 |

# മജു ഓട്ടപ്പള്ളി ആർപ്കോ പ്രസിഡണ്ട്

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന അസോസിയേഷൻ ഓഫ് റിഹാബിലിറ്റേഷൻ പ്രൊഫഷണൽസ് ഓഫ് കേരള ഒറിജിൻ (ARPKO) എന്ന സംഘടനയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.



മജു ഓട്ടപ്പള്ളി



അരുൺ മാത്യു തൊട്ടിച്ചിറയിൽ



സോയ ബാബു വഴിയമ്പലത്തുങ്കൽ



റ്റോമി പ്ലാത്തോട്ടത്തിൽ



മന്നു തിരുനെല്ലിപറമ്പിൽ

റിഹാബ് രംഗത്ത് വളരെയധികം പ്രവർത്തനപരിചയമുള്ള മജു ഓട്ടപ്പള്ളിയാണ് പുതിയ പ്രസിഡണ്ട്. അരുൺ മാത്യു തൊട്ടിച്ചിറയിൽ (വൈസ് പ്രസിഡണ്ട്), സോയ ബാബു വഴിയമ്പലത്തുങ്കൽ (സെക്രട്ടറി), റ്റോമി പ്ലാത്തോട്ടത്തിൽ (ജോയിന്റ് സെക്രട്ടറി), മന്നു തിരുനെല്ലിപറമ്പിൽ (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

പ്രസിഡണ്ട് ജെയിംസ് തിരുനെല്ലിപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ത്രിലോക റെസ്റ്റോറന്റിൽ ചേർന്ന പൊതുയോഗത്തിൽ വെച്ചാണ് പുതിയ ഭാരവാഹികളെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്.

പ്രസിഡണ്ട് മജു ഓട്ടപ്പള്ളി അടുത്ത രണ്ടു വർഷത്തേക്കുള്ള കർമ്മപരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു.

പുതിയ ഗ്രാജുവേറ്റ്സിന് പ്രൊഫഷണൽ സപ്പോർട്ട്, നാട്ടിൽ ഈ രംഗത്ത് സഹായം അർഹിക്കുന്നവർക്ക് അത് നല്കുവാനുള്ള പദ്ധതികൾ, വിദ്യാഭ്യാസ ബോധവത്ക്കരണ ക്ലാസുകൾ തുടങ്ങിയ നിരവധി പ്രോഗ്രാമുകൾ നടത്തുന്നതാണ്.

സംഘടനയുടെ പ്രവർത്തനോദ്ഘാടനം ഒക്ടോബറിൽ നടത്തുവാനും യോഗം തീരുമാനിച്ചു.



# SPIRITUAL WARFARE AND PRIDE MONTH

Shirley Chacko

The Pride flag flies high next to the flag of State of Washington for the entire month of June. There are so many Pride events in June that they even spill over into July! I guess that's fitting, with this year 2024 being Seattle's $50^{th}$ Anniversary Celebrating Pride.

"The Washington State LGBTQ Commission works to improve the state's interface with the lesbian, gay, bisexual, transgender, queer, two-spirit, and intersex community, identify the needs of its members, and ensuring that there is an effective means of advocating for LGBTQ equity in all aspects of state government".

What does it mean to say America is a Christian nation? It depends on whom you ask. Some believe God worked to bring European Christians to America in the 1600s and secure their independence in the 1700s. Some take the Puritan settlers at their word that they were forming a covenant with God, similar to the Bible's description of ancient Israel, and see America as still subject to divine blessings or punishments depending on how faithful it is. Some others contend that some or all the American founders were Christian, or that the founding documents were based on Christianity.

In God we Trust is the official motto of the United States. According to the Bible in Genesis 2:7, this is how humanity began: "The Lord God formed man of the dust of the ground, and breathed into his nostrils the breath of life; and man became a living soul." God called the man Adam, and later created Eve from Adam's rib. Eve represents the essential life-giving maternal function of women. Adam and Eve were created by God to take care of His creation, to populate the earth, and to have a relationship with HIM.

As Christians, if only all of us would have the courage to stand up for the TRUTH. Christmas is celebrated on December $25^{th}$, Easter is one Sunday, Independence Day of America is on July $4^{th}$, Labor Day is the first Monday in September, Thanksgiving Day is the $4^{th}$ Thursday in November.



Shirley Chacko

BUT – an entire month JUNE celebrating PRIDE! Isn't it ironic and disgusting at the same time. Where do we find that God created Adam and Adam, or Eve and Eve? NO– GOD CREATED ADAM AND EVE.

Do you realize that we are living a battle in this world - a spiritual warfare battle. We may not see it; we might forget it is there. But the enemy would love nothing more than to fill our minds with discouragement and defeat. If you are a believer who is living like salt and light in a dark world, you will not go long without encountering spiritual warfare through obstacles and attacks he will hurl in your direction. And though we cannot stop his cruel attacks, we do not have to let him win. God reminds us in His word to stay aware of Satan's schemes, to live alert in this world, and to stay close to Him.

God gives specific instructions in his Word, he gives us all we need to stand strong in this life and have victory over the battlefields of our mind, heart, and soul. Yet all too often we race through busy, full days, unprepared, or simply not aware of what we are up against, or who the real enemy even is.

Spiritual warfare is not giving the devil more attention or focusing too much on his evil ways. Biblical warfare is making ourselves more attentive to what God is doing and remembering to stand firm and let Him fight our fiercest battles. There is power through His Spirit, His Word, and in prayer, and we can be confident that He is always with us, leading our way and covering us from behind.

1 Peter 5:8 tells us that our adversary, the devil, prowls around like a roaring lion, seeking someone to devour.

We know the enemy wants our children; he wants to pull them away from us, from their faith, and from the one true God. We also know that Satan is crafty, and he tries to pull our children away in a variety of ways: by temptation, distractions, deception, etc. Our children are fed with confusion and chaos that comes from Satan.

Thankfully, we serve a God that invites us to pray. He has also given us His Word, full of wisdom and promises that can guide us in our prayers, asking for our children to be protected from Satan. Will you and I stand in the gap to intercede for our children, our city and nation to come to know Jesus as their Savior?

## വോട്ടിംഗ് യന്ത്രങ്ങളിലെ കൃത്രിമം തടയാൻ ടാസ്ക് ഫോഴ്സിനെ നിയോഗിക്കണമെന്ന് ഐഒസി

ചിക്കാഗോ: ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം കാട്ടുന്നത് തടയാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കണമെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം ഡൽഹിയിൽ കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെയോട് അഭ്യർത്ഥിച്ചു. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത് കൂടുതൽ ആവശ്യമാണ്.




ഇക്കാര്യത്തിൽ സാങ്കേതികമായി വിദഗ്ദ്ധോപദേശം നല്കാൻ ഇന്ത്യയിലും വിദേശത്തും ഒട്ടേറെപ്പേരുണ്ട്. ചില യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ ഇന്ത്യയിലും പേപ്പർ ബാലറ്റ് കൊണ്ടുവരാൻ കോൺഗ്രസ് പാർട്ടി ഊർജിതമായ ശ്രമം നടത്തണമെന്ന് അദ്ദേഹം പറഞ്ഞു.

വിദേശത്ത് 32 രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള ഐഒസി പ്രവർത്തകരുടെ അന്താരാഷ്ട്ര സമ്മേളനം വിളിച്ചു കൂട്ടണമെന്നും അദ്ദേഹം ഖാർഗെയോട് അഭ്യർത്ഥിച്ചു. പ്രവർത്തകരുടെ ആത്മവീര്യം ഉയർത്താനും ഭാവിയിൽ ആഗോള സ്വാധീനം വർദ്ധിപ്പിക്കാനും അത് സഹായിക്കും.

ഇതിനകം തന്നെ ഐഒസിക്ക് കേരള ചാപ്റ്ററുകൾ ഉള്ള യുഎസ്, യുകെ തുടങ്ങിയ വികസിത രാജ്യങ്ങളിൽ ഒഐസിസി ചാപ്റ്ററുകൾ (ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ്) ഏകപക്ഷീയമായി ആരംഭിക്കുന്ന കാര്യവും ചർച്ച ചെയ്തു. വിദേശികളുടെ രാഷ്ട്രീയപ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുന്ന ഗൾഫ് രാജ്യങ്ങൾക്കായി പ്രത്യേകം സ്ഥാപിച്ചതാണ് ഒഐസിസി. അവയ്ക്ക് വികസിത രാജ്യങ്ങളിൽ പ്രസക്തി ഇല്ല. ഇക്കാര്യം കൃത്യമായി പരിഹരിക്കാൻ എഐസിസി നിർദേശം നല്കണമെന്ന് ഏബ്രഹാം ആവശ്യപ്പെട്ടു.

ഐഒസിയുമായി ഫലപ്രദമായ ചർച്ചകൾ പ്രോത്സാഹിപ്പിക്കുന്നതിനും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി എല്ലാ പിസിസിയിലും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തണമെന്ന മറ്റൊരു നിർദേശവും ഉന്നയിച്ചു.



KERALA EXPRESS



# സാമുവേൽ മാർ തിയോഫിലോസ് ബിലീവേഴ്സ് ഈസ്റ്റേൺ സഭയുടെ പുതിയ അധ്യക്ഷൻ

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ തലവനായി സാമുവേൽ മാർ തിയോഫിലോസ് അഭിഷിക്തനായി. കുറ്റപ്പുഴയിലെ സഭാ ആസ്ഥാനത്തുള്ള സെയിന്റ് തോമസ് കത്തീഡ്രലിൽ ജൂൺ 22-ന് ശനിയാഴ്ച വാഴിക്കൽ ചടങ്ങ് നടന്നു.

രാവിലെ എട്ടിന് കുർബാനയോടെ ചടങ്ങുകൾ തുടങ്ങി. സഭയിലെ മുതിർന്ന എപ്പിസ്കോപ്പയും ഡൽഹി അതിഭദ്രാസനാധിപനുമായ ജോൺ മാർ ഐറേനിയസിന്റെ കാർമികത്വത്തിലായിരുന്നു ചടങ്ങുകൾ. മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ സിറിൽ മാർ ബസേലിയോസ് മെത്രാപ്പൊലീത്തയും കാർമികത്വം വഹിച്ചു. ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിലായിരുന്നു പ്രാർത്ഥനകൾ. പത്തുമണിയോടെ ചടങ്ങിന്റെ രണ്ടാം ഭാഗം തുടങ്ങി.

നിയുക്ത മെത്രാപ്പൊലീത്തയെ മദ്ബഹയിലേക്ക് ആനയിച്ചു. സിനഡ് സെക്രട്ടറി ജോഷ്വ മാർ ബർണബാസ്, തിയോഫിലോസിനെ സഭാധ്യക്ഷനാക്കിക്കൊണ്ടുള്ള ഹോളി സിനഡിന്റെ തീരുമാനം വായിച്ചു.

തുടർന്ന് അൾത്താരയ്ക്ക് അഭിമുഖമായി കുമ്പിട്ട് സ്ഥാനം ഏൽക്കാനുള്ള സന്നദ്ധത തിയോഫിലോസ് അറിയിച്ചു. ജനാഭിമുഖമായിനിന്ന് സഭയോടും വിശ്വാസികളോടുമുള്ള കൂറും പ്രഖ്യാപിച്ചു.

കുർബാനമധ്യേ തിയോഫിലോസിനെ കസേരയിലിരുത്തി, സർവഥാ യോഗ്യൻ എന്നർഥം വരുന്ന ഓക്സിയോസ് ചൊല്ലി മൂന്നുവട്ടം ഉയർത്തി. തുടർന്ന് അംശവടികളും സ്ഥാനചിഹ്നങ്ങളും അണിയിച്ചതോടെ സഭാതലവനായി മാറി. തിയോഫിലോസ് മെത്രാപ്പൊലീത്തയാണ് കുർബാന പൂർത്തീകരിച്ചത്. ബിലീവേഴ്സ് സഭാ സ്ഥാപകൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത അമേരിക്കയിലെ ഡാളസിൽ വാഹനാപകടത്തിൽ മരിച്ചതിനെത്തുടർന്നാണ് പുതിയ അധ്യക്ഷനെ വാഴിച്ചത്. റാന്നി കീക്കൊഴൂർ കൈതപ്പതാലിൽ കുടുംബാംഗമാണ് 64-കാരനായ തിയോഫിലോസ്.



സാമുവേൽ മാർ തിയോഫിലോസിനെ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ അധ്യക്ഷനായി വാഴിക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ കസേരയിലിരുത്തി സഭയിലെ സഹ ബിഷപ്പുമാർ ഓക്സിയോസ് ചൊല്ലുന്നു

## ഹൂസ്റ്റൺ പട്ടണം ഒരുങ്ങി

(3-ാം പേജിൽനിന്നും)

അനുഭവിക്കുവാനുമുള്ള അവസരമാണ് വിശ്വാസസഹോദരങ്ങൾക്ക് ലഭ്യമാകുന്നത്. ഇന്നയോളം അത്ഭുതകരമായി വഴിനടത്തിയ കർത്താവായ യേശുക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയും മുറുകെപ്പിടിച്ച്, ദൈവികപ്രമാണങ്ങളോട് നൂറു ശതമാനം വിശ്വസ്തത പുലർത്തി സമൂഹത്തിനും സഭകൾക്കും മാതൃക കാണിക്കുവാൻ, പ്രതിവർഷം അയ്യായിരത്തിലേറെ വിശ്വാസികളും ശുശ്രൂഷകന്മാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കോൺഫറൻസുകളിൽ എത്തിച്ചേരുന്നു. സത്യദൈവത്തെ ആരാധിക്കുവാനും ആദിമസഭ അനുഭവിച്ച പെന്തെക്കോസ്ത് അനുഭവത്തെ ദർശിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും അപ്പം നുറുക്കുവാനും ബന്ധങ്ങൾ പുതുക്കുവാനുമുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ദൈവമക്കൾ തയ്യാറായിക്കഴിഞ്ഞു.

'മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പ്പിൻ' (ലൂക്കോസ് 3:8) എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ലോകപ്രസിദ്ധ സുവിശേഷകനും അമേരിക്കയിലെ യുവജനങ്ങൾക്കിടയിൽ ഏറെ സ്വാധീനവുമുള്ള പാസ്റ്റർ വ്ളാഡ് സുവ്ഷുക്ക്, ഡോ. ജൂലിയസ് സൂബി, ഡോ. റ്റിം ഹിൽ, ആൻഡ്രസ് ബിസോണ, ക്രൈസ്തവ കൈരളിക്ക് ഏറെ സുപരിചിതരായ പാസ്റ്റർ ഫെയ്ത്ത് ബ്ലസ്സൻ, പാസ്റ്റർ ജസ്റ്റിൻ ശാമുവൽ, ഡോ. ഏഞ്ചൽ എൽസാ വർഗീസ് (യുകെ) എന്നിവരാണ് മുഖ്യപ്രസംഗകർ. പാസ്റ്റർ ഫിന്നി ആലുമ്മൂട്ടിൽ (നാഷണൽ കൺവീനർ), രാജു പൊന്നോലിൽ (നാഷണൽ സെക്രട്ടറി), ബിജു തോമസ് (നാഷണൽ ട്രഷറർ), റോബിൻ രാജു (യൂത്ത് കോ-ഓർഡിനേറ്റർ), ആൻസി സന്തോഷ് (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരാണ് മുഖ്യസംഘാടകർ.

ഒരുക്കത്തോടെ കടന്നുവരുന്ന ദൈവമക്കൾക്ക് പ്രത്യാശയ്ക്ക് ഒട്ടും മങ്ങലേല്ക്കാതെ, ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത് ആത്മനിറവിൽ ആരാധിക്കുവാൻ സാധിക്കുന്ന ഗാനങ്ങളാണ് അനുഗൃഹീത ഗായകൻ കെ. ബി. ഇമ്മാനുവേലിന്റെ നേതൃത്വത്തിലുള്ള നാഷണൽ ഗായകസംഘം എല്ലാ സെഷനുകളിലും ഉൾപ്പെടുത്തിയിരിക്കുന്നത്. എബിൻ അലക്സ്, ഐപ്പ് ഐസക്ക്, സാബി കോശി, എബി ഏബ്രഹാം എന്നിവരുടെ ചുമതലയിലാണ് വർഷിപ്പ് ടീമിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച നിലയിലുള്ള താമസസൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി ഏല്പിച്ച ദൗത്യം പൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്തു തീർക്കുവാനായി റ്റിജു തോമസ്, പാസ്റ്റർ സണ്ണി താഴംപള്ളം, സജിമോൻ ജോർജ്, ജോർജ് നൈനാൻ, ജോഷിൻ ഡാനിയേൽ, ജോബിൻ ജോൺസൺ, തോമസ് വർഗീസ്, ജോസഫ് കുര്യൻ, ടോം കുര്യൻ, പാസ്റ്റർ പി.വി. മാമ്മൻ, പി.കെ. തോമസ്, ബിജു നൈനാൻ എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ-ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ദൈവജനത്തെ പല നിലകളിലും പ്രത്യാശയോടെ ഒരുക്കുന്ന ഈ മഹാസമ്മേളനം വിശ്വാസികളുടെയും ശുശ്രൂഷകരുടെയും പങ്കാളിത്തംകൊണ്ട് വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ വൻ വിജയമാകുമെന്ന പ്രതീക്ഷയിലാണ് ഭാരവാഹികൾ. അമേരിക്കയിലും കാനഡയിലുമുള്ള സഭകളിൽ നിന്നായി നിരവധി ദൈവമക്കൾ കോൺഫറൻസിൽ പങ്കെടുക്കും. സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേക മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്. ഹൂസ്റ്റൺ ഐഎഎച്ച്, ഹൂസ്റ്റൺ ഹോബി എയർപോർട്ടുകളിൽ വന്നിറങ്ങുന്നവർക്ക് സുരക്ഷിതമായി കോൺഫറൻസ് സെന്ററിൽ എത്തിച്ചേരുവാൻ സൗജന്യ വാഹനസൗകര്യം ക്രമീകരിച്ചിട്ടുണ്ട്. കാർ മാർഗ്ഗമായി എത്തിച്ചേരുന്നവർക്കും കൺവൻഷൻ സെന്ററിൽ സൗജന്യ പാർക്കിംഗ് ഭാരവാഹികൾ ക്രമീകരിച്ചിട്ടുണ്ട്.

ജോസഫ് കുര്യൻ (ഹൂസ്റ്റൺ), റ്റോം കുര്യൻ (ഹൂസ്റ്റൺ), പാസ്റ്റർ ജെയിംസ് ഏബ്രഹാം (ഓസ്റ്റിൻ), പാസ്റ്റർ റോയി ചെറിയാൻ (അരിസോണ), പാസ്റ്റർ മനു ഫിലിപ്പ് (സൗത്ത് ഫ്ളോറിഡ), പാസ്റ്റർ പി.വി. മാമ്മൻ (മിഷിഗൺ), പാസ്റ്റർ ജോർജ് ചെറിയാൻ (നോർത്ത് കരോളിന), പാസ്റ്റർ ബാബു ജോൺ (ന്യൂ മെക്സിക്കോ), പാസ്റ്റർ ജോയി വർഗീസ് (ഒഹായോ), പാസ്റ്റർ സിബി തോമസ് (ടെന്നസി), പാസ്റ്റർ മാത്യു ശാമുവൽ (ഡാളസ്), പാസ്റ്റർ ഏബ്രഹാം ഈപ്പൻ (ന്യൂയോർക്ക്),പാസ്റ്റർ എബിൻ അലക്സ് (കാനഡ), ജോൺസൺ ജോർജ് (ന്യൂയോർക്ക്), പ്രസാദ് ജോർജ് (കണക്ടിക്കട്ട്), ഐപ്പ് ഐസക് (ന്യൂജേഴ്സി), യോഹന്നാൻ ജോർജ് (കാലിഫോർണിയ), സജി ഫിലിപ്പ് (ഇല്ലിനോയി), കുര്യൻ സക്കറിയ (ഒക്കലഹോമ), സിജു ഏബ്രഹാം (വെർജീനിയ), റ്റിജോ തോമസ് (കാനഡ), സാം ഏബ്രഹാം (കാനഡ), സാം വർഗീസ് (ജോർജിയ), റോബിൻ ജോൺ (മസാച്ചുസെറ്റ്സ്), സാബി കോശി (ന്യൂയോർക്ക്), ഡാവിൻ ദാനിയേൽ (പെൻസിൽവേനിയ), ബിജോ തോമസ് (മേരിലാൻഡ്) എന്നിവരാണ് നാഷണൽ പ്രതിനിധികൾ.

കുര്യൻ സക്കറിയ (നാഷണൽ മീഡിയ കോ-ഓർഡിനേറ്റർ), നിബു വെള്ളവന്താനം (നാഷണൽ പബ്ലിസിറ്റി കോ-ഓർഡിനേറ്റർ), ഫിന്നി രാജു ഹൂസ്റ്റൺ (നാഷണൽ സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ), ജോയി തുമ്പമൺ (ലോക്കൽ പബ്ലിസിറ്റി കോ-ഓർഡിനേറ്റർ), സ്റ്റീഫൻ സാമുവൽ (ലോക്കൽ മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരാണ് മീഡിയ ഭാരവാഹികൾ. സമ്മേളനം അനുഗൃഹീതമായിത്തീരുവാനും വിശ്വാസികൾ പ്രാർത്ഥനയോടെ കോൺഫറൻസിൽ പങ്കെടുക്കുവാനും നാഷണൽ ഭാരവാഹികളായ പാസ്റ്റർ ഫിന്നി ആലുമ്മൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ് എന്നിവർ അഭ്യർത്ഥിച്ചു.

**കൂടുതൽ വിവരങ്ങൾക്ക്:**
**www.pcnakhouston.org**

# സംസ്ഥാനത്തിന്റെ പേര് കേരളം; മുഖ്യമന്ത്രിയുടെ പ്രമേയം നിയമസഭ പാസാക്കി

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ പേര് 'കേരളം' എന്നാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം നിയമസഭ ഐകകണ്ഠ്യേന പാസാക്കി. ഭരണഘടനയുടെ ഒന്നാം പട്ടികയിൽ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കേരളം എന്നാക്കി ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

# ഗുരുവായൂരപ്പനെ വിളിച്ച് സുരേഷ്ഗോപിയുടെ സത്യപ്രതിജ്ഞ

ന്യൂഡൽഹി: പാർലമെന്റ് അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് പീഠത്തിലേക്ക് കയറും മുൻപ് ഭഗവാന്റെ നാമം ജപിച്ച് കേന്ദ്രമന്ത്രി സുരേഷ്ഗോപി. സത്യപ്രതിജ്ഞയിലേക്ക് കടക്കും മുൻപ് അദ്ദേഹം 'കൃഷ്ണാ ഗുരുവായൂരപ്പാ ഭഗവാനേ' എന്നു ചൊല്ലിക്കൊണ്ടാണ് പീഠത്തിന് അരികിലേക്ക് എത്തിയത്. തുടർന്ന് സത്യപ്രതിജ്ഞ ചെയ്തു.



ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്നു ജയിച്ച ഏക ബിജെപി അംഗമാണ് സുരേഷ് ഗോപി. മലയാളത്തിൽ ദൈവനാമത്തിലായിരുന്നു സത്യപ്രതിജ്ഞ. തുടർന്ന് ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും നോക്കി തൊഴുതാണ് അദ്ദേഹം സീറ്റിലേക്ക് മടങ്ങിയത്. കേന്ദ്രമന്ത്രിയെന്ന നിലയിലാണ് സുരേഷ് ഗോപിയുടെ സത്യപ്രതിജ്ഞ ആദ്യമേ നടന്നത്. തുടർന്ന് മന്ത്രി ജോർജ് കുര്യന്റെ സത്യപ്രതിജ്ഞയും നടന്നു. കേരളത്തിൽ നിന്നുള്ള മറ്റ് എംപിമാരുടെ സത്യപ്രതിജ്ഞ വൈകുന്നേരത്തോടെ നടന്നു.

## കത്തിക്കരിഞ്ഞ നിലയിൽ

(3-ാം പേജിൽനിന്നും)

നിർണായക വിവരങ്ങളാണ് അന്വേഷണസംഘത്തിന് ലഭിച്ചതെന്നാണ് റിപ്പോർട്ട്. പരീക്ഷയുടെ തൊട്ടു തലേദിവസംതന്നെ ചോദ്യപേപ്പറുകളുടെ പിഡിഎഫ് പകർപ്പ് തട്ടിപ്പുസംഘത്തിന് ലഭിച്ചതായാണ് കേസ് അന്വേഷിക്കുന്ന ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യവിഭാഗം സ്ഥിരീകരിക്കുന്നത്.

പട്നയിലെ നന്ദലാൽ ചപ്രയിലുള്ള ലേൺ ബോയ്സ് ഹോസ്റ്റലിലും സമീപത്തെ പ്ലേ സ്കൂളിലും ഭാഗികമായി കത്തിച്ച ചില കടലാസുകൾ അന്വേഷണസംഘത്തിനു ലഭിച്ചിട്ടുണ്ട്. സ്കൂളിലെ വൈഫൈ പ്രിന്ററുകളിൽ നിന്നാണ് ചോദ്യപേപ്പറിന്റെ പകർപ്പെടുത്തതെന്നാണ് പ്രാഥമിക നിഗമനം. സ്കൂളിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള ഒരുസ്ഥലത്തു നിന്നാണ് കുട്ടികളെ സ്കൂളിലെത്തിച്ച് ഉത്തരങ്ങൾ മനഃപാഠമാക്കാൻ പരിശീലിപ്പിച്ചത്. വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കാനും തിരികെ കൊണ്ടുപോകാനും ഉപയോഗിച്ച വാഹനത്തിന്റെ ഡ്രൈവറും അറസ്റ്റിലായിട്ടുണ്ട്.

ബൽദേവ് കുമാർ എന്ന ചിന്തു ഉൾപ്പെടെ അഞ്ചു പേരെയാണ് ഝാർഖണ്ഡിലെ ദിയോഘർ ജില്ലയിൽ നിന്ന് ബിഹാർ പോലീസ് അറസ്റ്റ് ചെയ്തത്. തട്ടിപ്പ് സംഘത്തിലെ പ്രധാനിയായ സഞ്ജീവ് കുമാറുമായി ബൽദേവ്കുമാറിന് ബന്ധമുണ്ടെന്നുള്ള വിവരവും അന്വേഷണസംഘത്തിനു ലഭിച്ചു. ഇന്റലിജൻസ് വിഭാഗത്തിന്റെയും സൈബർ പോലീസിന്റെയും സഹായത്തോടെയായിരുന്നു കേസന്വേഷണത്തിന് ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യവിഭാഗം പ്രതികളിലേക്ക് എത്തിയത്.

## സമ്മേളനത്തിന് തുടക്കമായി

(3-ാം പേജിൽനിന്നും)

പ്രോടെം സ്പീക്കറെ സഹായിക്കുന്ന അഞ്ചംഗ എംപിമാരുടെ പാനലിൽ കൊടിക്കുന്നിലിനെ ഉൾപ്പെടുത്തിയിരുന്നു. പ്രതിഷേധത്തിന്റെ ഭാഗമായി പദവി ഏറ്റെടുക്കേണ്ടെന്ന് കൊടിക്കുന്നിലിനു കോൺഗ്രസ് നിർദേശം നൽകി.

പരീക്ഷാ ക്രമക്കേടുകൾക്കു പുറമേ ബംഗാളിലെ ട്രെയിൻ അപകടം, മണിപ്പൂർ കലാപം, ജമ്മു കാശ്മീരിലെ ഭീകരാക്രമണങ്ങൾ തുടങ്ങിയവയും പ്രതിപക്ഷം സർക്കാരിനെതിരെ ആയുധമാക്കും. പരീക്ഷാ ക്രമക്കേട്, ട്രെയിൻ അപകടം എന്നിവയുടെ പേരിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് എന്നിവരുടെ രാജിയും ആവശ്യപ്പെടും.

## ജവാന്മാർക്ക് വീരമൃത്യു

(3-ാം പേജിൽനിന്നും)

വിഷ്ണുവാണ് ട്രക്ക് ഓടിച്ചിരുന്നത്. തലസ്ഥാനമായ റായ്പുരിൽനിന്ന് 400 കിലോമീറ്റർ അകലെ തിമ്മപുരം ഗ്രാമത്തിലെ വനമേഖലയിൽ ജൂൺ 23-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിനായിരുന്നു സ്ഫോടനം. സുരക്ഷാസൈനികർക്കു ഭക്ഷണസാധനങ്ങളും ലഗേജുകളുമായി ക്യാംപിൽനിന്നു പുറപ്പെട്ട ട്രക്കാണ് സ്ഫോടനത്തിൽ തകർത്തത്. ഒന്നര മാസം മുൻപ് അവധിക്കു നാട്ടിലെത്തിയ വിഷ്ണു വീടിന്റെ പാലുകാച്ചലും മകന്റെ എഴുത്തിനിരുത്തു ചടങ്ങും കഴിഞ്ഞാണു മടങ്ങിയത്.

10 വർഷത്തിലേറെയായി സിആർപിഎഫിൽ സേവനം ചെയ്യുന്ന വിഷ്ണുവിന്റെ ആദ്യനിയമനം കാശ്മീരിലായിരുന്നു. രണ്ട് വർഷം മുൻപാണു ഛത്തീസ്ഗഡിൽ എത്തിയത്. ജി.രഘുനാഥൻ-അജിത ദമ്പതികളുടെ മകനാണ്. ഭാര്യ: നിഖില (നേഴ്സ്, ശ്രീചിത്ര). മക്കൾ: നിർദേവ്, നിർവിൻ.

# SEEKING BRIDEGROOM

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5’4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters.
If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5’6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5’3” with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5’ born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5’, currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal back-

Visit Our Website: www.keralaexpress.com for Matrimonial

# SEEKING BRIDE

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5’11”, engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5’6”) itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5’ 8”, born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5”7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com, +44 7776814498, +91 9846130814** with details and pictures.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

ground. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas.
If interested please email information to **annoov17@gmail.com.**

## കെ.എം. കുരുവിള

**മുണ്ടക്കയം:** കൈതത്തറ കെ.എം. കുരുവിള (ബേബി-77) അന്തരിച്ചു. ഭാര്യ: മേരി കുരുവിള. മക്കൾ: ഗ്രേസി വർഗീസ് (യുഎസ്), മേബിൾ പ്രിൻസ്, മീന ജിം (ഓസ്ട്രേലിയ), മീബ റെനി (ബെംഗളൂരു). മരുമക്കൾ: മാത്യു വർഗീസ് (യുഎസ്), പ്രിൻസ് ബേബി (തൃശൂർ), ജിം ജോർജ് ആറാട്ട് (ഓസ്ട്രേലിയ), റെനി പി. ഏബ്രഹാം (ബെംഗളൂരു)

**അയ്മനം:** മലയാള മനോരമ റിട്ട. ഉദ്യോഗസ്ഥൻ കുഴിത്താർ അറക്കപ്പറമ്പിൽ കൊട്ടാരത്തിൽ എ.സി. ഏബ്രഹാം (95) അന്തരിച്ചു.

**മണർകാട്:** നെടുമൂട്ടിലായ ചോറാറ്റിൽ ഐപ് ഫിലിപ് (കുഞ്ഞ്-79) അന്തരിച്ചു.

**മുത്തോലി:** ഞാറ്റുകാലക്കുന്നേൽ പരേതനായ എൻ.ജെ. ജോസഫിന്റെ ഭാര്യ പെണ്ണമ്മ ജോസഫ് (95) അന്തരിച്ചു.

**നെടുങ്കുന്നം നോർത്ത്:** കേരള പ്ലാന്റേഷൻ കോർപറേഷൻ ജനറൽ മാനേജർ പന്ത്രണ്ടാം മൈൽ കലംകെട്ടിക്കൽ കെ.സി. സുരേന്ദ്രൻ (62) അന്തരിച്ചു.

**വിളക്കുമാടം:** സലേഷ്യൻ മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭാംഗം സിസ്റ്റർ മരിയ റോഡ്രിക്സ് (ത്രേസ്യാക്കുട്ടി-93) അന്തരിച്ചു.

## മോളി ചാണ്ടി

**കോതമംഗലം:** റിട്ട. അധ്യാപിക ചേലാട് തെക്കേത്തൊട്ടിയിൽ മോളി ചാണ്ടി (72) അന്തരിച്ചു. ഭർത്താവ്: ചാണ്ടി (കെഎസ്ഇബി റിട്ട. എഞ്ചിനീയർ). മക്കൾ: ദീപ (ബെംഗളൂരു), നീബ (യുഎസ്), ജീബ (കാനഡ). മരുമക്കൾ: മനു പ്രസാദ് (ബെംഗളൂരു), ഗിരീഷ് നടരാജൻ (യുഎസ്), അനിയൻ ഏബ്രഹാം (കാനഡ).

**പാമ്പാടി-വെള്ളൂർ:** തോട്ടക്കാട് കൊടുവേലിയിലായ ചക്കാലയിൽ ശോശാമ്മ വർക്കി (കുഞ്ഞൂഞ്ഞമ്മ-70) അന്തരിച്ചു.

**കുറവിലങ്ങാട്:** മാനാച്ചേരിൽ തോമസിന്റെ (പോസ്റ്റാർ സ്റ്റോഴ്സ്) ഭാര്യ മേരി തോമസ് (മേരിക്കുഞ്ഞ്-68) അന്തരിച്ചു.

**മോനിപ്പള്ളി:** കൊച്ചുമലയിൽ കെ.എസ്. ജോസഫ് (78) അന്തരിച്ചു.

**കേച്ചേരി:** പ്രാദേശിക മാധ്യമപ്രവർത്തകനായിരുന്ന പട്ടിക്കര മണ്ണാറയിൽ അബ്ദുൾ റസാക്ക് (റസാഖ് കേച്ചേരി-72) അന്തരിച്ചു.

**കൂത്താട്ടുകുളം:** വിമുക്തഭടനും റബർ ബോർഡ് റിട്ട. ഉദ്യോഗസ്ഥനുമായ വടക്കൻ പാലക്കുഴ വാകമറ്റത്തിൽ എം.ടി. സ്കറിയ (80) അന്തരിച്ചു.

**മൂവാറ്റുപുഴ:** എഫ്സിസി വിമലഗിരി ഭവനാംഗം സിസ്റ്റർ ബർത്ത (87) അന്തരിച്ചു.

**അടൂർ:** വടക്കേടത്തുകാവ് വാര്യവീട്ടിൽ തോമസ് വർഗീസ് (83) അന്തരിച്ചു.

## ഏലിക്കുട്ടി മൈക്കിൾ

**കടനാട്:** നടുവിലേക്കുറ്റ് പരേതനായ മൈക്കിളിന്റെ ഭാര്യ ഏലിക്കുട്ടി (അച്ചാമ്മ-88) അന്തരിച്ചു. ഏഴാച്ചേരി മാമ്മൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി (യുഎസ്), സാജു, ബീന, ബിജി. മരുമക്കൾ: മേരി കല്ലുങ്കൽ (പൈങ്ങോട്ടൂർ), മിനി പേഴത്തുങ്കൽ (പെരിങ്ങുളം), ടോം കാരിവേലിൽ (കടപ്ലാമറ്റം).

## മറിയാമ്മ ഗീവർഗീസ്



**അയർക്കുന്നം:** മണ്ണുമ്മൂട്ടിൽ മറിയാമ്മ ഗീവർഗീസ് (91) അന്തരിച്ചു. ഇരവിപേരൂർ മടേലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എംസി. ഗീവർഗീസ് (റിട്ട.എച്ച്പിസിഎൽ മാനേജർ). മക്കൾ: ജെയിംസ്, മോളി, ജോർജി (ഇരുവരും യുഎസ്), സനിൽ (മസ്കറ്റ്), ബെറ്റി, ബിജു. മരുമക്കൾ: ലിസി (മണത്തല), ഫ്രാൻസിസ് (മേനാച്ചേരി), സീന (കാട്ടാശേരി), ജോളി (പൗവ്വത്ത്), ജെയ്സൺ (തോട്ടപ്പള്ളി), സൂസൻ (ലാച്ചന്ത്ര). ചിക്കാഗോയിലെ മാധ്യമപ്രവർത്തകൻ അലൻ ജോർജ് കൊച്ചുമകനാണ്.

**പെരിയ:** കേരള കോൺഗ്രസ് (ജെ) സംസ്ഥാന ജനറൽ സെക്രട്ടറിയും യുഡിഎഫ് കാഞ്ഞങ്ങാട് നിയോജകമണ്ഡലം ചെയർമാനുമായ തടിയംവളപ്പിലെ ഏബ്രഹാം തോണക്കര (62) അന്തരിച്ചു.

**ചാലുകുന്ന്:** വഞ്ചിത്താറ്റിലായ മറ്റത്തിൽ (എംസി വില്ല) പ്രസാദ് കെ. ചെറിയാൻ (78) അന്തരിച്ചു.

**ചങ്ങനാശേരി:** വാഴപ്പള്ളി കല്ലുകളം പരേതനായ ലൂക്കാ ദേവസ്യയുടെ ഭാര്യ തങ്കമ്മ ലൂക്ക (71) അന്തരിച്ചു.

**പാമ്പാടി ഈസ്റ്റ്:** പേക്കാവിൽ തോമസ് വർഗീസ് (65) അന്തരിച്ചു.

**കടപ്പൂർ:** എം.ജി. സർവകലാശാല റിട്ട. ക്ലാർക്ക് നെടുവാനായിൽ കെ.എം. തോമസ് (ബേബി-58) അന്തരിച്ചു.

**മരിയപ്പള്ളി:** മുട്ടം പുളിമൂട്ടിൽ അമ്മിണി സഖറിയാസ് (83) അന്തരിച്ചു.

**പുതുപ്പള്ളി:** കീച്ചാൽ ശിവശക്തിയിൽ വി.എസ്. രവീന്ദ്രന്റെ ഭാര്യ പൊന്നമ്മ രവീന്ദ്രൻ (74) അന്തരിച്ചു.

**കുടമാളൂർ:** കാഞ്ഞിരത്തുംകോട്ടയിൽ പ്രഭാകരൻ നായർ (74) അന്തരിച്ചു.

**ചങ്ങനാശേരി:** ചെത്തിപ്പുഴ മാറാട്ടുകളം അന്നമ്മ ആന്റണി (92) അന്തരിച്ചു.

## കെ.ജെ. ജോൺ

**മേപ്രാൽ:** വിമുക്തഭടൻ കൊട്ടാരത്തിൽ കെ.ജെ. ജോൺ (പാപ്പച്ചൻ-85) അന്തരിച്ചു. ഭാര്യ: വെള്ളപ്പാറ മാവിളയിൽ അമ്മിണി ജോൺ. മക്കൾ: ഷൈനി, ബീന, റെനി (യുഎസ്). മരുമക്കൾ: റെജി (വയലത്തല), സിബി (മേപ്രാൽ), സജി (യുഎസ്).

**തിരുവല്ല:** മുത്തൂർ മണിസദനത്തിൽ ചന്ദ്രിക ചെല്ലപ്പൻ (70) അന്തരിച്ചു.

**അടൂർ:** ഗവ. ആശുപത്രി മുൻ സൂപ്രണ്ട് തറയിൽ ഡോ. സി. ജയിംസ് (83) അന്തരിച്ചു.

**ചങ്ങനാശേരി:** പെരിങ്ങുളം എസ്.ഡി. സെ. ജോസഫ്സ് പ്രൊവിൻസിലെ സിസ്റ്റർ അന്നാ മരിയ വരിക്കാനിക്കൽ (വി.എഫ്. അന്ന-77) അന്തരിച്ചു.

**പള്ളം:** കാഞ്ഞിരത്തുംമൂട്ടിൽ പാസ്റ്റർ കെ.ഒ. തോംസണിന്റെ ഭാര്യ ഏലിക്കുട്ടി തോംസൺ (60) മുംബൈയിൽ അന്തരിച്ചു.

**കപ്പാട്:** പുത്തൻപുരയ്ക്കൽ ലൂക്കാ വർക്കി (അപ്പച്ചൻ-74) അന്തരിച്ചു.

**കുന്നംകുളം:** കാഞ്ഞിരപ്പള്ളി ഇളപ്പുപാറയ്ക്കൽ കുടുംബാംഗവും കോഴിക്കോട് ദേവഗിരി കോളജ് ഫിസിക്സ് വിഭാഗം മുൻ മേധാവിയുമായ റിട്ട. പ്രഫ. ഇ.ജെ. തോമസ് (84) അന്തരിച്ചു.

**തൃശൂർ:** സിഎംസി നിർമല പ്രോവിൻസ് ചേറൂർ സെന്റ് സേവ്യേഴ്സ് മഠാംഗം സിസ്റ്റർ സെറിൻ (കൊച്ചുത്രേസ്യ-66) അന്തരിച്ചു.

## കെ.വി. രഘുനാഥൻ

**തൃശൂർ:** ശാസ്ത്രകേരളം എഡിറ്ററും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളും അധ്യാപകനുമായിരുന്ന കെ.വി. രഘുനാഥൻ (90) അന്തരിച്ചു. ഭാര്യ സരോജിനി. (കെഎസ്ഇബി റിട്ട. അക്കൗണ്ടന്റ്). മകൾ ശുഭ മീനാക്ഷി. മരുമകൻ: ഡോ. നരസിംഹൻ (ഇരുവരും യുഎസ്).

**മണിമല:** കുന്നുഭാഗത്ത് കാലായിൽ രാമദാസിന്റെയും ശ്യാമളയുടെയും മകൻ നെടുങ്കുന്നം ആർ.ശങ്കർ സ്മാരക എസ്.എൻ. കോളജ് അസി. പ്രഫ. ദിനു കെ. ദാസ് (33) അന്തരിച്ചു.

**പാലാ:** ഫെഡറൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ നെല്ലിയാനി കൊച്ചുകാക്കനാട്ട് കെ.ജെ. തോമസ് (72) അന്തരിച്ചു.

**കൈപ്പുഴ:** തേനാകര ഫിലിപ്പിന്റെ മകൻ ബിജുമോൻ ഫിലിപ്പ് (49) അന്തരിച്ചു.

**വെള്ളിയാമറ്റം:** കിഴക്കേപറമ്പിൽ മാത്യു ഐസക് (98) അന്തരിച്ചു.

**ന്യൂഡൽഹി:** മുൻ ഇന്ത്യൻ ക്രിക്കറ്റ്താരം അജയ് ജഡേജയുടെ അമ്മ ഷാൻ ജഡേജ (90) അന്തരിച്ചു.

## വി.എം. ഗോപാലകൃഷ്ണൻ

**കാഞ്ഞിരമറ്റം:** വടക്കേ നെടുമ്പിള്ളിൽ ആശാഭവൻ വി.എം. ഗോപാലകൃഷ്ണൻ (85) അന്തരിച്ചു. ഭാര്യ എം.കെ. ശാന്തകുമാരി. മക്കൾ: ആശ (യുഎസ്), അരുൺ. മരുമക്കൾ: ആനന്ദ് (യുഎസ്), രജനി (അദ്ധ്യാപിക).

## മേരിക്കുട്ടി മാത്യു

**നെടുങ്ങാടപ്പള്ളി:** മുതുതോട്ടത്തിൽ മേരിക്കുട്ടി മാത്യു (ചിന്നമ്മ-87) അന്തരിച്ചു. ഭർത്താവ്: എം.എം. മാത്യു. മക്കൾ: ബിജു, ബിന്ദു. മരുമക്കൾ: ലിസി, സോനു (എല്ലാവരും യുഎസ്).

**കുറിച്ചി:** നീലംപേരൂർ കൊച്ചുമുളന്തുരുത്തിൽ ജേക്കബ് കുര്യൻ (അനിയച്ചൻ-69) അന്തരിച്ചു.

**കുറ്റൂർ:** മസ്കറ്റ് ഡിഫൻസ് സർവീസ് റിട്ട. സിവിൽ എൻജിനീയർ പനച്ചയിൽ പി.സി. പുന്നൂസ് (86)അന്തരിച്ചു.

## സാലി മാത്യു



**തിരുവനന്തപുരം:** ഭിന്നശേഷിക്കാരുടെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെയും കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാൻ പ്രയത്നിച്ച മുൻ മാധ്യമ പ്രവർത്തക കോവളം തറയിൽ കടലോരത്ത് സാലി മാത്യു (91) അന്തരിച്ചു. ഭർത്താവ്: പന്തളം തുമ്പമൺ സ്വദേശി ടി.ജെ. മാത്യു. മക്കൾ: ജീന (ഇസ്രയേൽ), ക്രിസ്, ജോണി, ക്യാരി, ലാറി, ജെനു, ടോം, യാകു (എല്ലാവരും യുഎസ്). മരുമക്കൾ: സൂസൻ, സൂസൻ (സൂ), ജോഡി, ബോ, സോണിയോ, ജെറോം (എല്ലാവരും യുഎസ്).

**കൂടല്ലൂർ:** കല്ലുംതൊട്ടിയിൽ കെ.ജെ. സ്റ്റീഫൻ (72) അന്തരിച്ചു.

**ആർപ്പൂക്കര:** മെഡിക്കൽ കോളജ് പാലതടത്തിൽ (പള്ളികിഴക്കേതിൽ) ജോസ് തോമസ് (64) അന്തരിച്ചു.

**ആർപ്പൂക്കര:** കടൂർ വീട്ടിൽ പരേതനായ ചെല്ലപ്പ പണിക്കരുടെയും സുമാങി ചെല്ലപ്പന്റെയും മകൻ കെ.സി. ബിജുമോൻ (52) അന്തരിച്ചു.

**നെറ്റിത്തൊഴു:** വട്ടമല ആലീസ് ഫിലിപ്പ് (78) അന്തരിച്ചു.

**വെട്ടിമുകൾ:** മരോട്ടിക്കൽ മറിയാമ്മയുടെ (റിട്ട. അദ്ധ്യാപിക സെ. പോൾസ് വെട്ടിമുകൾ) മകൻ ക്രിസ്റ്റോ സേവ്യർ (ഷോബിൻ-48) അന്തരിച്ചു.

## ടി.സി. തോമസ്

**ചിങ്ങവനം:** ഐഎസ്ആർഒ റിട്ട. ഉദ്യോഗസ്ഥൻ തെക്കേകരോട്ട് ടി.സി. തോമസ് (തങ്കച്ചൻ-68) അന്തരിച്ചു. ഭാര്യ ഒളശ്ശ പാറേൽകുന്നുംപുറത്ത് സജിനി. മക്കൾ: നിതിൻ തോമസ് (യുഎസ്), സ്റ്റെനിൻ തോമസ് (ടിസിഎസ് ബെംഗ്ളൂരു). മരുമകൾ: ശില്പ (യുഎസ്).

**കോട്ടയം:** വാഴവേലിയിൽ പരേതരായ സാമുവൽ ചാക്കോയുടെയും കുഞ്ഞുമോളുടെയും മകൾ റിജുമോൾ (41) അന്തരിച്ചു.

**പാമ്പുഴ:** കിഴക്കേപ്പറമ്പിൽ കെ.ഐ. വർക്കി (ബേബി-75) അന്തരിച്ചു.

## എം.ടി. ഏബ്രഹാം

**തുമ്പമൺ:** ആറ്റുകടവിൽ മുളക്കിലേത്ത് എം.ടി. ഏബ്രഹാം (പാപ്പച്ചൻ-74) അന്തരിച്ചു. ഭാര്യ തുമ്പമൺ മേലേടത്ത് പരേതയായ സൂസമ്മ ഏബ്രഹാം. മക്കൾ: അന്ന ഏബ്രഹാം (യുഎസ്), അലോക് എ. തോമസ്. മരുമകൾ: രവി കിരൺ (യുഎസ്).

**കുമ്പനാട്:** കടപ്ര വലിയപറമ്പിൽ സജി കെ. തമ്പി (55) അന്തരിച്ചു.

**കട്ടപ്പന:** കട്ടപ്പന പഞ്ചായത്തിലെ ആദ്യകാല അംഗം മണിയങ്ങാട്ട് എ.ടി. ലൂക്കോസ് (91) അന്തരിച്ചു.

**ആനിക്കാട്:** സെ. മേരീസ് എച്ച്എസ് റിട്ട. അദ്ധ്യാപിക കൊല്ലാല ജോസ് വിലാസിൽ കെ.കെ. ത്രേസ്യാമ്മ (പൊന്നമ്മ -90) അന്തരിച്ചു.

**വയലാ:** ഐക്കരമ്പിൽ എൻ.ഡി. ജോസഫ് (ജോസ്-71) അന്തരിച്ചു.

**വൃന്ദാവനം:** കൊറ്റനാട് എസ്സിവി എച്ച്എസ് റിട്ട. അദ്ധ്യാപകൻ മറ്റത്തിൽ കോയിപ്പുറത്ത് എം.കെ. വേലായുധൻ നായർ (89) അന്തരിച്ചു.

## പൗളി ജോസഫ്

**പറവൂർ:** കച്ചേരിപ്പടി മുക്കത്ത് വീട്ടിൽ പൗളി ജോസഫ് (89) അന്തരിച്ചു. പള്ളിപ്പുറം കോട്ടപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: സ്റ്റാൻലി (ടിസിസി റിട്ട. ഉദ്യോഗസ്ഥൻ), റോയി (ഡോൺബോസ്കോ ആശുപത്രി റിട്ട. ഉദ്യോഗസ്ഥൻ), ഫ്രാൻസിസ് (ബിസിനസ്), സിറിൾ (റിട്ട. എസ്ഐ), റോബിൻ (യുഎസ്). മരുമക്കൾ: മേരി (റിട്ട. നേഴ്സ്), റോസ് മേരി (റിട്ട. അദ്ധ്യാപിക),ഷിന്നി, ജിജി, റൂബി (യുഎസ്).

**മണർകാട്:** തലപ്പാടി കാഞ്ഞിരത്തിൻമൂട്ടിൽ കെ.കെ. ഏലിയാമ്മ (പെണ്ണമ്മ-88) അന്തരിച്ചു.

**റാന്നി:** അബുദാബി ഗവ. വിമുക്തഭടനും കൊച്ചി വെൽകെയർ ആശുപത്രി റിട്ട അഡ്മിനിസ്ട്രേറ്ററുമായ തോട്ടമൺ തെക്കേതിൽ എം.ടി. ചെറിയാൻ (83) അന്തരിച്ചു.

## ഗിരിജ ഉണ്ണിക്കൃഷ്ണൻ

**ചെങ്ങമനാട്:** ചെങ്ങമനാട് നമ്പ്യാർമഠത്തിൽ ഗിരിജ (69) ബെംഗളൂരുവിൽ അന്തരിച്ചു. ഭർത്താവ്: പരേതനായ ഉണ്ണിക്കൃഷ്ണൻ. മക്കൾ: ഗിരീഷ് നമ്പ്യാർ (യുഎസ്), ഇന്ദു നമ്പ്യാർ (കൊൽക്കത്ത).

**മങ്കൊമ്പ്:** സാഹിത്യകാരനും ചലച്ചിത്ര ഗാനരചയിതാവുമായ പരേതനായ ബിയാർ പ്രസാദിന്റെ അമ്മ മായാ സദനത്തിൽ കല്യാണിക്കുട്ടിയമ്മ (85) അന്തരിച്ചു.

**പാമ്പാടി:** പിടിഎം ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക വെളിയംകുന്നത്ത് കെ. ഐശ്വര്യാമ്മ (86) അന്തരിച്ചു.

**കുമരകം:** കോട്ടയം ഈരയിൽകടവ് പനച്ചിപറമ്പിൽ പരേതനായ ഫിലിപ്സിന്റെ മകൾ ആലീസ് ഫിലിപ് (72) അന്തരിച്ചു.

**കളത്തിൽപടി:** വാഴൂർ അമ്പലത്തുങ്കൽ എ.എം. തോമസ് (77) അന്തരിച്ചു.

**വാകത്താനം:** റിട്ട. നേവൽ ഓഫീസർ ഞാലിയാകുഴി ചാലുങ്കൽ ടി.സി. ഏലിയാസ് (89) അന്തരിച്ചു.

## കെ. യോഹന്നാൻ

**നെടുമ്പന:** കയർഫെഡ് റിട്ട. ഉദ്യോഗസ്ഥൻ സുനിത് വില്ലയിൽ കെ. യോഹന്നാൻ (തങ്കച്ചൻ-76) അന്തരിച്ചു. മുഖത്തല എട്ടുവീട്ടിൽ കുനംകുഴി കുടുംബാംഗമാണ്. ഭാര്യ കൊട്ടാരക്കര കളിക്കൽ കുഞ്ഞുകുഞ്ഞമ്മ. മക്കൾ: ശുഭ കെ. ജോൺ, സുനിത് കെ. ജോൺ (യുഎസ്). മരുമക്കൾ: ജോബി ടി. തയ്യിൽ (സീനിയർ ഡെപ്യൂട്ടി മാനേജർ ഹിന്ദു, കൊച്ചി), ഡോ. മിനു സാറാ തോമസ് (യുഎസ്).

**തിരുവല്ല:** കുറ്റപ്പുഴ കീർത്തി നഗറിൽ കെ. മിനി (56) അന്തരിച്ചു.

**അതിരമ്പുഴ:** കോട്ടയ്ക്കുപുറം കൂർക്കകാലായിൽ പരേതനായ ജോസഫിന്റെ മകൻ സാബു ജോസഫ് (54) അന്തരിച്ചു.

**കൊഴുവനാൽ:** സെന്റ് ആൻസ് (പി രംഗിപുരം) സന്യാസിനി സഭാംഗമായ സിസ്റ്റർ എമിലി (ഏലിക്കുട്ടി-74) അന്തരിച്ചു.

**ചീരംചിറ:** ചെങ്ങരൂർ കിഴക്കേ പനച്ചിക്കൽ പൊയ്കയിൽ ഏലിക്കുട്ടി (96) അന്തരിച്ചു.

**ഇത്തിത്താനം:** റിട്ട. എക്സൈസ് ഇൻസ്പെക്ടർ ചമ്പുംചിറ പാറപ്പറമ്പിൽ ഐ.കെ. ശശിധരൻപിള്ള (78) അന്തരിച്ചു.

**മല്ലികശേരി:** അമ്പലവയൽ തെക്കേക്കുറ്റ് ദേവസ്യ വർക്കി (അപ്പച്ചൻ-95) അന്തരിച്ചു.

**പാമ്പാടി:** അസംബ്ലീസ് ഓഫ് ഗോഡ് പാമ്പാടി സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ ടി.കെ. ബേബി (73) അന്തരിച്ചു.

**കുറിച്ചി:** കുനിയാടത്ത് അന്നമ്മ ഉതുപ്പാൻ (88) അന്തരിച്ചു.

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**


# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**


**847-508-5405**

## ഉപകാരസ്മരണ




*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ




*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടി ചോദ്യം ചെയ്തതോടെ ഹേമചന്ദ്രനും ഹരീന്ദ്രനുമാണ് ചന്ദ്രബാബുവിനെ കൊന്നതെന്ന് വെളിവാകുന്നു. അന്നത്തെ ജീപ്പ് ഡ്രൈവർ കുഞ്ഞുമോനെയും പോലീസ് പിടികൂടി. പിടിക്കപ്പെടുമെന്നായതോടെ ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ ഒളിവിൽ പോകുന്നു...

## 102

അരീക്കര താമരക്കാട് റോഡിലൂടെ കാർ ഡ്രൈവ് ചെയ്തു പോകവേ കിഷോർ മുഖം തിരിച്ച് സോഫിയായെ നോക്കി. അതേസമയംതന്നെ അവളും നോക്കി.

'എന്നാ നോക്കുന്നെ' എന്ന് അവൾ ചോദിച്ചതും അതുതന്നെ അവൻ ചോദിച്ചതും ഒപ്പമായിരുന്നു. രണ്ടുപേർക്കും ചിരിവന്നു.

മിക്കപ്പോഴും ഇങ്ങനെതന്നെയാണ്.

രണ്ടുപേരും ഒരേസമയം ഒരേ കാര്യംതന്നെ ചിന്തിക്കും. നാവെടുത്ത് ഒരാൾ ഒരു കാര്യം പറയാൻ ഭാവിക്കുമ്പോഴേക്കും മറ്റെയാളും അതേ കാര്യംതന്നെ പറയും.

"നീയെന്താടീ സോഫീ ആലോചിച്ചു കൂട്ടുന്നെ... ടെൻഷനൊണ്ടോ?"

"പിന്നില്ലാണ്ട്? വീട്ടിലോട്ട് കിച്ചുവേട്ടന്റെ കൂടെ ചെല്ലുമ്പം ടെൻഷനില്ലാണ്ടിരിക്കോ?"

"എനിക്കു തോന്നുന്നത് കുര്യച്ചൻ ഇന്നു നിന്റെ മുട്ടുകാല് തല്ലിയൊടിക്കുമെന്നാ."

"അതിനുവേണ്ടിയാണല്ലോ കശാപ്പുശാലേലോട്ട് ആടിനെ കൊണ്ടുപോകുന്നപോലെ എന്നെ കൊണ്ടുവന്നേക്കുന്നെ."

"ഞാൻ നോക്കീട്ട് നിന്റെ ശല്യം ഒഴിവാക്കാൻ വേറൊരു മാർഗോം കണ്ടില്ല."

"എനിക്കു നല്ല സംശയംണ്ട് - ഒഴിവാക്കുവാനാണോന്ന്."

"അതു നല്ലതാ. സ്നേഹമുള്ളവരെ സംശയിക്കണം. എന്നാലേ നമ്മടെ കണ്ണും ചെവീം മനസ്സും അവരടെ ചുറ്റും കെടന്ന് കറങ്ങത്തൊള്ളൂ." കിഷോർ പറഞ്ഞു.

"അജ്ജോടീ... എനിക്കൊരു സംശയോം ഇല്ല കിച്ചുവേട്ടനെ. എനിക്കറിയാല്ലോ കിച്ചുവേട്ടന് എന്നെയാണു സംശയംന്ന്."

"നിന്നെ എന്തിനു സംശയിക്കുന്നു?"

"എന്നെ വേറെ വല്ലവരും ലൈനടിക്കോ, ഞാൻ കിച്ചുവേട്ടനെ വിട്ടിട്ട് വേറെയാരെയെങ്കിലും പ്രേമിക്കോന്നൊക്കെ..."

"പോടീ... നിന്നെ ആരു പ്രേമിക്കാനാ?"

"ഓർത്തോയിലെ ഒരു ജൂനിയർ ഡോക്ടർ എന്നെ കാണുമ്പം ചിരിക്കേം പേര് ചോദിക്കേം ഡ്യൂട്ടി ഏതു ഫ്ളോറിലാണെന്ന് അന്വേഷിക്കേം ഒക്കെ ചെയ്യാറൊണ്ട്."

"ഓർത്തോയാണോ? അവനോട് സ്വന്തം അസ്ഥി കേടാകാതെ സൂക്ഷിച്ചോളാൻ പറഞ്ഞേക്ക്."

അതുകേട്ട് സോഫിയ ചിരിച്ചു.

"അസൂയ... കുശുമ്പ്..."

"ബാക്കിയുള്ളവൻ കാട്ടുപൂച്ചയെ മെരുക്കിയെടുക്കുന്നപോലെ കഷ്ടപ്പെട്ട് ഇണക്കിക്കൊണ്ടുവരുമ്പം... വേറെ വല്ലവനും ഇടയ്ക്കു കേറിയാലൊണ്ടല്ലോ..."

കിഷോർ ഭീഷണിയുടെ ധ്വനിയിൽ നിർത്തി. സോഫിയാ എന്തോ ആലോചിച്ചിട്ട് ഒന്നു നെടുവീർപ്പിട്ടു പറഞ്ഞു:

"ഞാനെങ്ങനെ ഇതുപോലെ തലതിരിഞ്ഞു പോയെന്നാ... ഞാനെന്തു പാവമായിരുന്നു. പള്ളീപ്പോക്കും കുമ്പസാരോം കുർബാനേം നേർച്ചേം കൊന്ത നമസ്കാരോം ഒക്കെയായിട്ടു നടന്ന ഞാൻ... ആരേം പ്രേമിക്കാൻ തോന്നല്ലേന്ന് എന്നും മുട്ടിപ്പായിട്ട് പ്രാർഥിച്ചോണ്ടിരുന്ന ഞാൻ..."

"ഇപ്പോ നിനക്കെന്തു പറ്റി, നീ പിഴച്ചു പോയോ?" കിഷോറിനു ശുണ്ഠി കയറി.

"പിന്നില്ലേ... ഇതൊക്കെ ശരിയാണോ? വീട്ടുകാര് ആലോചിച്ചു കണ്ടുപിടിച്ചു തരുന്ന ചെറുക്കനെ കല്യാണം കഴിക്കേണ്ട ഞാൻ- പ്രേമം. അതും അന്യമതക്കാരനെ."

"നീ അന്യമതക്കാരനെ സ്നേഹിക്കുമ്പോ ഞാൻ അന്യമതക്കാരിയെ സ്നേഹിക്കുന്നു. അപ്പോ പകരത്തിനു പകരം ഒത്തു തീർന്നു."

"ഒത്തു തീർന്നെന്നോ - എങ്ങനെ?"

"അതായത് നീയൊരു തെറ്റ് ചെയ്യുന്നു. ഞാനും അതേ തെറ്റ് ചെയ്യുന്നു. അപ്പോ സംഗതി സോൾവായി."

"ഓ എന്റെ കിച്ചുവേട്ടാ... എന്നെ വട്ടുപിടിപ്പിക്കല്ലേ. ഇതെങ്ങനാ സോൾവാകുന്നെ?"

"ബാലൻസ് ഒന്നുമില്ലല്ലോ... ഒരു തെറ്റും അതേ മാതിരി വേറൊരു തെറ്റും കൂട്ടിയിടിച്ചു. രണ്ടും താഴെവീണു ചത്തു. സോ ഫയൽ ക്ലോസ്ഡ്."

സോഫിയ സ്വയം നെറ്റിക്കടിച്ചു.

"എന്റെ ദൈവമേ ഇതിനെക്കൊണ്ടു ഞാൻ തോറ്റു." കാർ വീടിനോട് അടുക്കാറായപ്പോൾ സോഫിയ ഡാഷ്ബോർഡിൽ കൈപ്പത്തിയിട്ടു തല്ലി... "നിർത്ത്... കിച്ചുവേട്ടാ ഇതെങ്ങോട്ടാ?"

കിച്ചു കാർ സ്ലോ ചെയ്തു.

"വീടെത്തി അല്ലേ... ഞാനറിഞ്ഞില്ല."

"വീടല്ല... നമ്മളാ എത്തിയത്..."

സോഫി തിരുത്തി.

"ആക്കല്ലേ മോളേ..." കിഷോർ കട്ടിങ്സൈഡിലേക്കു കാർ ഒതുക്കി നിർത്തി.

"കിച്ചുവേട്ടാ എനിക്ക് പേടിയാകുന്നു. എന്നാ പറയും പപ്പയോട്?"

"നമ്മളെന്താ വല്ല അനാശാസ്യോം കാണിച്ചോ ഇത്ര പേടിക്കാൻ?"

"അതാണോ പറഞ്ഞത്. ഈ കിച്ചുവേട്ടന്റെ ചെലപ്പഴത്തെ വർത്തമാനം..." സോഫിയ കണ്ണിൽ കുത്തുന്നപോലെ നോക്കി.

"എടീ, ഞാനില്ലേ നിന്റെ കൂടെ... പിന്നെന്താ?"

"അതാ എന്റെ പേടി."

"എന്നാ ഞാൻ കാറിലിരിക്കാം. നീ കേറിച്ചെല്ല്."

"അന്നേരം കാര്യങ്ങളൊക്കെ ആര് പറയും?"

"നീതന്നെ പറയണം പപ്പയോട്."

"എന്റെ ദൈവമേ എനിക്കു വയ്യ. ഞാനില്ല. പപ്പയെന്നെ കവളൻമടലെടുത്ത് അടിക്കും."

"ഇറങ്ങ്." കിഷോർ ആജ്ഞാപിച്ചു.

സോഫിയ ബാഗുമെടുത്ത് ഇറങ്ങി.

കാർ ലോക്ക് ചെയ്തു.

"വാ..." കിഷോർ മുൻപേ നടന്നു.

കട്ടിങ്സൈഡ് വെട്ടിപ്പൊഴിച്ചുണ്ടാക്കിയ ചെങ്കൽ പടികൾ കയറി. സോഫിയ ഉൾഭീതിയോടെ അവന്റെ പിറകെ ചെന്നു.

രണ്ടുപേരും വീട്ടുമുറ്റത്തെത്തി.

മുറ്റത്തെ വെയിലത്ത് മുറത്തിൽ കഴുകിയുണങ്ങാൻവെച്ച മല്ലി തൂത്തുകൂട്ടി ഒരു പ്ലാസ്റ്റിക് ജാറിലേക്കു വാരിവെക്കുകയായിരുന്ന വത്സമ്മ മകളെയും കൂടെ മുഖപരിചയമുള്ള യുവാവിനെയും കണ്ട് നിവർന്നു. ചെറിയൊരു അമ്പരപ്പിൽ രണ്ടുപേരെയും മാറിമാറി നോക്കി.

"മമ്മിക്ക് മനസ്സിലായില്ലേ? എന്റെ പേര് കിഷോർ. ഞാനിവിടെ രണ്ടുമൂന്നു തവണ വന്നിട്ടൊണ്ട്. ഞാനാ സോഫിക്ക് ആലുവയിൽ ജോലി ശരിയാക്കിക്കൊടുത്തത്."

"എനിക്കു മനസ്സിലായി. ഇപ്പം നിങ്ങളു രണ്ടുപേരുംകൂടെ എങ്ങനാ വന്നെ?"

"കാറിൽ വന്നു. സോഫിയുടെ പപ്പയില്ലേ ഇവിടെ?"

"ചോറുണ്ടിട്ട് കെടന്ന് ഒറക്കവാ... കുഞ്ഞിപ്പം അങ്ങ് പൊയ്ക്കോ. അങ്ങേര് കാണണ്ട. ഇവളെ കാറിലാ കൊണ്ടുവന്നു വിട്ടതെന്നൊക്കെ അറിഞ്ഞാ പുള്ളിക്കാരനു കലി കേറും."

"എനിക്കു കാണണം മമ്മീ. കുറച്ചു കാര്യങ്ങൾ സംസാരിക്കാനൊണ്ട്."

"അതിവള് പറഞ്ഞാപ്പോരെ?"

"പോരാ... ഞാൻ പറയേണ്ട കാര്യങ്ങളാ."

വത്സമ്മ സംശയത്തിൽ രണ്ടുപേരെയും മാറിമാറി നോക്കി.

"എന്തേലും കൊഴപ്പൊള്ള കാര്യാണോ മോനെ... അങ്ങേർക്ക് മൂക്കിന്റെ തുമ്പത്താ അരിശം. ദേഷ്യം വന്നാപ്പിന്നെ കണ്ണും മൂക്കും ഒന്നുമില്ല. കയ്യിൽ കിട്ടിയതുവെച്ച് തല്ലും."

"ഞാനും അങ്ങനെയാ മമ്മീ. എനിക്കു ദേഷ്യം വന്നാ ഞാൻ തോക്കെടുത്ത് വെടിവെക്കും. ആരാ എന്താന്നൊക്കെ പിന്നെയേ നോക്കൂ. പന്ത്രണ്ട് വെടിയുണ്ടയൊള്ള പിസ്റ്റലാ എന്റേത്." കിഷോർ ചെറുചിരിയോടെയാണു പറഞ്ഞത്. അതിനാൽ സംഗതി കഴമ്പുള്ളതാണോ തമാശയാണോ എന്നു വത്സമ്മയ്ക്കു തീർച്ചപ്പെടുത്താൻ പറ്റിയില്ല.

"പപ്പായെ ധൈര്യമായിട്ട് വിളിച്ചോ. ഇവളെ കാറിലാ കൊണ്ടുവന്നതെന്ന് ഞാൻ പറഞ്ഞോളാം. ചെലപ്പോ ഞാൻ കാറിൽത്തന്നെ ഇവളെ തിരിച്ചു കൊണ്ടുപോവുകേം ചെയ്യും."

KERALA EXPRESS

## നോവൽ

"എന്റെ ദൈവമേ എന്തൊക്കെയാണോ?" വിലാപസ്വരത്തിൽ പറഞ്ഞ് സോഫിയായെ മൂർച്ചയിലൊന്നു നോക്കി മുറവും ജാറു മെടുത്ത് വത്സമ്മ വീട്ടിലേക്കു കയറിപ്പോയി.

"പന്ത്രണ്ട് ബുള്ളറ്റൊള്ള തോക്കോ! അതെവിടെയാ?" സോഫിയ സ്വരം താഴ്ത്തി ചോദിച്ചു.

"അതൊക്കെ ഒണ്ട്. ആവശ്യം വന്നെങ്കിൽ മാത്രം എടുത്താൽ മതിയല്ലോ."

"ചുമ്മാ പറയുവാ... ഒന്നു കാണിച്ചേ..."

"ഇപ്പത്തന്നെ കാണണോ? അതിനാണോ നമ്മളിപ്പം ഇത്രേം ദൂരം കാറോടിച്ചു വന്നിരിക്കുന്നെ?" കിഷോർ കപടദേഷ്യത്തിൽ ചോദിച്ചതോടെ സോഫിയ ആ വിഷയം വിട്ടു.

"എന്നാ ഞാനങ്ങോട്ട് ചെല്ലട്ടെ."

"ങാ, ചെല്ല്." സോഫിയ ബാഗുമായി വീട്ടിനുള്ളിലേക്കു കയറിപ്പോയി. ബാഗ് അകത്തുവെച്ചിട്ട് അവൾ തിണ്ണയിലേക്കിറങ്ങി വന്നു.



"കേറിയിരിക്ക് കിച്ചുവേട്ടാ. പപ്പാ ഇപ്പം വരും."

"വന്നിട്ട് കേറിയിരുന്നോളാം." സോഫിയ വീണ്ടും അകത്തേക്കു പോയി.

കിഷോർ വീടിന്റെ ചുറ്റുപാടുകൾ നോക്കി. റബർ തോട്ടങ്ങളുടെയും പൈനാപ്പിൾ കൃഷിയുടെയും പച്ചപ്പാണ് നോക്കെത്താദൂരത്തോളം. ഓരോരോ കൃഷിയിടങ്ങൾ. അവയ്ക്കു നടുവിൽ വീടുകളും. ചുമച്ചു ശബ്ദമുണ്ടാക്കിക്കൊണ്ട് കുര്യച്ചൻ തിണ്ണയിലേക്കിറങ്ങി വന്നു. കിഷോറിനെ കണ്ട് ഒട്ടും രസിക്കാത്ത മട്ടിൽ ഏതാനും നിമിഷം നിന്നു.

"ഞാൻ കിഷോർ... മുൻപു വന്നിട്ടൊണ്ട്."

"നീയും വേറൊരുത്തനും കൂടിയല്ലേ അവൾടെ പോണ്ടിച്ചേരീലെ ജോലി കളയിച്ച് അവളെ ഇവിടെ കൊണ്ടുവിട്ടത്?"

"അതെ... പപ്പയ്ക്ക് നല്ല ഓർമയൊണ്ടല്ലോ."

"എന്നെ പപ്പാന്നു വിളിക്കാൻ ഞാൻ നിന്റെ തന്തയൊന്നുമല്ലല്ലോ. ചേട്ടാന്നു വിളിച്ചാ മതി."

"ഇതെന്താ ഒരു മാതിരി അന്തസ്സില്ലാത്ത സംസാരം. രാവിലെ കള്ളു കുടിച്ചോ?"

"കുടിച്ചാലെന്താ കുഴപ്പം?"

"ഞങ്ങൾ കാരണം സോഫീടെ ജോലി പോയെങ്കി ഞങ്ങള് തന്നെ പകരം വാങ്ങിക്കൊടുത്തില്ലേ?" കിഷോർ ചോദിച്ചു.

"അതുകൊണ്ടെന്നാ കാര്യം. പോണ്ടിച്ചേരീ കിട്ടിക്കൊണ്ടിരുന്ന ശമ്പളം ഇവിടെ കിട്ടുന്നൊണ്ടോ? ഇവിടുത്തെ ജോലിക്ക് എന്തേലും ഒറപ്പൊണ്ടോ? അതു മാത്രമല്ല, ആലുവായില് അവൾടെ കാര്യം നോക്കാനും പറയാനും ആരാ ഒള്ളത്? പോണ്ടിച്ചേരീല് കന്യാസ്ത്രീമാർക്ക് ഉത്തരവാദിത്തം ഒണ്ടാരുന്നു."

"ആലുവായിൽ സോഫീടെ കാര്യം നോക്കാൻ ഞാനൊണ്ട്. എനിക്ക് അവൾടെ കാര്യത്തിൽ ഉത്തരവാദിത്തോം ഒണ്ട്."

"എന്റെ മോൾടെ കാര്യത്തിൽ ഉത്തരവാദിത്തപ്പെടാൻ നീയാരാ?"

"ആ - അതുംകൂടെ പറയാനാ വന്നത്."

"നീ അവളെ കാറിൽ കേറ്റിക്കൊണ്ടാ വന്നതെന്നു പറയുന്ന കേട്ടു. അതു ശരിയാന്ന് നിനക്ക് തോന്നുന്നുണ്ടോ? നാട്ടുകാർ കണ്ടാ എന്നാ വിചാരിക്കും. ഏതോ ഒരുത്തൻ കാറേൽ കൊണ്ടു വന്നു- കൊണ്ടുപോകുന്നു. അവള് പെഴച്ചവളാണെന്നല്ലേ പറയത്തൊള്ളൂ."

"നാട്ടുകാർ പറഞ്ഞോട്ടെ. നമ്മളത് കണക്കാക്കണ്ട."

"അവളെ കൊള്ളാവുന്നൊരുത്തന്റെകൂടെ കല്യാണം കഴിപ്പിച്ച് വിടണ്ടേ. ദുഷ്പേരൊണ്ടാക്കിവെച്ചാ അവളെ കെട്ടാനാരെങ്കിലും വരുവോ?"

"ആരും വരണ്ട. കല്യാണം കഴിക്കണോ വേണ്ടയോ, ആരെ കല്യാണം കഴിക്കണം എന്നൊക്കെ അവളല്ലേ തീരുമാനിക്കേണ്ടത്?"

"അല്ല. അവളല്ല. ഞാനാ തീരുമാനിക്കുന്നെ."

"നല്ല തീരുമാനങ്ങളാണെങ്കി കൊഴപ്പമില്ല. മോശം തീരുമാനങ്ങളാണെങ്കി ഞാനത് തിരുത്തും. അതുകൂടെ പറയാനാ വന്നത്. സോഫിയാ ആലുവായിലെ ഹോസ്പിറ്റലിലുള്ള ജോലി ഉപേക്ഷിക്കാൻ പോകുവാ... ഈ മാസം കൂടിയേ ഒള്ളു."

"ജോലി ഉപേക്ഷിക്കാനോ? ആര് പറഞ്ഞിട്ട്?"

"ഞാനും സോഫീംകൂടി എടുത്ത തീരുമാനമാ. അടുത്തമാസം മുതൽ അവൾ ഐഇഎൽടിഎസ് പഠിക്കാൻ തുടങ്ങും. ആറു മാസത്തെ ട്രെയിനിങ്. പിന്നെ എക്സാം."

"അവള് അയ്യെൽടീസ് പഠിക്കാൻ പോണോ? അതിന് ശമ്പളം കിട്ടുവോ?"

"ശമ്പളം കിട്ടില്ലെന്നു മാത്രമല്ല, ഫീസ് കൊടുക്കുകേം വേണം. അതു സാരമില്ല. ഞാൻ നോക്കിക്കോളാം."

"ആറുമാസം ഈ കുടുംബം ആരു നോക്കും? റേഷൻ മേടിക്കണ്ടേ... എളേ പിള്ളാർക്ക് പഠിക്കണ്ടേ?"

"ചില്ലറ സഹായങ്ങളൊക്കെ ഞാൻ ചെയ്യാം. പപ്പാ കള്ളുകുടി കുറയ്ക്കേണ്ടി വരും. എങ്ങനെയെങ്കിലുമൊക്കെ കുറച്ച് പൈസ ഉണ്ടാക്കണം. എല്ലാരും ഒന്ന് അഡ്ജസ്റ്റ് ചെയ്യേണ്ടി വരും."

"അങ്ങനെ പഠിക്കാൻ പോയാ അവളെവിടെ താമസിക്കും? അതുംകൂടി നോക്കണ്ടായോ?"

"അതും ഞാൻ ഏർപ്പാട് ചെയ്തോളാം."

"അല്ല. ഇതെല്ലാം നീ ഏറ്റെടുത്ത് ചെയ്യുന്നത് എന്നാത്തിനാ? എന്നതാ നിന്റെ ഉദ്ദേശ്യം?"

"ഐഇഎൽടിഎസ് പാസായിക്കിട്ടിയാ നമുക്ക് സോഫിയെ കാനഡയിലോ യുകെയിലോ വിടാം. നല്ല ശമ്പളം കിട്ടും. അവൾക്ക് പാസ്പോർട്ടില്ലല്ലോ. അതുംകൂടി എടുക്കണം."

"എന്റെ മോൾടെ കാര്യം ഞാൻ തീരുമാനിക്കും. ഇനി ആലുവായിലെ ജോലിക്ക് അവളെ വിടണോ വേണ്ടയോ എന്നു തീരുമാനിക്കുന്നതും ഞാനാ. അവളെ അയ്യെൽടീസ് പഠിക്കാനും വിടുന്നില്ല, കാനഡായിലോട്ട് ജോലിക്കും വിടുന്നില്ല."

കുര്യച്ചൻ തുടർന്നു പറഞ്ഞു.

"വളരെ ആലോചിച്ചുവേണം ഇങ്ങനത്തെ തീരുമാനങ്ങളെടുക്കാൻ."

"എന്റെയൊരു പെങ്ങടെ മോള് ബോംബേലൊണ്ട്. എന്റെ മോളെ അങ്ങോട്ടു വിട്ടാ അവിടുത്തെ ആശുപത്രീന്ന് രൂപാ ഇരുപത്തയ്യായിരം വെച്ച് ശമ്പളം മേടിച്ചുതരാംന്ന് പറഞ്ഞിട്ടൊണ്ട്. ഞാനവളെ അങ്ങോട്ടു വിടാൻ പോകുവാ..."

"അതൊന്നും ശരിയാവത്തില്ല. ഇളയ കുട്ടികളെ പഠിപ്പിക്കുകേം വീടു പുതുക്കിപ്പണിയുകേം ഒക്കെ ചെയ്യേണ്ട ചുമതല നിങ്ങൾ സോഫീടെ തലേലോട്ട് വെച്ചുകൊടുത്തിരിക്കുവല്ലേ. ഇരുപത്തയ്യായിരം രൂപ ശമ്പളത്തിനു ജോലി ചെയ്താ എത്ര വർഷമെടുക്കും അവൾടെ കടമകൾ തീർക്കാൻ. ഒരു പത്തു പന്ത്രണ്ടു വർഷം വേണ്ടിവരില്ലേ. അപ്പോഴേക്കും അവൾക്കു വയസ്സ് മൂപ്പത്തഞ്ചാകും. അവൾക്കും വേണ്ടേ ഒരു ജീവിതം. അല്ലാതെ ഇങ്ങനെ കറവപ്പശുവായിട്ട് നിന്നാ മതിയോ?"

"ദേ... എന്റെ വീട്ടുമിറ്റത്ത് കേറിവന്ന് വേണ്ടാതീനം പറയല്ല്. ആരാ കറവപ്പശു? എന്റെ മോളെ ഞാൻ പഠിപ്പിച്ച് നേഴ്സാക്കിയത് ഇളയതുങ്ങടെ കണ്ണു തെളിച്ചു വിടാനും വേണ്ടീട്ടാ." കുര്യച്ചൻ ചെറഞ്ഞുനിന്നു.

"എന്നാ ഞാനൊരു കാര്യം അങ്ങോട്ടു പറയാം. ഒരു വർഷത്തിനുള്ളിൽ ഞാൻ സോഫിയെ യുകെയ്ക്ക് അല്ലെങ്കിൽ കാനഡായ്ക്ക് അയയ്ക്കും. രണ്ടു വർഷം അവളവിടെ ജോലിയും ചെയ്യും. ആ ശമ്പളം മുഴുവൻ അവൾ നിങ്ങൾക്ക് അയച്ചു തരും. ഈ കുടുംബത്തിന്റെ ന്യായമായ ആവശ്യങ്ങളൊക്കെ ആ പൈസകൊണ്ടു നടത്താൻ പറ്റും. അതു കഴിയുമ്പോ അവളെ എനിക്കു വിട്ടുതന്നേക്കണം."

"വിട്ടുതരാനോ? എന്റെ മകളെ? അതും നിനക്ക്? നീയാരാ? നിനക്കിതൊക്കെ പറയാനെന്നാ അവകാശം?"

"ഞാനവളെ കല്യാണം കഴിക്കാൻ തീരുമാനിച്ചു വെച്ചിരിക്കുവാ. അത്രേയൊള്ളൂ. വേറെ അവകാശമൊന്നും ഇല്ല." കുര്യച്ചൻ ഒന്നു നടുങ്ങി. വിശ്വാസം വരാത്തപോലെ കിഷോറിനെ നോക്കി.

"നീയെന്റെ മകളെ കല്യാണം കഴിക്കാനോ? നീയേതാ ജാതി? ഏതാ മതം? നീ ക്രിസ്ത്യാനിയാണോ? നീ പള്ളീപ്പോയിട്ടൊണ്ടോ? മാമോദീസാവെള്ളം നിന്റെ തലേൽ വീണിട്ടൊണ്ടോ?"

"ഞാൻ ഹിന്ദുവാ... നായരാണ്. ഈശ്വരവിശ്വാസം ഒണ്ട്. ജോലിയൊണ്ട്. വീടൊണ്ട്. കൊള്ളാവുന്ന കുടുംബമാ. ഈ ക്രിസ്ത്യാനീടെ പ്രശ്നമൊക്കെപ്പറഞ്ഞ് സോഫി എന്നെ ഒഴിവാക്കാൻ പതിനെട്ടടവും പയറ്റി നോക്കിയതാ. പക്ഷേ, അതുകൊണ്ടൊന്നും എന്നെ പിന്തിരിപ്പിക്കാൻ പറ്റിയില്ല. പിന്നെ, ഞങ്ങളൊന്നിച്ചിരുന്ന് ആലോചിച്ചും ചർച്ചചെയ്തും നോക്കിയപ്പോ വല്യ കുഴപ്പമില്ലാതെ ജീവിച്ചു പോകാംന്നു തോന്നി. കുറച്ചു വഴക്കും പ്രശ്നങ്ങളുമൊക്കെ ഒണ്ടാകും. എന്നാലും അഡ്ജസ്റ്റ് ചെയ്തു പോകാൻ പറ്റുമെന്നാ ഞങ്ങടെയൊരു കണ്ടെത്തൽ."

"എന്റെ മകളെ ഒരന്യമതക്കാരനു കെട്ടിച്ചു കൊടുക്കാൻ എനിക്കു മനസ്സില്ലെങ്കിലോ?" കുര്യച്ചൻ വെല്ലുവിളി ഉയർത്തി.

"ഇല്ലെങ്കി വേണ്ടെന്നേ..." കിഷോർ ചിരിച്ചു. "ഞങ്ങടെ ആഗ്രഹോം തീരുമാനോം തുറന്നു പറഞ്ഞെന്നേയുള്ളൂ. ഞാൻ തിരിച്ചു പോകുമ്പോ നിങ്ങള് പപ്പേം മമ്മീംകൂടെ സോഫിയെ വിളിച്ച് ഉപദേശിക്കണം- അവൻ അന്യമതക്കാരനല്ലേ... നമ്മള് ക്രിസ്ത്യാനികളല്ലേ... നമുക്കിങ്ങനെ ചെയ്യാൻ പാടുണ്ടോ? നാട്ടുകാരെന്തു പറയും, വീട്ടുകാരെന്തു പറയും, മനുഷ്യരുടെ മുഖത്ത് എങ്ങനെ നോക്കും, ഇളയ കുട്ടികളുടെ ഭാവിപോലും നശിച്ചുപോകില്ലേ... അതുകൊണ്ട് കുടുംബസ്നേഹം ഒണ്ടെങ്കി നീ ഇതീന്നു പിൻമാറണം. ഇതു നടന്നാ നിന്റമ്മേം ഞാനും പിന്നെ ജീവിച്ചിരിക്കില്ല- എന്നൊക്കെ പറഞ്ഞേക്കണം."

താൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യമാണല്ലോ ഈ പയ്യൻ പറയുന്നത് എന്നോർത്ത് കുര്യച്ചൻ അവനെ മിഴിച്ചു നോക്കി.

(ശേഷം 30-ാം പേജിൽ)

# മദർ തെരേസയുടെ കോട്ടയത്തെ അഭയഭവൻ അടച്ചു

കോട്ടയം: സ്ഥലസൗകര്യങ്ങളുടെ പരിമിതിമൂലം നിസ്സഹായരായതോടെ സ്നേഹവും പരിചരണവും നല്കി 50 വർഷമായി കോട്ടയത്ത് പ്രവർത്തിച്ചിരുന്ന മിഷനറീസ് ഓഫ് ചാരിറ്റി സന്യാസസമൂഹം അവരുടെ കോട്ടയത്തെ അഭയഭവൻ എന്ന കേന്ദ്രം അടച്ചു. അഭയഭവനിലെ 58 അന്തേവാസികളെ മറ്റ് സുരക്ഷയിടങ്ങളിലേക്ക് നേരത്തെ മാറ്റിയിരുന്നു. ഇതോടെ 1974-ൽ മദർ തെരേസ കോട്ടയത്ത് നേരിട്ടെത്തി കീഴുകുന്നിൽ തുറന്ന അഭയഭവനത്തിനാണ് പൂട്ട് വീണത്. ആയിരക്കണക്കിന് പേർക്ക് അഭയവും സംരക്ഷണവും നല്കിയ കോൺവന്റിൽ നിലവിലെ എട്ട് സന്യാസിനിമാർ യാത്രയായി. അഭയഭവൻ നടത്താനായി നല്കിയ കെട്ടിടത്തിന്റെ താക്കോൽ വിജയപുരം രൂപതയ്ക്കും കോൺവന്റിലേത് ഉടമസ്ഥർക്കും കൈമാറി.

മദർ തെരേസ ആദ്യമായി കോട്ടയത്ത് എത്തുമ്പോൾ കൊൽക്കത്തയിലെ ആശ്രമത്തിനു സമീപം താമസിച്ചിരുന്ന റബർവ്യാപാരി കഞ്ഞിക്കുഴി പാറമേൽ പി.എം. ജോസഫിന്റെ വീട്ടിലുമെത്തി. കോട്ടയത്ത് ഒരു വീട് കിട്ടിയാൽ കോൺവന്റും അഭയഭവനും തുടങ്ങാമെന്ന് മദർ തെരേസ പറഞ്ഞു. അങ്ങനെ കോട്ടയത്ത് സേവനം തുടങ്ങി. ഇപ്പോൾ കഞ്ഞിക്കുഴി കൽക്കട്ട വീട്ടിലുള്ള ജോസഫിന്റെ മകൾ എസ്ബിഐ റിട്ട. സീനിയർ അസി. ഫിലോമിന സൈമണും മകൻ അഡ്വ. ചാക്കോ സൈമണും മദറിന്റെ ഓർമ്മകൾ ഹൃദയത്തിലേറ്റുന്നു. കൊൽക്കത്തയിലെ കുട്ടിക്കാലം മുതൽ മദറുമായുണ്ടായിരുന്ന ബന്ധം അഭയഭവനിലൂടെ ഫിലോമിനയ്ക്കുണ്ട്.

# 3500–ലേറെ സ്കൂൾകുട്ടികളുടെ ആധാർ സംശയനിഴലിൽ

തിരുവനന്തപുരം: അധ്യാപക തസ്തിക സംരക്ഷിക്കാൻ വിദ്യാഭ്യാസ ഓഫീസുകളിലെ ചിലരും ചില സ്കൂളുകളും ഒത്തുകളിച്ചതിനെത്തുടർന്ന് 3,500-ലേറെ കുട്ടികളുടെ ആധാർ വിവരങ്ങൾ സംശയനിഴലിൽ. ജൂൺ 10-ന് ആറാം പ്രവൃത്തിദിനത്തിലെ കണക്കെടുപ്പ് പൂർത്തിയായപ്പോൾ ക്രമക്കേട് ബോധ്യമായതോടെ വിദ്യാഭ്യാസ വകുപ്പ് അന്വേഷണവും ആരംഭിച്ചു.

സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ ആധാർ വിവരങ്ങൾ അനധികൃതമായി എയ്ഡഡ് സ്കൂളിലേക്ക് കൈമാറിയായിരുന്നു ഒരു തട്ടിപ്പ്. അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് ടി.സി. കിട്ടാതിരിക്കുകയും സർക്കാർ-എയ്ഡഡ് സ്കൂളിൽ ചേരാൻ തടസ്സമുണ്ടാകുകയും ചെയ്താൽ അവരുടെ ആധാർ വിവരങ്ങൾ ഉൾപ്പെടെ സമ്പൂർണ പോർട്ടൽ വഴി വിദ്യാഭ്യാസ ഓഫീസർമാർക്ക് ഓൺലൈനായി കൈമാറ്റം ചെയ്യാം. ഇതിന് സ്കൂളിന്റെ അനുമതി വേണ്ട.

പല അൺ എയ്ഡഡ് സ്കൂളുകളും കുട്ടികളുടെ ആധാർ രേഖപ്പെടുത്തിയിട്ടില്ല. ഈ വിവരങ്ങൾ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കു കൈമാറിയും എണ്ണമൊപ്പിച്ചു. സമ്പൂർണ പോർട്ടൽവഴി ഓൺലൈനായാണ് ആധാർ വിവരങ്ങൾ രേഖപ്പെടുത്തുന്നതെങ്കിലും നടപടിക്രമങ്ങൾ വൈകിച്ചും കൃത്രിമം കാണിച്ചും വിദ്യാഭ്യാസ ഓഫീസുകളിലുള്ളവർ സ്കൂളുകൾക്ക് ഒത്താശ നൽകിയെന്നാണ് വിവരം. സാങ്കേതിക മേൽനോട്ടം വഹിക്കുന്ന 'കൈറ്റ്' സ്കൂളുകളുടെ പട്ടിക സഹിതമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് നൽകിയതിനെത്തുടർന്നാണ് അന്വേഷിക്കാനുള്ള തീരുമാനം.

കുറ്റമറ്റ രീതിയിൽ തസ്തികനിർണയം പൂർത്തീകരിക്കാനാണ് മന്ത്രി വി. ശിവൻകുട്ടിയുടെ നിർദേശം. ആധാറുള്ള കുട്ടികളെ മാത്രമേ തസ്തികനിർണയത്തിനു പരിഗണിക്കാവൂവെന്നാണ് കേരള വിദ്യാഭ്യാസ ചട്ടത്തിലെ നിബന്ധന.

# എൻ. അനിൽകുമാർ ലോകായുക്തയാകും

തിരുവനന്തപുരം: ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എൻ. അനിൽകുമാർ പുതിയ ലോകായുക്തയാകും. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, സ്പീക്കർ എ.എൻ. ഷംസീർ എന്നിവരടങ്ങിയ സമിതിയിൽ ഐകകണ്ഠ്യേനയാണ് തീരുമാനം. സ്ഥാനമൊഴിഞ്ഞ ജസ്റ്റിസ് സിറിയക് ജോസഫിനു പകരമാണ് നിയമനം. സമിതിയുടെ ശിപാർശ ഗവർണർ അംഗീകരിക്കണം. അഞ്ചു വർഷമാണ് കാലാവധി. തിരുവനന്തപുരം പുളിമാത്ത്



സ്വദേശിയായ ജസ്റ്റിസ് എൻ. അനിൽകുമാർ 2018 നവംബർ മുതൽ 2021 വരെ ഹൈക്കോടതി ജഡ്ജിയായിരുന്നു. ഹൈക്കോടതി രജിസ്ട്രാർ ജനറലുമായിരുന്നു. 1991-ൽ മുൻസിഫായി ജുഡീഷ്യൽ സർവീസിൽ കയറിയ അദ്ദേഹം മാവേലിക്കരയിൽ അഡീഷണൽ സെഷൻസ് ജഡ്ജിയായിരിക്കെ ഏറെകോളിളക്കം സൃഷ്ടിച്ച ചെറിയനാട് ഭാസ്കര കാരണവർ കൊലപാതകക്കേസിൽ റെക്കാർഡ് വേഗത്തിൽ വിധി പറഞ്ഞിട്ടുണ്ട്. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിയായിരിക്കെ പെരുമ്പാവൂരിലെ നിയമവിദ്യാർത്ഥിനിയുടെ കൊലപാതകക്കേസിൽ വിധി പറഞ്ഞതും ഇദ്ദേഹമാണ്. നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടും കൊല്ലം, കോട്ടയം എന്നിവിടങ്ങളൽ പ്രിൻസിപ്പൽ മുൻസിഫും എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടുമായി പ്രവർത്തിച്ചിട്ടുണ്ട്. സിബിഐ കോടതി ജഡ്ജി, കൊല്ലം മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ ജഡ്ജി തുടങ്ങിയ നിലകളിലും സേവനമനുഷ്ഠിച്ചു.

# നോവൽ

(29-ാം പേജിൽ നിന്നും)

"എന്നിട്ടും അവള് കേൾക്കാൻ തയാറാകുന്നില്ലെങ്കി കുടുംബക്കാരെയെല്ലാം വിളിച്ചു വരുത്തി അവളെ ബ്രെയ്ൻവാഷ് ചെയ്യണം..." കിഷോർ തുടർന്നു: "അതായത് നമ്മൾ പാരമ്പര്യ ക്രിസ്ത്യാനികളല്ലേ. നിനക്ക് സ്വർഗത്തിൽ പോകണ്ടേ, യേശുക്രിസ്തുവിന്റെ മുൻപിൽ ഇതു വല്യ പാപമല്ലേ, നിനക്കുണ്ടാകുന്ന കുഞ്ഞുങ്ങളെ ആരായിട്ട് വളർത്തും? ക്രിസ്ത്യാനിയായിട്ട് വളർത്താൻ പറ്റുവോ...? എന്റെ മോളേ, നീ അവനെയങ്ങ് മറന്നു കള. കുടുംബത്തിനു പേരുദോഷമുണ്ടാക്കല്ലേ- ഇങ്ങനെ മാറിമാറി ഒരു പത്തുപതിനഞ്ചു പേര് ദിവസോം ഉപദേശിക്കണം. ഒരാഴ്ച സമയം തരാം. എന്നിട്ടും സോഫീടെ മനസ്സു മാറുന്നില്ലെങ്കി അവളെ വിട്ടേക്കണം. തടങ്കലിൽ വയ്ക്കോ ദേഹോപദ്രവം ഏൽപിക്കോ ചെയ്താ നിങ്ങളു കുടുംബം മൊത്തം ജയിലിൽ കേറേണ്ടി വരും. അതിനുള്ള പണി ഞാൻ ചെയ്തു വെച്ചിട്ടൊണ്ട്." അതു കേട്ടതോടെ കുര്യച്ചൻ തെല്ലൊന്നമ്പരന്നു.

"ഞങ്ങള് പോണ്ടിച്ചേരീപ്പോയി, സോഫീടെ സഹായത്തോടെ അന്വേഷിച്ച കേസിന്റെ ഫലം കണ്ടോ? ഇന്നത്തെ പത്രം വായിച്ചിരുന്നോ? എല്ലാത്തിനേം അറസ്റ്റ് ചെയ്തു ജയിലിലാക്കി, കൊലപാതകക്കുറ്റത്തിന്."

സംഭവം ശരിയാണല്ലോന്ന് കുര്യച്ചൻ ഓർത്തു. കുര്യച്ചൻ രാവിലെ കടയ്ക്കു പോയപ്പോൾ ചായക്കടയിലിരുന്നു പത്രം വായിച്ചതാണ്.

"അപ്പോ എനിക്ക് പറയാനൊള്ളതൊക്കെ കഴിഞ്ഞു. ഞാൻ ഒരാഴ്ച കഴിയുമ്പോ സോഫിയെ വിളിക്കും. അവൾ ഐഇഎൽടിഎസ് പഠിക്കാൻ റെഡിയാണോന്നറിയാൻ. വിളിച്ചാ കിട്ടണം. കിട്ടിയില്ലെങ്കി പോലീസിനേം കൂട്ടി വരും. അവളെ തല്ലരുത്. തല്ലിയാ അതിന്റെ ഇരട്ടി തല്ലു കൊള്ളേണ്ടി വരും. ബാക്കി എന്തു വേണെങ്കിലും ആയിക്കോ."

സോഫിയ ജനാലയ്ക്കു പിന്നിൽ നിന്ന് എല്ലാം കേൾക്കുന്നുണ്ടായിരുന്നു. വത്സമ്മ വാതിൽക്കൽ നിൽപുണ്ട്. അവർ ഇടയ്ക്കിടെ മകളെ തുറിച്ചു നോക്കി. 'ഇതെല്ലാം നീയുംകൂടി അറിഞ്ഞോണ്ടല്ലേടീ' എന്നായിരുന്നു ആ നോട്ടത്തിന്റെ അർത്ഥം.

"ഞാനാദ്യം പറഞ്ഞപോലെ ചെയ്താ നിങ്ങൾക്കു തന്നെയാ നേട്ടം. നിങ്ങടെ ഫാമിലി രക്ഷപ്പെടും. എനിക്കും സോഫിക്കും ആശിച്ചപോലെ ജീവിക്കാനും സാധിക്കും. എന്നാ ഇനി ഞാൻ പൊയ്ക്കോട്ടെ."

കിഷോർ യാത്ര ചോദിച്ചു.

കുര്യച്ചൻ ദേഷ്യവും അന്ധാളിപ്പും ഭയവും എല്ലാം കൂടിക്കലർന്ന അവസ്ഥയിൽ നിൽക്കുകയാണ്.

"രണ്ടു കാര്യങ്ങൾ എപ്പഴും ഓർമ വേണം. ഒന്ന് അവളെ തല്ലരുത്. രണ്ട് അവളെ വിളിച്ചാ കിട്ടണം. അത്രേയുള്ളൂ. പോട്ടെ." എന്നിട്ട് കിഷോർ വാതിൽക്കലേക്കു നോക്കി.

"സോഫീ... ഒന്നിങ്ങോട്ടുവന്നേ..."

കിഷോർ വിളിച്ചു. സോഫിയ ഉടൻ ജനലരികിൽനിന്നു മാറി വാതിൽക്കലെത്തി. വത്സമ്മയെ പിടിച്ചു മാറ്റിയ ശേഷം പുറത്തേക്കിറങ്ങി.

"നിന്റെ പപ്പയോട് ഞാൻ കാര്യങ്ങളെല്ലാം വേണ്ടപോലെ പറഞ്ഞിട്ടൊണ്ട്. ആരെങ്കിലും ദേഹത്തു കൈവെച്ചാ പറഞ്ഞേക്കണം. ഹോസ്പിറ്റലിൽ വിളിച്ച് ഇന്നുതന്നെ ലീവ് മാർക്ക് ചെയ്യിക്കണം. അഞ്ചു ദിവസം. ഓക്കെ. പോവാണേ."

"ങാ, ശരി." കിഷോർ ഉടൻതന്നെ മുറ്റത്തുനിന്ന് റോഡിലേക്ക് ഇറങ്ങിപ്പോന്നു. അവൻ കാർ സ്റ്റാർട്ട് ചെയ്തു പോകുന്നതു നോക്കി സോഫിയ മുറ്റത്തു നിന്നു.

അപ്പോഴേക്കും വത്സമ്മ ഇറങ്ങി വന്നു.

"എന്താടീ അവൻ പറഞ്ഞിട്ടു പോയതിന്റെയൊക്കെ അർത്ഥം?" വത്സമ്മ ചീറി.

"മലയാളത്തിലാണല്ലോ പറഞ്ഞത്. മനസ്സിലായില്ലായിരുന്നോ?"

അത്രയും പറഞ്ഞിട്ട് സോഫിയ അകത്തേക്കു കയറിപ്പോയി. എന്തു ചെയ്യണമെന്നറിയാത്തപോലെ കുര്യച്ചൻ മുറ്റത്തുതന്നെ നിന്നു.

(തുടരും)

# കൃഷിവിശേഷങ്ങൾ

(22-ാം പേജിൽനിന്നും)

വാഴത്തൈ തന്നവൻ ഒരു മാസം കഴിഞ്ഞപ്പോൾ മുതൽ വിളി തുടങ്ങി. വാഴ കിളിച്ചോ, കുലച്ചോ തുടങ്ങിയ ചോദ്യങ്ങൾ. അയാൾ വീണ്ടും വിളിച്ചപ്പോൾ ഞാൻ നിരാശ കലർന്ന അരിശത്തിൽ പറഞ്ഞു:

"വാഴ കുലച്ചു
കുറച്ചു പഴുപ്പിച്ചു
കുറേ പുഴുങ്ങി.

ബാക്കിയുള്ളത് വറുത്ത് ഉപ്പേരിയാക്കി വെച്ചിരിക്കുകയാ, ഓണസദ്യയ്ക്കു വിളമ്പുവാൻ..."

അതോടുകൂടി ആ സുഹൃദ്ബന്ധത്തിനു തിരശ്ശീല വീണു.

"കണ്ണീരോടെ വിതയ്ക്കുന്നവൻ ആർഷോടെ കൊയ്യും" എന്നാണ് തിരുവചനമെങ്കിലും ഞാൻ ആർഷോടെ വിതച്ചത് കണ്ണീരോടെ പിഴുതുകളഞ്ഞു.

മതി മക്കളെ മതി.

ഇനി ഈ പണിക്കു ഞാനില്ല. ഓരോരുത്തർക്ക് ഓരോ പണി പറഞ്ഞിട്ടുണ്ട്. അതിനപ്പുറത്തേക്ക് കടന്നാൽ പണി കിട്ടും!

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA

MasterCard

DISCOVER




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**